بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ


വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 8

ലക്കം 13

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 മാർച്ച് 30/ ഹി.ശം 1402 അമാൻ 30/ ഹി:ഖ 1444 റമളാൻ 7


## അല്ലാഹുവിന്റെ വചനം

وَمَنۡ کَانَ مَرِیۡضًا اَوۡ عَلٰی سَفَرٍ فَعِدَّۃٌ مِّنۡ اَیَّامٍ اُخَرَ ؕ یُرِیۡدُ اللّٰہُ بِکُمُ الۡیُسۡرَ وَلَا یُرِیۡدُ بِکُمُ الۡعُسۡرَ ۫ وَلِتُکۡمِلُوا الۡعِدَّۃَ وَلِتُکَبِّرُوا اللّٰہَ عَلٰی مَا ہَدٰىکُمۡ وَلَعَلَّکُمۡ تَشۡکُرُوۡنَ (بقرۃ:186)

‘എന്നാൽ, നിങ്ങളാരെങ്കിലും (താൽക്കാലികമായി) രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം, ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല.(ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു.’(2:186)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നമ്മുടെ സയ്യിദും മൗലായും സ്വാദിഖും മസ്ദൂഖുമായ(സ)വരുടെ അനുഗൃഹീത നാവിൽ നിന്ന് വാഗ്ദാനം ചെയ്യപ്പെട്ട അതേ സ്വാദിഖും അമീനും മൗഊദുമാണ് ഞാൻ.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“എന്റെ ജമാഅത്തിൽ കാപട്യമില്ലെന്ന് എനിക്ക് പൂർണമായ വിശ്വാസമുണ്ട്. ഞാനുമായി ബന്ധമുണ്ടാക്കുന്നതിൽ അവരുടെ സൂക്ഷ്മബുദ്ധി തെറ്റു ചെയ്തിട്ടില്ല. അതുകൊണ്ട് ഏതൊരാൾ വരുന്നതിനു വേണ്ടിയാണോ വിശ്വാസപരമായ സൂക്ഷ്മബുദ്ധി കൂടിച്ചേരുന്നതിനുവേണ്ടി അഭിമുഖമായി തിരിഞ്ഞത് ആ വരേണ്ടുന്ന ആൾ വാസ്തവത്തിൽ ഞാൻ തന്നെയാണ്. അല്ലാഹു സാക്ഷിയാണ്. അറിയുന്നവനുമാണ്. നമ്മുടെ സയ്യിദും മൗലായും സ്വാദിഖും മസ്ദൂഖുമായ(സ)വരുടെ അനുഗൃഹീത നാവിൽനിന്ന് വാഗ്ദാനം ചെയ്യപ്പെട്ട അതേ സ്വാദിഖും അമീനും മൗഊദുമാണ് ഞാൻ. എന്നാൽ, ഞാനുമായി ബന്ധം സ്ഥാപിച്ചിട്ടില്ലാത്തവർ ഈ നിഅ്മത്തിൽനിന്ന് തടയപ്പെട്ടവരാണ്. സൂക്ഷ്മബുദ്ധി എന്നത് ഒരു കറാമത്ത് പോലെയാണ്. ഈ ഫറാസത്ത് എന്ന പദം ‘ഫ’ യ്ക്ക് അകാരമായിട്ടും ഇകാരമായിട്ടും വരുന്നുണ്ട്. ഇകാരത്തോടുകൂടി പറയുമ്പോൾ അതിന്റെ അർഥം കുതിരപ്പുറത്ത് കയറൽ എന്നാണ്. മുഅ്മിൻ സൂക്ഷ്മ ബുദ്ധിയോടുകൂടി തന്റെ ആത്മാവിന്റെ ചുറുചുറുക്കിൽ സഞ്ചരിക്കുന്നു. അല്ലാഹുവിൽനിന്ന് അവന് പ്രകാശം ലഭിക്കുന്നു. അതുമുഖേന അവൻ വഴി പ്രാപിക്കുന്നു. അതുകൊണ്ടാണ് നബി(സ)തിരുമേനി പറഞ്ഞത്, *ഇത്തഖൂ ഫറാസത്തിൽ മുഅ്മിനി ഫഇന്നഹൂ യൻളുറു ബി നൂരില്ലാഹി* മുഅ്മിനിന്റെ സൂക്ഷ്മബുദ്ധിയെ ഭയപ്പെടുക. കാരണം അവൻ അല്ലാഹുവിന്റെ പ്രകാശം കൊണ്ടാണ് നോക്കുന്നത്. നമ്മുടെ ജമാഅത്തിന്റെ സത്യമായ സൂക്ഷ്മബുദ്ധിയ്ക്കുള്ള വലിയ തെളിവ് അവർ അല്ലാഹുവിന്റെ പ്രകാശത്തെ തിരിച്ചറിഞ്ഞു എന്നതാണ്.”(മൽഫൂദാത്ത് വാള്യം 1, പേജ് 423, പ്രസാധനം 2018 ഖാദിയാൻ)

## തിരുനബിയുടെ തിരുമൊഴികൾ

### ക്ഷണിക്കപ്പെടാതെ ആരെങ്കിലും കൂടെ വന്നാൽ

(2081)ഹദ്റത്ത് അബൂമസ്ഊദ്(റ) പറയുന്നു: അബൂ ശുഅയ്ബ് എന്നു വിളിക്കപ്പെടുന്ന ഒരു അൻസ്വാരി വന്ന് തന്റെ കശാപ്പുകാരനായ അടിമയോടു പറഞ്ഞു: നീ അഞ്ചുപേർക്ക് മതിയാകുന്ന ഭക്ഷണം എനിക്കുവേണ്ടി തയ്യാറാക്കുക. അഞ്ചിൽ ഒരുവനായിക്കൊണ്ട് നബി(സ)തിരുമേനിയെ ക്ഷണിക്കാൻ ഞാനുദ്ദേശിക്കുന്നു. നിശ്ചയം വിശപ്പു ഞാൻ നബി(സ)തിരുമേനിയുടെ മുഖത്ത് ദർശിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം അവരെ വിളിച്ചു. നബി(സ)തിരുമേനിയുടെ കൂടെ ക്ഷണിക്കാത്ത ഒരാളും പുറപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, ഇദ്ദേഹം ഞങ്ങളെ അനുഗമിച്ചതാണ്. താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ അദ്ദേഹത്തിന് സമ്മതം നല്കുക. തിരിച്ചു പോകാനാണ് താങ്കളുദ്ദേശിക്കുന്നതെങ്കിൽ അദ്ദേഹം തിരിച്ചുപോകും. അദ്ദേഹം പറഞ്ഞു: ഞാൻ അയാൾക്ക് സമ്മതം നല്കിയിരിക്കുന്നു. തിരിച്ചുപോകേണ്ടതില്ല. (ബുഖാരി, വാള്യം 4, കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)

## ഒരുകാലത്ത് ഇസ്ലാം അവിശ്വാസത്തെ തിന്നിരുന്നുവെങ്കിൽ ഇന്ന് അവിശ്വാസം ഇസ്ലാമിനെ തിന്നുകയാണ്.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ഇബ്റാഹീമിലെ എട്ടാമത്തെ വചനമായ വഇദ് തഅദ്ദന റബ്ബുക്കും ലയിൻ *ശകറത്തും ല അസീദന്നക്കും വലയിൻ കഫർത്തും ഇന്ന അദാബീ ല ശദീദ്* എന്നതിനുള്ള വ്യാഖ്യാനത്തിൽ പറയുന്നു:

ഈ ആയത്തിൽ ഒരു മഹത്തായ നിയമം പറഞ്ഞിരിക്കുന്നു. അതായത് എല്ലാ അഭിവൃദ്ധികളും നന്ദിയുമായി ബന്ധപ്പെട്ടതാണ്. ശുക്ർ എന്നതിന്റെ അർഥം മുമ്പേ വിവരിക്കപ്പെട്ടതുപോലെ ഔദാര്യം അംഗീകരിക്കലും ഔദാര്യം ചെയ്യുന്നവനെ സ്തുതിക്കലുമാണ്. അല്ലാഹുവിനോടു നന്ദി കാണിക്കുക എന്നത് അവൻ നല്കിയിരിക്കുന്ന വസ്തുക്കൾ മനോഹരമായും സന്ദർഭത്തിനനുസരിച്ചും ഉപയോഗിക്കുക എന്നതാണ്. ആരെങ്കിലും നല്കിയിട്ടുള്ള വസ്തു ഉപയോഗിക്കാതെ, നല്കിയവനെ സ്തുതിച്ചു പറയുക എന്നത് വെറും വാക്കാലുള്ള സ്തുതിയായിരിക്കും. ശുക്ർ ആയിരിക്കുകയില്ല. ശുക്ർ ചെയ്യുന്നതിന് നിർബന്ധമായും ശരിയായ ഉപയോഗവും ശരിയായ ചെലവഴിക്കലുമുണ്ടാകണം. ഈ നിയമം എല്ലാ അഭിവൃദ്ധികളുടേയും ഫോർമുലയാണ്. അറിവ് ശരിയായ നിലയിൽ ഉപയോഗിക്കുകയാണെങ്കിൽ അത് തീർച്ചയായും വർധിക്കും. കണ്ണ്, കൈ, മൂക്ക്, ചേവി തുടങ്ങി എല്ലാ അവയവവും ശരിയായ നിലയിൽ ഉപയോഗിക്കുകയാണെങ്കിൽ അത് തീർച്ചയായും അഭിവൃദ്ധിപ്പെടുന്നതായിരിക്കും. ഇതൊരു പൊതുവെയുള്ള നിയമമാണ്. ഇതിൽ ഹിന്ദുവെന്നോ മുസ്‌ലിമെന്നോ ക്രിസ്ത്യാനിയെന്നോ ഉള്ള വ്യത്യാസമൊന്നുമില്ല. മുസ്‌ലിം ധനം ശരിയായ നിലയിൽ ഉപയോഗിക്കുന്നില്ലെങ്കിൽ അത് അധഃപതിക്കുന്നു. എന്നാൽ, ഹിന്ദു അത് ശരിയായ നിലയിൽ ഉപയോഗിക്കുന്നതുകൊണ്ട് അഭിവൃദ്ധിപ്പെടുന്നു.

ആത്മീയതയുടെ അവസ്ഥയും ഇതു തന്നെയാണ്. വിശുദ്ധഖുർആനിനെ തന്നെ നോക്കുക. മുസ്‌ലിമീങ്ങൾ അതിനെ ശരിയായ നിലയിൽ ഉപയോഗിച്ചിരുന്നപ്പോൾ വിജ്ഞാനങ്ങൾക്കും ബുദ്ധിപരമായ അറിവുകൾക്കും ക്രിസ്തുമതത്തിനും യഹൂദമതത്തിനും ഇസ്ലാം മതത്തെ നേരിടാൻ കഴിഞ്ഞില്ല. എന്നാൽ, ഇന്ന് വേദവും തൗറാത്തും ഇഞ്ചീലുമൊക്കെ ഓരോരുത്തരും മുമ്പിൽ സമർപിക്കുകയാണ്. മറുഭാഗത്ത് ബുദ്ധിപരമായ അറിവുകൾ അവരുടെ മേൽ ആക്രമണം നടത്തുന്നു. ഒരു കാലത്ത് ഇസ്ലാം അവിശ്വാസത്തെ തിന്നിരുന്നുവെങ്കിൽ ഇന്ന് അവിശ്വാസം ഇസ്ലാമിനെ തിന്നുകയാണ്. മുസ്‌ലിമീങ്ങൾത്തന്നെ ഇസ്ലാമിനെ സംബന്ധിച്ച് അതിലെ ഇന്ന കല്പന നടപ്പിൽ വരുത്താൻ പറ്റാത്തതാണെന്ന് പറയുമ്പോൾ അതിന്റെ ബാക്കി പിന്നെന്താണുള്ളത്. തങ്ങളുടെ കുറവുകൾ ഇസ്ലാമിലേക്ക് കുറിമാനമാക്കാതിരിക്കാൻ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് ബോധം നല്കുമാറാകട്ടെ. കർമങ്ങൾ അവർ സ്വയം ശരിയായ നിലയിൽ ചെയ്യുന്നില്ല. പക്ഷേ, ഫലത്തിന്റെ മോശമായവശം വിശുദ്ധഖുർആനോടു ചേർത്തു പറയുകയും ചെയ്യുന്നു.(തഫ്സീറെ കബീർ, വാള്യം 3, പേജ് 447, 2010 ഖാദിയാൻ എഡിഷൻ)

### നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


ജുമുഅ ഖുത്ബ 2023 ഫെബ്രുവരി 24 (സമ്പൂർണ തർജമ)

ജുമുഅ ഖുത്ബ 2023 ഫെബ്രുവരി 17 (മുൻ ലക്കത്തിൽ നിന്നും ബാക്കി തർജമ)



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

### ബദ്റിൽ പങ്കെടുത്തവർക്ക് പങ്കെടുക്കാത്തവരെക്കാൾ ശ്രേഷ്ഠതയുണ്ട് (ഹദ്റത്ത് അലി(റ))

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ ബദ്രി സ്വഹാബ ഹദ്റത്ത് ആമിർ ബിൻ റബീഅ(റ), ഹദ്റത്ത് ഹർറാം ബിൻ മിൽഹാൻ(റ), ഹദ്റത്ത് സഅ്ദ് ബിൻ ഖൗല(റ),ഹദ്റത്ത് അബുൽഹയ്ഥം ബിൻ അത്തയ്യിഹാൻ, ഹദ്റത്ത് ആസിം ബിൻ ഥാബിത്ത്(റ), ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫ്(റ), ഹദ്റത്ത് ഉമയ്ർ ബിൻ അബീവഖാസ്(റ), ഹദ്റത്ത് ഖുത്ബ ബിൻ ആമിർ എന്നിവരെ കുറിച്ചുള്ള ചില നിവേദനങ്ങളെ കുറിച്ചുള്ള വിവരണം.

ഹദ്റത്ത് ഹർറാം(റ) മുറിവിൽനിന്ന് വന്ന രക്തം കൈയിലെടുക്കുകയും തന്റെ മുഖത്ത് തേക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹു അക്ബർ! ഫുസ്തു വ റബ്ബിൽ കഅ്ബ. അല്ലാഹു അക്ബർ! കഅ്ബയുടെ നാഥനാണ! ഞാനെന്റെ ലക്ഷ്യം പ്രാപിച്ചു.

**ഈ ഖുത്ബയ്ക്കുശേഷം ബദ്രീ സ്വഹാബാക്കളെ കുറിച്ചു ഞാൻ വിവരിച്ചുവന്ന പരമ്പര അവസാനിക്കുന്നതാണ്.**

പാക്കിസ്താൻ, ബുർക്കിനാ ഫാസോ, അൽജീരിയ തുടങ്ങിയ രാജ്യങ്ങളിൽ വസിക്കുന്ന അഹ്മദികൾക്കുവേണ്ടി ദുആ ഇരക്കുകയും സ്വദഖ കൊടുക്കുകയും ചെയ്യാൻ ആഹ്വാനം.

മുഹമ്മദ് റശീദ് സാഹിബ് ശഹീദ് ജില്ല ഗുജ്റാത്ത്, അമാനി ബസ്സാം മജലാദി സാഹിബ, അസീസം സ്വലാഹ് അബ്ദുൽ മുയീൻ ഖുത്വയ്ശ് ഓഫ് ഇസ്കന്ദറൂൻ തുർക്കി, മുബല്ലിഗ് മഖ്സൂദ് അഹ്മദ് മുനീബ് സാഹിബ് കോയിട്ട പാക്കിസ്താൻ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 ഫെബ്രുവരി 24/1402 തബ്ലീഗ് 24**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

മുമ്പേ വിവരിച്ച് ചില ബദരീ സ്വഹാബാക്കളെ കുറിച്ച് ചില കാര്യങ്ങൾകൂടി ലഭ്യമായത് ഞാൻ അവതരിപ്പിച്ചിരുന്നു. മറ്റു ചില സ്വഹാബാക്കളേയും കുറിച്ച് ഇന്ന് വിവരിക്കുന്നതാണ്. ഇതോടെ ബദരീ സ്വഹാബാക്കളെ കുറിച്ചുള്ള പരമ്പര അല്ലെങ്കിൽ ഞാൻ വിവരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളവ അവസാനിക്കുന്നതാണ്.

ഹദ്റത്ത് ആമിർ ബിൻ റബീഅ(റ)യെ കുറിച്ച് വന്നിരിക്കുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് റബീഅ ബിൻ കഅ്ബ് ബിൻ മാലിക് ബിൻ റബീഅ എന്നായിരുന്നു. അദ്ദേഹത്തിൽനിന്ന് ചില നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. അബ്ഗുല്ലാഹ് ബിൻ ആമിർ ബിൻ റബീഅ തന്റെ മാതാവ് ഹദ്റത്ത് ഉമ്മു അബ്ദുല്ലാഹ് ലയ്ലാ ബിൻത് അബൂ ഹഥ്മയിൽനിന്ന് നിവേദനം. അവർ പറയുന്നു, ഞങ്ങൾ ഹബ്ശ അഥവാ അബീസീനയിലേക്ക് യാത്ര പുറപ്പെടുന്ന സമയമായിരുന്നു. ഞങ്ങളുടെ എന്തോ കാര്യത്തിന് ആമിർ ബിൻ റബീഅ എവിടെയോ പോയതായിരുന്നു. അപ്പോൾ അവിടെ ഹദ്റത്ത് ഉമർ(റ) വന്നു. അദ്ദേഹം അന്യാരാധകനായിരുന്നു സമയമായിരുന്നു അത്. അദ്ദേഹം എന്റെ മുന്നിൽ വന്നുനിന്നു. അദ്ദേഹത്തിൽനിന്ന് ഞങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകളും യാതനകളും സഹിക്കേണ്ടിവന്നിരുന്നു. ഹദ്റത്ത് ഉമർ(റ) എന്നോടു പറഞ്ഞു: അല്ലയോ ഉമ്മു അബ്ദുല്ലാഹ്! യാത്രയാകുകയാണോ? അതെ എന്ന് ഞാൻ പറഞ്ഞു. അല്ലാഹുവാണ! ഞങ്ങൾ ദൈവത്തിന്റെ ഭൂമിയിലേക്ക് പോകുകയാണ്. ഞങ്ങൾക്ക് അവൻ ഭൂമിയിൽ വിശാലത നല്കുമാറാകട്ടെ. നിങ്ങൾ ഞങ്ങളെ ഒരുപാട് ബുദ്ധിമുട്ടിച്ചു. ഞങ്ങൾക്കുമേൽ ഒരുപാട് ദ്രോഹം ചെയ്തു. അതു കേട്ടപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അല്ലാഹു നിങ്ങൾക്ക് സംരക്ഷണം നല്കുമാറാകട്ടെ.'

അവർ പറയുന്നു: 'ഹദ്റത്ത് ഉമറിന്റെ ശബ്ദത്തിൽ ഞാനൊരിക്കലും കേട്ടിട്ടില്ലാത്ത ഇടർച്ച അന്ന് കേൾക്കുകയുണ്ടായി.' ശേഷം ഹദ്റത്ത് ഉമർ അവിടെനിന്ന് പോയി. ഞങ്ങളുടെ യാത്ര അദ്ദേഹത്തെ വളരെ വിഷമിപ്പിച്ചിരുന്നു. അവർ പറയുന്നു: അപ്പോഴേക്കും ഹദ്റത്ത് ആമിർ തന്റെ ജോലി പൂർത്തിയാക്കി തിരിച്ചുവന്നു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: 'അല്ലോ അബ്ദുല്ലായുടെ പിതാവേ! അങ്ങ് ഇപ്പോൾ ഹദ്റത്ത് ഉമറിന്റെ ശബ്ദത്തിൽ ഇടർച്ചയും വിഷമവും കണ്ടുവോ? (അതേ കുറിച്ച് അവർ അദ്ദേഹത്തോടു പറഞ്ഞിട്ടുണ്ടാകും). ഹദ്റത്ത് ആമിർ പറഞ്ഞു: അദ്ദേഹം മുസ്ലിമാകണമെന്നാണോ നീ ആഗ്രഹിക്കുന്നത്? അതെ എന്ന് ഞാൻ പറഞ്ഞു. അതുകേട്ട് ഹദ്റത്ത് ആമിർ പറഞ്ഞു: ഖത്താബിന്റെ കഴുത ചിലപ്പോൾ മുസ്ലിമായെന്നു വരാം! എന്നാൽ, നീ ഇപ്പോൾ കണ്ട വ്യക്തിയുണ്ടല്ലോ അതായത് ഹദ്റത്ത് ഉമർ മുസ്ലിമാകുകയേയില്ല. ഹദ്റത്ത് ലയ്ലാ(റ) പറയുന്നു: ഹദ്റത്ത് ഉമറിന് ഇസ്ലാമിനോടുള്ള വിരോധവും കാർക്കശ്യവും കാരണത്താൽ ഹദ്റത്ത് ആമിർ(റ) നിരാശനായാണ് അപ്രകാരം പറഞ്ഞത്. (ഉസദുൽഗാബ, ഭാഗം 3, പേജ് 118, ആമിർ ബിൻ റബീഅ, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2003)(ഫളാഇലുസ്സഹാബ ലിഇമാം അഹ്മദ് ബിൻ ഹമ്പൽ ഭാഗം 1, പേജ് 279, ജാമിഉൽഖുറാ 1983)(അസ്സീറത്തുന്നബ് വിയ്യ ലി ഇബ്നി ഹിശാം ഭാഗം 1, പേജ് 370, ദാരുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരുമേനി ഞങ്ങളെ നല്ല യുദ്ധനടപടിക്ക്(സരിയ്യത്ത്)– ഇതിന്റെ പേര് അബ്ദുല്ലാഹ് ബിൻ ജഹ്ശ് യുദ്ധനീക്കം എന്നുമാണ്–ഈ ഗസ്വത്ത് ബദ്റിനെക്കാൾ മുമ്പേയുള്ളതാണ് അങ്ങോട്ടു അയച്ചു. ഞങ്ങളോടൊപ്പം ഹദ്റത്ത് അംറ് ബിൻ സുറാഖയുമുണ്ടായിരുന്നു. അദ്ദേഹം കൃശഗാത്രനും പൊക്കമുള്ള ആളുമായിരുന്നു. വഴിമധ്യേ അദ്ദേഹത്തിന് അസഹ്യമായ വിശപ്പുണ്ടായി. അക്കാരണത്താൽ അദ്ദേഹം വളരെ ക്ഷീണിതനായി. ഞങ്ങളോടൊപ്പം നടക്കാനുള്ള ത്രാണിയില്ലാതായി. മോഹാലസ്യപ്പെട്ടു. വിശപ്പിന്റെ കാഠിന്യാവസ്ഥയായിരുന്നു അത്. ഞങ്ങൾ ഒരു കല്ലിന്റെ കഷണമെടുത്ത് അദ്ദേഹത്തിന്റെ വയറ്റിൽവെച്ച് അരയിൽ മുറുക്കികെട്ടി. അതുകഴിഞ്ഞ് അദ്ദേഹം ഞങ്ങളോടൊപ്പം യാത്ര തിരിച്ചു. ഞങ്ങൾ ഒരു അറബ് ഗോത്രത്തിന്റെ അരികിലെത്തി. അവർ ഞങ്ങൾക്ക് ആതിഥ്യമരുളി. അതിനുശേഷം അദ്ദേഹം യാത്ര തുടർന്നു. എന്നിട്ടു പറഞ്ഞു: ഞാൻ മനസ്സിലാക്കിയിരുന്നത് മനുഷ്യന്റെ കാലുകളാണ് വയറിനെ താങ്ങുന്നതെന്നായിരുന്നു. എന്നാൽ, യഥാർഥത്തിൽ വയറാണ് കാലുകളെ താങ്ങുന്നത്."(മഅ്രിഫത്തുസ്സഹാബ, അല്ലാ അബൂ നയീം, ഭാഗം 1, പേജ് 2004–2005, അംറിൻ ബിന് സുറാഖ, ദാറുൽ വത്വൻ) (സീറത്തു ഖാത്തുമുന്നബിയ്യീൻ, സാഹിബ് സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 330) വിശപ്പുള്ളപ്പോൾ, പട്ടിണിയായാൽ, ബലഹീനയുണ്ടായാൽ മനുഷ്യനു നടക്കാൻ പോലുമാകില്ല.

ഹദ്റത്ത് അബൂഉമാമ വിവരിക്കുന്നു, നബി(സ)തിരുമേനി ഒരിക്കൽ ഹദ്റത്ത് ആമിർ ബിൻ റബീആയേയും ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫിനേയും ചാരപ്രവൃത്തിക്ക് അയച്ചു.(കൻസുൽഉമ്മാൽ ഭാഗം 4, പേജ് 470, ഹദീഥ് 11399, മുഅസ്സസ്ത്തുർരിസാല ബെയ്റത്ത് ലബ്നാൻ1985)

ഹിജ്റ വർഷം 8 ന് ദാത്തുസ്സലാസ്സിൽ യുദ്ധത്തിൽ ഹദ്റത്ത് ആമിർ ബിൻ റബീആ പങ്കെടുത്തിരുന്നു. അതിൽ അദ്ദേഹത്തിന്റെ കൈത്തണ്ടയിൽ അമ്പേറ്റു പരിക്കുപറ്റി.(സയ്റു ഇഅ്ലാമുന്നുബ് ലാഅ് സീറത്തുന്നബി, ഭാഗം 2, പേജ് 149, ഗസ്വ ദാത്തുസ്സലാസിൽ, അർരിസാലത്തുൽ ആലമിയ്യ 1985)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ തന്റെ പിതാവ് ഹദ്റത്ത് ആമിർ ബിൻ റബീആയിൽനിന്ന് നിവേദനം. ഒരിക്കൽ നബി(സ)തിരുമേനി ഒരു ഖബറിന്നരികിലൂടെ പോകുകയായിരുന്നു. ആ ഖബർ ആരുടേതാണെന്ന് നബി(സ)തിരുമേനി ചോദിച്ചു. ഇന്ന സ്ത്രീയുടേതാണെന്ന് ആളുകൾ പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ ഇക്കാര്യം എന്തുകൊണ്ട് എന്നെ അറിയിച്ചില്ല? അങ്ങു ഉറങ്ങുകയായിരുന്നുവെന്ന് ആളുകൾ പറഞ്ഞു. അങ്ങയെ ഉണർത്തുന്നത് ഉചിതമല്ലെന്ന് ഞങ്ങൾ കരുതി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, അങ്ങനെ ചെയ്യരുത്. ജനാസയ്ക്കായി എന്നെ വിളിച്ചുകൊള്ളുക.

തുടർന്ന് നബി(സ)തിരുമേനി അവിടെ ആളുകളെ സ്വഫ്ഫായി നിറുത്തി ജനാസ നമസ്കരിപ്പിച്ചു. (മുസന്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 24, പേജ് 443, ഹദീഥ് 15673, മുഅസ്സസ്ത്തുർരിസാല ബെയ്റുത്ത്) അവിടെ ഖബറിനുമേൽ.

അബ്ദുല്ലാഹ് ബിൻ ആമിർ നിവേദനം. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് ആമിർ ബിൻ റബീഅ പറഞ്ഞു, നബി(സ)തിരുമേനി ഞങ്ങളെ യുദ്ധത്തിന് പറഞ്ഞയക്കുമ്പോൾ ഞങ്ങളുടെ പക്കൽ പാഥേയമായി ഒരു സഞ്ചി ഈത്തപ്പഴമാണ് ഉണ്ടാകാറുള്ളത്. സൈന്യത്തിന്റെ അമീർ ഓരോ പിടി ഈത്തപ്പഴം എല്ലാവർക്കും വിതരണം ചെയ്യുമായിരുന്നു. പതുക്കെപ്പതുക്കെ ഒരു ഈത്തപ്പഴം മാത്രം ബാക്കിയാകും. പിന്നീട് അതും തീർന്നാൽ യാത്രയിലുടനീളം ഒരാൾക്ക് ഒരു ഈത്തപ്പഴം മാത്രമാണ് ലഭിക്കാറുണ്ടായിരുന്നത്. ഹദ്റത്ത് അബ്ദുല്ലാഹ്(റ)പറയുന്നു, ഞാൻ ചോദിച്ചു, പിതാവേ! ഒരു ഈത്തപ്പഴംകൊണ്ട് എന്താകാനാണ്? അതുകൊണ്ട് വയറു നിറയുമോ? അദ്ദേഹം പറഞ്ഞു, മകനേ! അങ്ങനെ പറയാൻ പാടില്ല. കാരണം അതുംകൂടി ഇല്ലാത്തപ്പോഴാണ് അതിന്റെ വില നമുക്ക് മനസ്സിലാകുക.(ഹുൽയത്തുൽഔലിയാഅ് വ ത്വബഖാത്തുൽ അസ്ഫിയാഅ്, ഭാഗം 1, പേജ് 179, ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ 1996) പട്ടിണി കിടക്കുന്നവരോടു ഒരു ഈത്തപ്പഴത്തിന്റെ വിലയെന്തെന്ന് ചോദിച്ചു നോക്കുക.

ഹദ്റത്ത് ഉമർ(റ) തന്റെ ഖിലാഫത്ത് കാലത്ത് ഖയ്ബർ പ്രദേശത്തുനിന്ന് യഹൂദന്മാരെ നാടുകടത്തിയപ്പോൾ വാദിയുൽ ഖുറായുടെ സ്ഥലം ചിലർക്കിടയിൽ വിതരണം ചെയ്തു. അവരിൽ ഹദ്റത്ത് ആമിർ ബിൻ റബീആയുമുണ്ടായിരുന്നു.(കിതാബു അഖ്ബാറു മദീനത്തുന്നബ് വിയ്യ, അബൂ സയ്ദ് ഉമർ ബിൻ ശുബ്ബ, വാള്യം 1, പേജ് 181, അംറു ഖയ്ബർ പ്രസാധനം ദാറുൽഉൽയാൻ) ഹദ്റത്ത് ഉമർ ഡമാസ്കസിന്റെ പ്രാന്തപ്രദേശമായ ജാബിയയിലേക്ക് പുറപ്പെട്ടപ്പോൾ ഹദ്റത്ത് ആമിർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഒരു നിവേദനപ്രകാരം ഹദ്റത്ത് ഉമറിന്റെ പതാക ഹദ്റത്ത് ആമിന്റെ കൈയിലായിരുന്നു. അതുപോലെതന്നെ ഹദ്റത്ത് ഉഥ്മാൻ(റ) ഹജ്ജിന് പോയപ്പോൾ ഹദ്റത്ത് ആമിനെയാണ് തന്റെ പ്രതിനിധിയായി നിശ്ചയിച്ചത്.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാള്യം 3, പേജ് 469, ആമിർ ബിൻ റബീആ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1995)(മുഅ്ജമുൽബുൽദാൻ, വാള്യം 2, പേജ് 91, അൽജാബിയ എന്ന പദം, ദാറു സ്വാദിർ ബെയ്റുത്ത് ലബ്നാൻ)(സയ്റു ഇഅ്ലാമുന്നുബുലാഅ് വാള്യം 2, പേജ് 334, ആമിർ ബിൻ റബീആ, അർരിസാലത്തുൽ ആലമിയ്യ 1985) തദ്ദേശ അമീറായി നിശ്ചയിച്ചത്.

ഹദ്റത്ത് ആമിർ ബിൻ റബീആയുടെ വഫാത്തിനെ കുറിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. ചിലരുടെ അഭിപ്രായത്തിൽ ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വഫാത്തായത്. ചിലർ ഹിജ്റ വർഷം 32–ൽ എന്നും ചിലർ ഹിജ്റ 33–ലെന്നും പറയുന്നുണ്ട്. ചിലർ പറയുന്നത് ഹിജ്റ 36 ലെന്നും ചിലർ 37 ലെന്നും പറയുന്നു. അല്ലാമ ഇബ്നു അസാക്കിർ ഹിജ്റ 32 ന്റെ നിവേദനമാണ് കൂടുതൽ ശരിയായി മനസ്സിലാക്കുന്നത്.(താരീഖ് ദിമിശ്ഖുൽകബീർ, ഇബ്നു അസാക്കിർ, ഭാഗം 27, പേജ് 229, ആമിർബിൻ റബീആ, ദാറു അഹ്യാത്തുറാഥുൽഅറബി, ബെയ്റുത്ത് ലെബനാൻ 2001)

അദ്ദേഹത്തിന്റെ വഫാത്തിനെക്കുറിച്ച് നിവേദനമുള്ളത് ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ശഹാദത്തിനു ശേഷം ഇദ്ദേഹവും സ്വന്തം വീട്ടിൽത്തന്നെ മുഴുവൻ സമയവും കഴിച്ചുകൂട്ടുമായിരുന്നുവെന്നാണ്. ജനങ്ങൾക്ക് അദ്ദേഹത്തെ കുറിച്ച് ഒരു വിവരവുമുണ്ടായിരുന്നില്ല. ഏതുവരെയെന്നാൽ അദ്ദേഹത്തിന്റെ ജനാസപോലും ആ വീട്ടിൽനിന്ന് പുറത്തുവന്നപ്പോഴാണ് അദ്ദേഹം മരിച്ചുവെന്ന് അവർ അറിഞ്ഞത്.(അത്ത്വബഖാത്തുൽ കുബ്റാലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 296, ആമിർബിൻ റബീആ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്, ലബനാൻ 1990)

അബ്ദുല്ലാഹ് ബിൻ ആമിർ(റ) തന്റെ പിതാവ് ആമിർ ബിൻ റബീആയിൽനിന്ന് നിവേദനം. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഒരാൾ ബനൂഖസാറായിലെ ഒരു സ്ത്രീയെ രണ്ട് പാദസ്വരം ഹഖ് മഹറായി നിശ്ചയിച്ച് വിവാഹം നിക്കാഹ് ചെയ്തു. നബി(സ)തിരുമേനി ആ നിക്കാഹ് അനുവദനീയമെന്ന് വിധിച്ചു. അതായത് ഇത്തരം നിസ്സാരമായ ഹഖ് മഹ്റും അംഗീകരിച്ചു. അബ്ദുല്ലാഹ് ബിൻ ആമിർ(റ) തന്റെ ഹദ്റത്ത് ആമിർ ബിൻ റബീആയിൽനിന്ന് നിവേദനം. അദ്ദേഹം നബി(സ)തിരുമേനി യാത്രയിൽതന്നെ ഒട്ടകപ്പുറത്ത് നബി(സ)തിരുമേനി നഫ്ൽ നമസ്കരിക്കുന്നത് കണ്ടു. ഒട്ടകം നബി(സ)തിരുമേനിയേയും വഹിച്ചുകൊണ്ടുപോകുന്ന ദിക്കിലേക്ക് തന്നെയായിരുന്നു നബി(സ)തിരുമേനി ഖിബ്ലയാക്കിയിരുന്നത്. അതായത് യാത്രാവാഹനത്തിന്റെ മുഖം ഏതു ദിശയിലേക്കാണോ അതിലേക്കുതന്നെ മുഖം തിരിച്ച് നമസ്കരിക്കുന്നത് അനുവദനീയമാണ്.

ഹദ്റത്ത് ആമീർ ബിൻ റബീഅ നിവേദനം. ഞാൻ ഒരു ഇരുൾമുറ്റിയ രാത്രിയിൽ നബി(സ)തിരുമേനിയോടൊപ്പം യാത്രയിലായിരുന്നു. ഞങ്ങൾ ഒരു സ്ഥലത്ത് ഇറങ്ങിയപ്പോൾ ഒരാൾ കല്ലുകൾ പെറുക്കികൂട്ടി നമസ്കാരത്തിന് സ്ഥലമുണ്ടാക്കി അവിടെ നമസ്കരിച്ചു. നേരം വെളുത്തപ്പോഴാണ് ഞങ്ങളുടെ ഖിബ്ല മാറിപ്പോയി. അഥവാ മുഖം തിരിച്ചത് ഖിബ്ലയിലേക്കായിരുന്നില്ലെന്ന് മനസ്സിലായത്. ഞങ്ങൾ നബി(സ)തിരുമേനിയോടു ചോദിച്ചു, യാ റസൂലല്ലാഹ്! ഞങ്ങൾ രാത്രി ഖിബ്ല മാറി നമസ്കരിച്ചു. അപ്പോൾ അല്ലാഹു ഇപ്രകാരം ആയത്തിറക്കി, *വലില്ലാഹിൽ മശ് രിഖു വൽ മഗ് രിബു ഫ അയ്നമാ തുവല്ലൂ ഫഥമ്മ വജ്ഹുല്ലാഹി*(2:116) അതായത് കിഴക്കും പടിഞ്ഞാറും അല്ലാഹുവിനുള്ളതാണ്. നിങ്ങൾ ഏവിടേക്ക് മുഖം തിരിച്ചാലും അല്ലാഹുവിന്റെ ഉജ്ജ്വലതേജോവിലാസം കാണുന്നതാണ്. അതായത് അബദ്ധവശാൽ ഖിബ്ല മാറിപ്പോയാൽ പ്രശ്നമൊന്നുമില്ല. നബി(സ)തിരുമേനി ഈ വചനം അവർക്കു ചൊല്ലിക്കൊടുത്തതായാലും അപ്പോൾത്തന്നെ ഇറങ്ങിയതാകണമെന്നില്ല. ഹദ്റത്ത് ആമിർ ബിൻ റബീഅ വിവരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: ആരാണോ എനിക്കുമേൽ ഒരു തവണ സ്വലാത്തു ചൊല്ലുന്നത് അല്ലാഹു അയാളുടെ മേൽ 10 സ്വലാത്ത് ചൊല്ലുന്നതാണ്. ഇനി നിങ്ങളുടെ ഇഷ്ടമാണ് സ്വലാത്ത് കുറച്ചോ കൂടുതലോ ചൊല്ലുകയെന്നത്.

മറ്റൊരു നിവേദനം ഇപ്രകാരമാണ്. ഹദ്റത്ത് ആമിർ ബിൻ റബീഅയിൽനിന്ന് നിവേദനം. നബി(സ) തിരുമേനി പറയുകയുണ്ടായി. ഏതെങ്കിലും ദൈവദാസൻ എനിക്കുമേൽ ദൈവരക്ഷയ്ക്കായി ദുആ ചെയ്യുമ്പോൾ ആ അവസ്ഥ മാറുംവരെ മലക്കുകൾ അവന്റെ ദൈവരക്ഷയ്ക്കുവേണ്ടി ദുആ ചെയ്യുന്നതാണ്. ഇനി ദൈവദാസനു തീരുമാനിക്കാം വേണമെങ്കിൽ എനിക്കുമേൽ സ്വലാത്തു ചൊല്ലുന്നത് വർധിപ്പക്കാം വേണമെങ്കിൽ അതു കുറയ്ക്കുകയുമാകാം.

അടുത്ത വിവരണം ഹദ്റത്ത് ഹർറാം ബിൻ മിൽഹാനെ കുറിച്ചാണ്. ഹദ്റത്ത് ഹർറാം ബിൻ മിൽഹാനെ സംബന്ധിച്ച് വന്നിരിക്കുന്നു. അദ്ദേഹത്തിന്റെ സന്താന പരമ്പര തുടർന്നിരുന്നില്ലെന്നാണ് രേഖപ്പെട്ടിട്ടുള്ളത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ത്വൽഹായിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു, ഹദ്റത്ത് അനസ് എന്നോടു ഇപ്രകാരം വിവരിച്ചു: നബി(സ)തിരുമേനി തന്റെ അമ്മാവനും ഉമ്മുസുലയ്മിന്റെ സഹോദരനായ ഹ്ദറത്ത് ഹർറാം ബിൻ മിൽഹാൻനെ 70 കുതിരപ്പടയാളികളോടൊപ്പം ബനൂ ആമിർ ഗോത്രത്തിലേക്ക് യുദ്ധത്തിന് അയച്ചു. ആമിർ ബിൻ ത്വുഫയ്ലായിരുന്നു മുശ്രിക്കീങ്ങളുടെ തലവൻ. അയാൾ നബി(സ) തിരുമേനിയ്ക്കു മുമ്പാകെ മൂന്നു കാര്യങ്ങൾ അവതരിപ്പിച്ച് ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടു. നഗരവാസികൾ താങ്കളുടെ അധീനതയിലും ഗ്രാമവാസികൾ എന്റെ അധീനതയിലും വരണം. അല്ലെങ്കിൽ ഞാൻ താങ്കളുടെ വഫാത്തിനുശേഷം ഖലീഫയാകും. അല്ലെങ്കിൽ ഗത്ഫാനിലെ രണ്ടായിരമാളുകളോടൊപ്പം ഞാൻ താങ്കളെ ആക്രമിക്കുന്നതാണ്. ആമിർ ഏതോ ഒരു സ്ത്രീയുടെ വീട്ടിൽ പ്ലേഗ് ബാധിച്ച് കിടപ്പിലായിരുന്നു. അയാൾ പറഞ്ഞു: ആലേ സുലൂലിന്റെ ഒരു സ്ത്രീയുടെ വീട്ടിലെ ഒട്ടകത്തിന് പിടിപെട്ടിരിക്കുന്ന മുഴവീക്കമുണ്ടാകുന്ന രോഗം തന്നെയാണിതും. എനിക്കുപോകാൻ എന്റെ കുതിരയെ കൊണ്ടുവരിക. അങ്ങനെ അയാൾ കുതിരസവാരി ചെയ്യവേ അതിന്റെ പുറത്തുതന്നെ മരണപ്പെട്ടു. പര്യവസാനം ഇയാളുടെ അന്ത്യമെങ്ങനെയായിരുന്നുവെന്ന് ഈ നിവേദനത്തിന്റെ തുടക്കത്തിൽത്തന്നെ വന്നിരിക്കുന്നു. തുടർന്ന് ഈ നിവേദനത്തിൽ അദ്ദേഹത്തിന്റെ ഗോത്രത്തെ കുറിച്ചും പരമർശിക്കുന്നുണ്ട്. അതുപോലെ അതിൽ മറ്റൊരു സംഭവവും ഇപ്രകാരം വിവരിച്ചിട്ടുണ്ട്. ഹദ്റത്ത് ഉമ്മുസുലയിമിന്റെ സഹോദരൻ ഹദ്റത്ത് ഹർറാം ബിൻ മിൽഹാൻ ഒരു ഞൊണ്ടിയും ആ ഗോത്രത്തിലെ മറ്റൊരു വ്യക്തിയുമായി ബനൂ ആമിർ ഗോത്രത്തിൽ പോയി. ഹർറാം അവരിരുവരോടും പറഞ്ഞു, നിങ്ങളിവിടെ അടുത്തുതന്നെ നില്ക്കുക. ഞാൻ ഇവരുടെ അടുത്തു പോകുകയാണ്. എനിക്ക് ഇവർ സംരക്ഷണം നല്കിയാൽ നിങ്ങളും മുന്നോട്ടു വരിക. ഇനി ഇവർ എന്നെ വധിക്കുകയാണെങ്കിൽ തിരിച്ചുപോയി നിങ്ങളുടെ സംഘത്തോടു കാര്യം പറയുക. ഹദ്റത്ത് ഹർറാം, ആമിറിന്റെ പക്കൽ ചെന്നു ചോദിച്ചു. നബി(സ)തിരുമേനിയുടെ സന്ദേശം നിങ്ങളിലെത്തിക്കാൻ താങ്കൾ എനിക്ക് സംരക്ഷണം നല്കുമോ? അത്രയും പറഞ്ഞ് അദ്ദേഹം കാര്യങ്ങൾ വിവരിക്കാൻ തുടങ്ങി. ആഗോത്രക്കാരിൽ ചിലർ ഒരാളോടു ആംഗ്യം കാണിച്ചു. അയാൾ അദ്ദേഹത്തിന്റെ പിറകുവശത്തൂടെ വന്ന് ഒരു കുന്തംകൊണ്ട് മിന്നൽ ആക്രമണം നടത്തി. അത് അദ്ദേഹത്തിന്റെ ശരീരത്തിൽ തുളച്ചുകയറി പുറത്തുവന്നു.

ഹദ്റത്ത് ഹർറാം(റ) മുറിവിൽനിന്ന് ഒഴുകിയ രക്തം കൈയിലെടുത്ത് മുഖത്തു പുരട്ടിക്കൊണ്ടു പറഞ്ഞു: *'അല്ലാഹു അക്ബർ ഫുസ്തു വ റബ്ബിൽ കഅ്ബ.'* അല്ലാഹുവാണ് വലിയവൻ കഅ്ബയുടെ നാഥനാണ് ഞാനെന്റെ ലക്ഷ്യം പ്രാപിച്ചിരിക്കുന്നു

ശേഷം അക്കൂട്ടർ രണ്ടാമത്തെ വ്യക്തിയെ പിന്തുടർന്ന് വധിച്ചു. അതുകഴിഞ്ഞ് ഖുർആൻ അഭ്യസിച്ച് ഖാരികളെ എല്ലാവരേയും വധിച്ചു. ആ വികലാംഗൻ പർവതശിഖരത്തിൽ പോയതിനാൽ രക്ഷപ്പെട്ടു. അക്കാര്യം അല്ലാഹു നമുക്ക് ആയത്തായി അവതരിപ്പിച്ചുതന്നു. അങ്ങനെ അദ്ദേഹത്തിന്റെ ജീവിതത്തിന് തിരശ്ശീല വീണു. ആയത്ത് ഇപ്രകാരമായിരുന്നു. ഞങ്ങളുടെ ഭാഗത്തുനിന്ന് ഞങ്ങളുടെ ജനതയോടു പറയുക, ഞങ്ങൾ ഞങ്ങളുടെ നാഥനെ കണ്ടുമുട്ടിയിരിക്കുന്നു. അവൻ ഞങ്ങളിൽ സംപ്രീതനായും ഞങ്ങൾ അവനിൽ സംപ്രീതരായിരിക്കുയും ചെയ്തിരിക്കുന്നു. ആ അവസരത്തിൽ നബി(സ)തിരുമേനി മുപ്പതുദിവസം എല്ലാ സ്വുബ്ഹി നമസ്കാരത്തിലും ആ കൊലപാതകികൾക്കെതിരെ അതായത് അല്ലാഹുവിനോടും അന്റെ റസൂലിനോടും വഞ്ചന കാണിച്ച രിഅ്ൽ, ദക്വാൻ, ബനൂ ലഹ്യാൻ, ഉസ്വയ്യ ഗോത്രങ്ങൾക്കെതിരെ ദുആ ചെയ്തുകൊണ്ടിരുന്നു. ഇതു ബുഖാരിയിലുള്ള ഹദീഥാണ്.(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി, ബാബു ഗസ്വത്തുർറജീഅ്, രിഅ്ൽ, ദക്വാൻ, ഹദീഥ് 4091)

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്ത ബുഖാ

രിയിലെ മറ്റൊരു നിവേദനമനുസരിച്ച് 'കുന്തം' എന്നതിനു പകരം 'കാഠാര' എന്നാണ് കൊടുത്തിരിക്കുന്നത്.(സ്വഹീഹുൽ ബുഖാരി, കിതാബുൽജിഹാദ്, ഹദീഥ് 2801)

മറ്റൊരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ഒരു മാസത്തോളം സ്വുബ്ഹി നമസ്കാരത്തിൽ ബനൂ സുലയ്മിന്റെ രണ്ടു ഗോത്രങ്ങളായ രിഅ്ൽ, ദക്‌വാൻ എന്നിവർക്കെതിരെ ദുആ ചെയ്തിരുന്നു.

ഹദ്റത്ത് അനസ്(റ) പറയുന്നു, അങ്ങനെയാണ് ഖുനൂത്ത് തുടങ്ങിയത്. അതിനു മുമ്പേ ഞങ്ങൾ ഖുനൂത്ത് ഓതാറുണ്ടായിരുന്നില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി, ബാബു ഗസ്‌വത്തുർറജീഅ്, രിഅ്ൽ, ദക്‌വാൻ, ഹദീഥ് 4088)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹാഫിളുമാരുടെ ശഹാദത്തിന്റെ വിശദീകരണത്തിൽ സ്വഹാബാക്കളുടെ ത്യാഗമനോഭാവത്തെ കുറിച്ച് ഇപ്രകാരം വിവരിക്കുന്നു: 'ചരിത്രപഠനത്തിൽനിന്ന് മനസ്സിലാകുന്നത് സ്വഹാബത്ത് യുദ്ധത്തിനുപോകുമ്പോൾ അതിൽ രക്തസാക്ഷികളാകുന്നതിനെ മനഃശാന്തിയും സന്തോഷവുമുളവാക്കുന്ന കാര്യമായാണ് കരുതിയിരുന്നത്. അവർക്ക് യുദ്ധത്തിൽ വല്ല ബുദ്ധിമുട്ടും നേരിട്ടാൽ അതിനെ വിഷമമായല്ല പ്രത്യുത സന്തോഷമായാണ് കണ്ടിരുന്നത്. ഇത്തരത്തിലുള്ള സ്വഹാബാക്കളുടെ സംഭവങ്ങൾ വളരെയധികമുണ്ട്. അവർ ദൈവമാർഗത്തിൽ വധിക്കപ്പെടുന്നതിനെയാണ് തങ്ങളുടെ യഥാർഥ മനഃശാന്തിയായി കണക്കാക്കിയിരുന്നത്. ഉദാഹരണത്തിന് നബി(സ)തിരുമേനി മധ്യ അറേബ്യയിലെ ഒരു ഗാത്രത്തിലേക്ക് തബ്‌ലീഗ് ചെയ്യാനായി ഹാഫിളുമാരെ അയച്ച കൂട്ടത്തിൽ ഹർറാം ബിൻ മിൽഹാനും ഇസ്‌ലാമിന്റെ സന്ദേശവുമായി ബനൂ ആമിർ ഗോത്രത്തലവനായ ആമിർ ബിൻ ത്വുഫയ്‌ലിന്റെ അടുത്തുപോയി. മറ്റുള്ള സ്വഹാബത്ത് പിറകിൽ നിലകൊണ്ടു. തുടക്കത്തിൽ ആമിർ ബിൻ ത്വുഫയ്‌ലും കൂട്ടരും കാപട്യത്തോടെ അവരെ സ്വീകരിച്ചു. എന്നാൽ, അദ്ദേഹത്തിന് സമാധാനവസ്ഥ തോന്നി ഇരിപ്പുറപ്പിച്ച് പ്രബോധനം ചെയ്യാൻ തുടങ്ങിയപ്പോൾ ചില ദ്രോഹികൾ ഒരു ദർഭഗനോടു ആംഗ്യം കാണിച്ചു. അയാൾ അതു കണ്ടതും ഹർറാം ബിൻ മിൽഹാനിന്റെ പിന്നിലൂടെ കുന്തംകൊണ്ട് ആഞ്ഞു കുത്തി. അദ്ദേഹം നിലത്തുവീണു. വീണതും അനിയന്ത്രിതമായി ഇപ്രകാരം പറഞ്ഞു: *'അല്ലാഹു അക്ബർ ഫുസ്തു ബി റബ്ബിൽ കഅ്ബ അല്ലാഹു അക്ബർ!* കഅ്ബ ദേവാലയത്തിന്റെ നാഥനാണ! ഞാൻ വിജയിച്ചിരിക്കുന്നു.' തുടർന്ന് ആ ദ്രോഹികൾ പിറകിലുണ്ടായിരുന്ന സ്വഹാബാക്കളെ വളയുകയും അവരെ കടന്നാക്രമിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ) സ്വതന്ത്രനാക്കിയ അടിമ ആമിർ ബിൻ ഫുഹയ്റയും അവിടെ ഉണ്ടായിരുന്നു. അദ്ദേഹം ഹിജ്റത്ത് വേളയിൽ നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു. അദ്ദേഹത്തെ വധിച്ച വ്യക്തി പിന്നീട് മുസ്‌ലിമാകുകയും താൻ മുസ്‌ലിമായതിന്റെ കാരണം ആമിർ ബിൻ ഫുഹയ്റയെ ശഹീദാക്കിയപ്പോൾ അദ്ദേഹം അനിയന്ത്രിതമായി ഫുസ്തു വല്ലാഹി അഥവാ അല്ലാഹുവാണ!ഞാൻ ലക്ഷ്യം പ്രാപിച്ചിരിക്കുന്നു എന്നു ചൊല്ലുകയും ചെയ്തതാണെന്ന് പറയുകയും ചെയ്തു. ഈ സംഭവങ്ങൾ വ്യക്തമാക്കുന്നത് സ്വഹാബാക്കൾക്ക് മരണം ദുഃഖത്തിനല്ല, പ്രത്യുത സന്തോഷത്തിനായിരുന്നു വക നല്കിയിരുന്നത് എന്നാണ്."(ഏക് ആയത്ത് കി പുർ മആരിഫ് തഫ്സീർ, അൻവാറുൽ ഉലൂം വാല്യം 18, പേജ് 612–613)

തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നജദിലെ ചിലർ നബി(സ)തിരുമേനിയുടെ അടുത്ത് വന്നതായിരുന്നു. ഈ സംഭവം ഞാൻ വിവരിക്കുന്നില്ല. അതിനു പകരം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ ഉദ്ധരണികൾ കേൾപ്പിക്കാം. ഈ സംഭവത്തിന്റെ വിശദാംശങ്ങൾ വിവരിക്കവെ അദ്ദേഹം എഴുതുന്നു: ഇതു വളരെ സുദീർഘമാണ്. മധ്യ അറേബ്യയിലെ ഒരു ഗോത്രമായ ബനൂ ആമിറിലെ ഒരു പ്രമാണി അബൂ ബറാഅ് ആമിരീ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ കൂടിക്കാഴ്ച നടത്താൻ വന്നു. നബി(സ)തിരുമേനി വളരെ മയത്തോടും വാത്സല്യത്തോടും അയാൾക്ക് ഇസ്‌ലാമിനെ കുറിച്ച് പറഞ്ഞു കൊടുത്തു. അയാൾ വളരെ താൽപര്യത്തോടും അവധാനതയോടും കൂടി ആ പ്രഭാഷണം ശ്രവിക്കുന്നതായി ഭാവിച്ചു. എന്നാൽ, മുസ്‌ലിമായില്ല. പകരം അയാൾ നബി(സ)തിരുമനിയോടു ഉപകാരം അഭ്യർഥിച്ചു. താങ്കൾ എന്നോടൊപ്പം താങ്കളുടെ ചില അനുചരന്മാരെ നജദിലേക്ക് അയച്ചാലും. അങ്ങനെ നജദുകാർക്ക് പ്രബോധനം നടത്താൻ സാധിക്കുന്നതാണ്. നജദുകാർ താങ്കളുടെ ക്ഷണം നിരസിക്കുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു, നജദുകാരെ എനിക്ക് വിശ്വാസമില്ല. അബൂബറാഅ് പറഞ്ഞു: താങ്കൾ ഒട്ടും ആശങ്കപ്പെടേണ്ട. അവരുടെ സംരക്ഷണ ചുമതല ഞാനേറ്റെടുക്കാം. അബൂബറാഅ് ഒരു ഗോത്രപ്രമാണിയും സമൂഹത്തിൽ നല്ല സ്വാധീനമുള്ള ആളുമായിരുന്നു. അയാൾ അങ്ങനെ ഉറപ്പു നല്കിയപ്പോൾ നബി(സ)തിരുമേനി അതു വിശ്വസിച്ചു. സ്വഹാബത്തിന്റെ ഒരു സംഘത്തെ നജദിലേക്കയച്ചു.

ഇതു ചരിത്രത്തിലെ നിവേദനമാണ്. ബുഖാരിയിൽ ഇപ്രകാരം ഒരു നിവേദവനമുണ്ട്. രിഅ്ൽ, ദക്‌വാൻ തുടങ്ങിയ ഗോത്രങ്ങൾ വിഖ്യാതമായ സുലയിം ഗോത്രത്തിന്റെ ശാഖകളാണ്. ഇവരിലെ ചിലർ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരാകുകയും ഇസ്‌ലാം സ്വീകരിക്കുകയും തങ്ങളുടെ ഗാത്രങ്ങളിലെ ഇസ്‌ലാം വിരോധികൾക്കെതിരിൽ തങ്ങളെ സഹായിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഇപ്രകാരം കൂട്ടി ചേർക്കുന്നു, ഈ സഹായം തബ്‌ലീഗ് സംബന്ധമായതാണോ സൈനികമായതാണോ എന്ന് വ്യക്തമാക്കിയിരുന്നില്ല. ഏതായാലും തങ്ങളെ സഹായിക്കാൻ കുറച്ചുപേരെ അയച്ചുതരണമെന്ന് അവർ ആവശ്യപ്പെട്ടു. അങ്ങനെ നബി(സ)തിരുമേനി ഈ സംഘത്തെ അയക്കുകയുണ്ടായി. ഈ രണ്ടു നിവേദനങ്ങളെ ഇപ്രകാരം ഇപ്രകാരം താദാത്മ്യപ്പെടുത്താവുന്നതാണ്. അതായത് രിഅ്ൽ, ദക്‌വാൻ ഗോത്രങ്ങളോടൊപ്പം ആമിർ ഗോത്രത്തലവനായ അബൂബറാഅ് ആമിരി വരികയും അദ്ദേഹം അവർക്കുവേണ്ടി നബി(സ)തിരുമേനിയോടു സംസാരിക്കുകയും ചെയ്തിട്ടുണ്ടാകാം. അതിനാൽ ചരിത്രനിവേദനങ്ങളിൽ വന്നതുപോലെ നജദുകാരിൽ വിശ്വാസമില്ലെന്ന് നബി(സ)തിരുമേനി പറഞ്ഞതും താങ്കൾ പരിഭ്രമിക്കണ്ട, താങ്കളുടെ സ്വഹാബാക്കൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ലെന്ന് താൻ ഉറപ്പുതരാം എന്ന് അയാൾ പറഞ്ഞതും സൂചിപ്പിക്കുന്നത് രിഅ്ൽ, ദക്‌വാൻ ഗോത്രക്കാർ നബി(സ)തിരുമേനിയുടെ അടുത്ത് അബൂ ബറാഅനോടൊപ്പം വന്നിരുന്നുവെന്നാണ്. അക്കാരണത്താലാണ് നബി(സ)തിരുമേനി ആശങ്ക അറിയിച്ചത്. *അല്ലാഹു അഅ്‌ലമു.*

എന്തായാലും സ്വഫർ മാസം ഹിജ്റ നാലിന് മുൻദിർ ബിൻ അംറ് അൻസാരിയുടെ നേതൃത്വത്തിൽ നബി(സ)തിരുമേനി സ്വഹാബാക്കളുടെ ഒരു സംഘത്തെ അവരോടൊപ്പം അയക്കുകയുണ്ടായി. ഇവരിലധികവും അൻസ്വാർ സ്വഹാബികളായിരുന്നു. ആകെ 70 പേരാണുണ്ടായിരുന്നത്. ഇവരെല്ലാവരും ഖാരികളായിരുന്നു. വിശുദ്ധ ഖുർആൻ ഉച്ചാരണശുദ്ധിയോടെ പാരായണം ചെയ്യാൻ അറിയുന്നവരായിരുന്നു. ഇവർ പകൽ നേരത്ത് കാടുകളിൽപോയി വിറകു ശേഖരിച്ച് അത് വിറ്റ് ഉപജീവനം നടത്തുകയും രാത്രിയുടെ സിംഹഭാഗവും ആരാധനാകർമങ്ങളിൽ മുഴുകുകയും ചെയ്യുന്നവരായിരുന്നു. ഒരു കിണർ കാരണം ബിഅ്റെ മഊന എന്നറിയപ്പെട്ടിരുന്ന സ്ഥലത്ത് ഇവരെത്തിയപ്പോൾ ഇവരിലെ ഒരാൾ അനസ് ബിൻ മാലിക്കിന്റെ അമ്മാവനായ ഹർറാം ബിൻ മിൽഹാൻ നബി(സ)തിരുമേനിയുടെ ഭാഗത്തുനിന്ന് ഇസ്‌ലാമിന്റെ സന്ദേശവുമായി ആമിർ ഗോത്രത്തലവനായ അബൂ ബറാഅ് ആമിരിയുടെ സഹോദരപുത്രനായ ആമിർ ബിൻ ത്വുഫയ്‌ലിന്റെ അടുത്തു പോയി. മറ്റു സ്വഹാബാക്കൾ അവിടെത്തന്നെ തങ്ങി. ഹർറാം ബിൻ മിൽഹാൻ നബി(സ)തിരുമേനിയുടെ ദൂതനെന്ന നിലയിൽ ആമിർ ബിൻ ത്വുഫയ്‌ലിന്റേയും അയാളുടെ കൂട്ടാളികളുടേയും അടുത്തെത്തിയപ്പോൾ കപടമായി അദ്ദേഹത്തെ സ്വീകരിച്ച് ആനയിച്ചു. അദ്ദേഹം സമാധാനത്തോടെ അവിടെ ഇരുന്ന് ഇസ്‌ലാമിന്റെ പ്രബോധനം തുടങ്ങുകയും ചെയ്തു. അപ്പോൾ അവരിലെ ചില ദ്രോഹബുദ്ധികൾ ഒരു ദുർഭഗനോടു ആംഗ്യം കാണിക്കുകയും അയാൾ ഈ നിഷ്കളങ്കനായ ദൂതനെ പിന്നിൽനിന്ന് കുന്തം കൊണ്ട് കുത്തുകയും അവിടെത്തന്നെ അദ്ദേഹം വീഴുകയും ചെയ്തു. അപ്പോൾ ഹർറാം ബിൻ മിൽഹാൻ ഇപ്രകാരം പറഞ്ഞു: 'അല്ലാഹു അക്ബർ! ഫുസ്തു ബി റബ്ബിൽ കഅ്ബ അല്ലാഹുവാണ് ഏറ്റവും വലിയവൻ കഅ്ബയുടെ നാഥനാണ! ഞാനെന്റെ ലക്ഷ്യം നേടിയിരിക്കുന്നു. നബി(സ)തിരുമേനിയുടെ ദൂതനെ വധിച്ചതിൽ മാത്രം ആമിർ ബിൻ ത്വുഫയ്ൽ തൃപ്തിപ്പെടാതെ അയാൾ തന്റെ ബനൂ ആമിർ ഗേത്രത്തിലെ ഒരുമിച്ചു കൂട്ടുകയും മുസ് ലിമീങ്ങളുടെ ബാക്കിയുള്ള സംഘത്തിനുമേൽ കടന്നാക്രമണം നടത്താൻ മുതിരുകയും ചെയ്തു. പക്ഷേ, അവർ പറഞ്ഞു, ഞങ്ങൾ അബൂ ആമിറിന്റെ ജാമ്യം നിലനില്ക്കുന്നതുവരെ മുസ് ലിമീങ്ങളെ ആക്രമിക്കുന്നതല്ല. അപ്പോൾ ആമിർ സുലയിം ഗോത്രത്തിലെ ബനൂ രിഅ്ൽ, ദക്‌വാൻ, അസിയ്യ തുടങ്ങിയവരെ കൂടെ കൂട്ടി. ബുഖാരിയുടെ നിവേദനത്തിലുള്ളതുപോലെ നബി(സ)തിരുമേനിയുടെ സന്നിധിയിൽ സംഘമായി വന്നത് ഇപ്പറഞ്ഞ ഗോത്രക്കാരായിരുന്നു. ഇവർ മുസ്‌ലിമീങ്ങളും ന്യൂനപക്ഷവും നിസ്സഹായരുമായ സംഘത്തിനുമേൽ ആക്രമണം അഴിച്ചുവിട്ടു. ഈ ക്രൂരരും കാട്ടാളന്മാരുമായ ശത്രുക്കളുടെ വരവ് കണ്ടപ്പോൾ മുസ്‌ലിമീങ്ങൾ പറഞ്ഞു: 'ഞങ്ങൾക്ക് നിങ്ങളോട് ഒരു പ്രശ്നവുമില്ല. ഞങ്ങൾ നബി(സ)തിരുമേനിയുടെ ഭാഗ

**• അല്ലാഹുവിന്റെ കലാം: •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമ വെക്കുന്ന വല്ലവനുമുണ്ടോ?" (വിശുദ്ധ ഖുർആൻ 54:18)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**• ഹദീഥുന്നബ്‌വി(സ): •**

**"സ്വർഗത്തിന്റെ കവാടങ്ങളിൽ ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക." (സ്വഹീഹ് മുസ്‌ലിം)**

താലിബെ ദുആ:
ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്തുനിന്നു ഭരമേല്പിക്കപ്പെട്ട കാര്യത്തിന് വേണ്ടിയാണു വന്നിരിക്കുന്നത്. അല്ലാതെ നിങ്ങളോട് യുദ്ധം ചെയ്യാൻ വേണ്ടിയല്ല. അവർ ഒന്നും ചെവിക്കൊണ്ടില്ല. എല്ലാവരെയും അവിടെ തന്നെ വെട്ടി വീഴ്ത്തുകയുണ്ടായി. അവിടെ ഉണ്ടായിരുന്ന സ്വഹാബാക്കളിൽ ഒരു വ്യക്തി മാത്രം രക്ഷപ്പെട്ടു. അയാൾ മുടന്തനായിരുന്നു. അയാൾ മലമുകളിൽ കയറി രക്ഷപ്പെട്ടിരുന്നു. ആ സ്വഹാബിയുടെ പേര് കഅ്ബ് ബിൻ സയ്ദ് എന്നായിരുന്നു. ചില നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നത് കാഫിരീങ്ങൾ അദ്ദേഹത്തെയും ആക്രമിച്ചിരുന്നുവെന്നും അദ്ദേഹത്തിന് പരിക്കേറ്റിരുന്നുവെന്നും എന്നാൽ, അദ്ദേഹം മരിച്ചുപോയെന്ന് കരുതി അവർ അദ്ദേഹത്തെ ഉപേക്ഷിച്ചു പോയെന്നുമായിരുന്നുവെന്നുമാണ്. എന്നാൽ വാസ്തവത്തിൽ അദ്ദേഹത്തിൽ ജീവൻ ബാക്കിയുണ്ടായിരുന്നു. അദ്ദേഹം അങ്ങനെ രക്ഷപ്പെട്ടു.

സ്വഹാബാക്കളുടെ ആ സംഘത്തിൽ നിന്നു രണ്ടുപേർ അംറ് ബിൻ ഉമയ്യ ളംരിയും മുൻദിർ ബിൻ മുഹമ്മദും ആ സമയത്ത് ഒട്ടകങ്ങളേയും മറ്റും മേയ്ക്കാനായി ആ സംഘത്തെ വിട്ട് ദൂരെ പോയിരുന്നു. അവർ ദൂരത്തുനിന്ന് തങ്ങളുടെ സംഘത്തിന്റെ ഭാഗത്ത് നോക്കിയപ്പോൾ കണ്ടത് ഒരു പട്ടം പറവകൾ കൂട്ടംകൂട്ടമായി അവിടെ പറന്നുയുരുന്നതാണ്. അവർക്ക് ആ മരുഭൂമിയിലെ ലക്ഷണങ്ങൾ നന്നായി അറിയാമായിരുന്നു. പെട്ടെന്ന് അവർക്ക് അവിടെ യുദ്ധം അരങ്ങേറുന്നതായി മനസ്സിലായി. തിരിച്ചു വന്നപ്പോൾ അക്രമകാരികളായ കാഫിരീങ്ങളുടെ രക്തപങ്കിലമായ പ്രവർത്തനങ്ങളെ സ്വനേത്രങ്ങളാൽ അവർക്ക് കാണാനായി. ദൂരത്ത് നിന്ന് ഈ ദൃശ്യം കണ്ടു അവർ ഇനി തങ്ങൾക്ക് എന്താണ് ചെയ്യാനാകുക എന്ന് കൂടിയാലോചന നടത്തി. ഒരാൾ പറഞ്ഞു, പെട്ടെന്നുതന്നെ നമ്മൾ ഇവിടെ നിന്നുപോയി നബി(സ)തിരുമേനിക്ക് വിവരം നൽകണം. മറ്റേയാൾ ആ അഭിപ്രായം അംഗീകരിച്ചില്ല. പ്രത്യുത താൻ ഇവിടം വിട്ട് ഓടുകയില്ലെന്നും നമ്മുടെ അമീറായ മുൻദിർ ബിൻ അംറ് ശഹീദായ സ്ഥലത്ത് നിലയുറപ്പിക്കുന്നതാണെന്നും പറഞ്ഞു. അങ്ങനെ അദ്ദേഹം മുന്നോട്ടു ഗമിക്കുകയും യുദ്ധം ചെയത് ശഹാദത്ത് വരിക്കുകയും ചെയ്തു. അംറ് ബിൻ ഉമയ്യ ളംരി എന്ന രണ്ടാമത്തെ വ്യക്തിയെ കാഫിരീങ്ങൾ പിടികൂടി ബന്ദിയാക്കി. അദ്ദേഹത്തെയും വധിക്കാമായിരുന്നു. എന്നാൽ, അവർക്ക് അദ്ദേഹം മുളർ ഗോത്രക്കാരനാണെന്ന് മനസ്സിലായപ്പോൾ ആമിർ ബിൻ തുഫയ്ൽ അറേബ്യയൻ രീതിയനുസരിച്ച് അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ കുറച്ചു മുടി മുറിച്ച് സ്വതന്ത്രനാക്കി. എന്നിട്ട് പറഞ്ഞു: മുളർ ഗോത്രത്തിലെ ഒരു അടിമയെ സ്വാതന്ത്രനാക്കുമെന്ന് എന്റെ മാതാവ് നേർച്ച നേർന്നിരുന്നു. അക്കാരണത്താൽ ഞാൻ നിന്നെ വെറുതെ വിടുകയാണ്. അങ്ങനെ ആ എഴുപത് സ്വഹാബാക്കളിൽ രണ്ടു പേർ മാത്രമേ രക്ഷപ്പെട്ടുള്ളു. ഒന്ന് അംറ് ബിൻ ഉമയ്യ ളംരി രണ്ടു കാഫിരീങ്ങൾ മരിച്ചെന്ന് കരുതി ഉപേക്ഷിച്ച കഅ്ബ് ബിൻ സയ്ദ്.

ബിഅ്റെ മഊനയുടെ അവസരത്തിൽ ശഹീദായ സ്വഹാബിമാരിൽ ഹദ്റത്ത് അബൂബക്ർ(റ) സ്വാതന്ത്രനാക്കിയ അടിമയും ഇസ്ലാമിന്റെ ദീർഘകാല സേവകനുമായ ആമിർ ബിൻ ഫുഹയ്റയുമുണ്ടായിരുന്നു. അദ്ദേഹത്തെ ഒരു വ്യക്തി അതായത് ജബ്ബാർ ബിൻ സൽമാ ആയിരുന്നു വധിച്ചത്. ജബ്ബാർ പിന്നീട് മുസ്ലിമായി. അദ്ദേഹം താൻ മുസ്ലിമായതിന്റെ കാരണം വിവരിച്ചത് ആമിർ ബിൻ ഫുഹയ്റയെ താൻ ശഹീദാക്കിയപ്പോൾ അദ്ദേഹത്തിന്റെ വായിൽ നിന്ന്, അനിയന്ത്രിതമായി ഫുസ്തു വല്ലാഹി അതായത് അല്ലാഹുവാണ! ഞാൻ എന്റെ ലക്ഷ്യം നേടിയിരിക്കുന്നു' എന്ന വാക്കുകളാണെന്നതായിരുന്നു. ജബ്ബാർ പറയുന്നു: ഞാൻ ആ വാക്ക് കേട്ടപ്പോൾ അത്ഭുതപരതന്ത്രനായി. കാരണം ഞാൻ ഇയാളെ വധിച്ചിരിക്കുന്നു എന്നാലോ ഇയാൾ പറയുന്നത് താൻ തന്റെ ലക്ഷ്യം നേടിയിരിക്കുന്നു എന്നും. ഇതെന്താണ് കാര്യം? അങ്ങനെ ഞാൻ പിന്നീട് ജനങ്ങളോട് അതിന്റെ കാരണം തിരക്കി. അപ്പോൾ എനിക്ക് മനസ്സിലായി മുസ്ലിമീങ്ങൾ ദൈവമാർഗത്തിൽ ജീവൻ വെടിയുന്നതിനെയാണ് തങ്ങളുടെ ഏറ്റവും വലിയ വിജയമായി കണക്കാക്കുന്നതെന്നാണ്. അക്കാര്യം എന്നെ വല്ലാതെ സ്വാധീനിച്ചു. ആ സ്വാധീനത്തിന്റെ ഫലമായാണ് ഞാൻ മുസ്ലിമായത്, നബി(സ)തിരുമേനിയും സ്വഹാബാക്കളും റജീഅ് സംഭവവും മഊന സംഭവവും ഒരേ സമയത്താണ് അറിഞ്ഞത്. അതുകേട്ട് നബി(സ) തിരുമേനിക്ക് വല്ലാത്ത ആഘാതമുണ്ടായി. നിവേദനങ്ങളിൽ വന്നിരിക്കുന്നത് അത് എത്രത്തോളമായിരുന്നുവെന്നാൽ അതു പോലുള്ളത് മുമ്പേയോ പിന്നീടോ ഉണ്ടായിരുന്നില്ലെന്നാണ്. ശരിക്കും ഇപ്രകാരം എൺപത് സ്വഹാബിമാരെ വഞ്ചിച്ച് കൊലപ്പെടുത്തിയതും അവരിൽ ബഹുഭൂരിഭാഗവും ഖുർആൻ ഹാഫിളുമാരും സാധുക്കളുമാണെന്നത് ഏറെ ദുഃഖകരമായിരുന്നു. അറേബ്യയിലുള്ള കിരാതമായ രീതികൾ പരിഗണിച്ചാലും ഈ സംഭവം നിസ്സാരമായിരുന്നില്ല. പ്രത്യേകിച്ചും നബി(സ)തിരുമേനിക്ക് ഈ വാർത്ത തന്റെ എൺപതു ആൺമക്കൾ വഫാത്തായിരിക്കുന്നു എന്നതിന് തുല്യമായിരുന്നു. ഒരു വേള അതിലും ഉപരിയായിരുന്നു. എന്തെന്നാൽ, ഒരു ആത്മീയ മനുഷ്യന് തന്റെ ആത്മീയമായ ബന്ധങ്ങൾ തീർച്ചയായും ഒരു ഭൗതിക വ്യക്തിക്ക് തന്റെ ഭൗതിക ബന്ധങ്ങൾ എത്രമാത്രം പ്രിയങ്കരമാണോ അതിലും ഏറെ പ്രിയങ്കരമായിരിക്കും. നബി(സ) തിരുമേനിക്ക് ആ സംഭവങ്ങൾ കനത്ത ആഘാതം സൃഷ്ടിച്ചു. എന്നാൽ, ഇസ്ലാമിൽ ഏതവസ്ഥയിലും ക്ഷമ കൈക്കൊള്ളാനാണ് കല്പിച്ചിരിക്കുന്നത്, അതുകൊണ്ടുതന്നെ ആ വാർത്ത കേട്ടപ്പോൾ നബി(സ)തിരുമേനി *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* എന്ന് ചൊല്ലുകയും *ഹാദാ അമലു അബീബർറാഅ വ ഖദ് കുൻതു ലിഹാദാ കാരിഹൻ മുത്തഖവ്വിഫൻ* അതായത് ഇതെല്ലാം അബൂ ബർറായുടെ ചെയ് തിയുടെ ഫലമാണ്. കാരണം എനിക്കൊരിക്കലും അവരെ അയക്കാൻ ഇഷ്ടമുണ്ടായിരുന്നില്ല. മറിച്ച് നജദുകാരെ കുറിച്ച് എനിക്ക് ആശങ്കയുമുണ്ടായിരുന്നു, എന്നുമാത്രം പറഞ്ഞ് മൗനം ദീക്ഷിക്കുകയുമാണ് ചെയ്തത്. (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ) പേജ് 517–521)

ഹദ്റത്ത് സഅ്ദ് ബിൻ ഖൗലയെ കുറിച്ചുള്ള വിവരണമാണ് ഇനി. അദ്ദേഹം ബനൂ മാലിക് ബിൻ ഹസൽ ബിൻ ആമിർ ബിൻ ലൗയി ഗോത്രക്കാരനായിരുന്നു. ചിലർ കരുതുന്നത് അദ്ദേഹം ബനൂ ആമിറുമായി സഖ്യം ചെയ്തിരുന്നു എന്നാണ്. അദ്ദേഹം പേർഷ്യക്കാരനായിരുന്നു. യമനിൽ കുടിയേറി പാർത്തതാണ്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 427, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2003)

ആമിർ ബിൻ സഅ്ദ് തന്റെ പിതാവായ സഅ്ദ് ബിൻ വഖാസ്സിൽ നിന്ന് നിവേദനം. അദ്ദേഹം പറയുകയുണ്ടായി. നബി(സ)തിരുമേനി ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ ഞാൻ രോഗിയായപ്പോൾ എന്നെ സന്ദർശിച്ചു. ഞാൻ മരണത്തോട് മല്ലിടുന്ന സമയമായിരുന്നു അത്. ഞാൻ പറഞ്ഞു, യാ റസൂലല്ലാഹ്! എത്രത്തോളം യാതന എനിക്ക് അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന് അങ്ങ് കാണുന്നുണ്ടല്ലോ? എനിക്ക് അനന്തരാവകാശിയായി ഒരു പെൺകുട്ടി മാത്രമേ ഉള്ളൂ. ഞാൻ മൂന്നിൽ രണ്ടുഭാഗം സ്വദക്ക നൽകിക്കൊള്ളട്ടെ? നബി പറഞ്ഞു, പാടില്ല. അദ്ദേഹം പറയുന്നു: ഞാൻ തുടർന്ന് ചോദിച്ചു, പകുതിഭാഗം സ്വദക്ക ചെയ്തുകൊള്ളട്ടെ? നബി(സ)തിരുമേനി പാടില്ലെന്ന് പറഞ്ഞു. മൂന്നിലൊന്ന് സ്വദക്ക നൽകുക. അതുതന്നെ ധാരാളമെന്നും പറഞ്ഞു. എന്നിട്ട് ഇപ്രകാരം കൂട്ടിച്ചേർത്തു, താങ്കൾ താങ്കളുടെ അനന്തരാവകാശികളെ നല്ല നിലയിൽ ഉപേക്ഷിക്കുന്നത് അവരെ മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടി നടന്നുകൊണ്ട് ആശ്രിതരായി ഉപേക്ഷിക്കുന്നതിനെക്കാൾ മെച്ചപ്പെട്ടതാണ്. താങ്കൾ ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് ചെലവഴിക്കുന്നതെല്ലാംതന്നെ ദൈവത്തിന്റെ പക്കൽ നിന്ന് താങ്കൾക്ക് പ്രതിഫലം ലഭിക്കുന്നതിന് കാരണമാകും. എത്രത്തോളമെന്നാൽ താങ്കൾ താങ്കളുടെ ഭാര്യയുടെ വായിൽ ഒരു ഉരുളയിട്ടു കൊടുത്താലും താങ്കൾക്ക് പ്രതിഫലം ലഭിക്കുന്നതാണ്."

അദ്ദേഹം പറയുന്നു, ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഇപ്പോൾ ഞാൻ മരണപ്പെട്ടാൽ ഞാനെന്റെ സുഹൃത്തുക്കളേക്കാൾ പിറകിലായി പോകുമോ? നബി(സ)തിരുമേനി പറഞ്ഞു: താങ്കൾ ഒട്ടും പിറകിലാകില്ല താങ്കൾ ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് ചെയ്യുന്ന സൽപ്രവർത്തികൾ മുഖേന താങ്കളുടെ പദവികളും സ്ഥാനങ്ങളും ഉന്നതമാകുന്നതാണ്. എന്നാൽ, അതേസമയം താങ്കൾക്ക് ദീർഘായുസ്സ് ലഭിക്കുകയും താങ്കളുടെ ജനത താങ്കളെ ദുരുപയോഗം ചെയ്യുകയും താങ്കൾക്ക് നഷ്ടം വരികയും അങ്ങനെ താങ്കൾ പിറകിലായി പോകുകയും ചെയ്തേക്കാം. തുടർന്നു പറഞ്ഞു: അല്ലാഹുവേ! എന്റെ സ്വഹാബാക്കളുടെ ഹിജ്റത്ത് പൂർത്തിയാക്കേണമേ. അവരെ കുതികാലുകളിൽ പിന്തിരിയുന്നവർ ആക്കരുതേ. നിവേദകൻ പറയുന്നു: പക്ഷേ, പാവം സഅ്ദ് ബിൻ ഖൗല. നിവേദകൻ പറയുന്നു: അദ്ദേഹത്തെ കുറിച്ച് നബി(സ)തിരുമേനി പിന്നീട് ദുഃഖം പ്രകടിപ്പിച്ചു. കാരണം ഹിജ്റത്തിന് മുമ്പേ അദ്ദേഹം മക്കയിൽ മരണപ്പെടുകയുണ്ടായി. ഒരു നിവേദനത്തിലുണ്ട്, നബി(സ)തിരുമേനി സഅ്ദ് ബിൻ ഖൗലയെ കുറിച്ച് വ്യസനിക്കുമായിരുന്നു. കാരണം അദ്ദേഹം മക്കയിൽ വെച്ച് മരണപ്പെട്ടു. ഇതിനുകാരണം ആരാണോ മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്തത്, അദ്ദേഹം അവിടെ തിരിച്ചു വരികയോ അല്ലെങ്കിൽ അതിൽ ഹജ്ജും ഉംറയും ചെയ്യുന്നതിനെക്കാൾ കൂടുതൽ മക്കയിൽ തന്നെ താമസിക്കുകയോ ചെയ്യുന്നത് നബി(സ)തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല.(സ്വഹീഹ് മുസ്ലിം, കിതാബുൽ വസിയ്യ, ബാബു അൽവസിയ്യത്തു ബിഥ്ഥുലുഥ് ഹദീഥ് 4209)(അത്ത്വബഖാത്തുൽകുബ്റാ, ഭാഗം 3, പേജ് 312, സഅ്ദ് ബിൻ ഖൗല, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 1990)

ഇസ്മായീൽ ബിൻ മുഹമ്മദ് ബിൻ സഅ്ദിൽ നിന്നു നിവേദനം. നബി(സ)തിരുമേനി സാഇബ് ബിൻ ഉമയ്റുൽഖാരിക്ക് ഇപ്രകാരം കല്പന നൽകി. സഅ്ദ് ബിൻ ഖൗല മക്കയിൽവെച്ച് വഫാത്താകുകയാണെങ്കിൽ അദ്ദേഹത്തെ മക്കയിൽ മറവാടരുത്.(അൽഇസ്വാബ, വാല്യം 3, പേജ് 21, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 1995)

മറ്റൊരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസിനെ കുറിച്ച് നബി(സ)തിരുമേനി ഇപ്രകാരം പറഞ്ഞിരുന്നു, ഇദ്ദേഹം മക്കയിൽ വഫാത്തായാൽ അദ്ദേഹത്തെ അവിടെ തന്നെ മറവാടരുത്.(സുബുലുൽ ഹുദാ വർറശാദ് ഭാഗം 8, പേജ് 485, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 1993)

ഹദ്റത്ത് സഅ്ദ് ബിൻ ഖൗല ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയായിരുന്നു. വഫാത്തിനെ തുടർന്ന് അധികം താമസിയാതെ അവർ പ്രസവിച്ചു. പ്രസവസമയം അടുത്തിരുന്നു. അതിനാൽ വഫാത്തിന് തൊട്ടു പിന്നാലെ കുട്ടി ജനിച്ചു. നിവേദനങ്ങളിൽ വന്നിരിക്കുന്നത് 25 രാത്രികൾ അല്ലെങ്കിൽ അതിലും കുറഞ്ഞ സമയത്തിൽത്തന്നെ അവർ പ്രസവിച്ചിരുന്നു എന്നാണ്. പ്രസവദീക്ഷ അവസാനിച്ചപ്പോൾ അവർ വിവാഹാലോചനക്ക് വരുന്നവർക്കുവേണ്ടി തയ്യാ

റായി. ബനീ അബ്ദിദ്ദാറിലെ ഒരു വ്യക്തിയായ അബൂ സനാബിൽ ബിൻ ബഅ്ക്ക് വന്നു. അദ്ദേഹം ചോദിച്ചു എന്താണ് നിങ്ങൾ ഇങ്ങനെ ഒരുങ്ങി നിൽക്കുന്നത്. നിങ്ങൾക്ക് നിക്കാഹിനു ഉദ്ദേശ്യമുള്ളതായി തോന്നുന്നുണ്ടല്ലോ. അല്ലാഹുവാണ! നിങ്ങൾക്ക് നാലുമാസം പത്തു ദിവസവും കഴിയാതെ നിക്കാഹ് ചെയ്യാൻ അനുവാദമില്ല. സുബയ്അ പറയുന്നു: അദ്ദേഹം എന്നോട് ഇങ്ങനെ പറഞ്ഞപ്പോൾ ഞാൻ ഒരുങ്ങി നബി(സ) തിരുമേനിയുടെ അടുത്തുപോയി അതിനെകുറിച്ച് ആരാഞ്ഞു. നബി(സ)തിരുമേനി എനിക്ക് ഇപ്രകാരം ഫത്‌വ നൽകി. പ്രസവത്തിനുശേഷം തന്നെ നിങ്ങൾക്ക് നിക്കാഹിന് അനുവാദമുണ്ട്. അതുകൊണ്ട് നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഇപ്പോൾ വിവാഹം കഴിക്കാവുന്നതാണ്.' (സ്വഹീഹ് മുസ്‌ലിം കിതാബുത്ത്വലാഖ്, ഹദീഥ് 3722)(ഇസ്തീആബ്, വാള്യം 4, പേജ് 1859, പ്രസാധനം ദാറുൽജീൽ ബെയ്റുത്ത് 1992)

ചില മസ്അലകളും ഇവയിൽനിന്ന് അറിയാൻ സാധിക്കുന്നു.

ഹദ്റത്ത് അബുൽ ഹയ്സം ബിൻ അത്തയ്യിഹാനെ കുറിച്ചുള്ള വിവരണമാണ് ഇനി. അദ്ദേഹത്തിന്റെ സഹോദരന്റെ പേര് ഉബയ്ദ് ബിൻ ഉബയ്ദ് അല്ലെങ്കിൽ അതീക് ബിൻ അത്തയ്യിഹാൻ എന്നായിരുന്നു. അദ്ദേഹം ഉഹുദ് യുദ്ധത്തിൽ ശഹീദായി.(അത്ത്വബഖാത്തുൽകുബ്റാ, ഭാഗം 3, പേജ് 341–343, പ്രസാധനം ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 1993)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബുൽ ഹയ്ഥം നബി(സ)തിരുമേനിയോടു പറഞ്ഞു: 'ഏറ്റവുമാദ്യം ഞാൻ അങ്ങയ്ക്ക് ബയ്അത്ത് ചെയ്യുന്ന ആളാണ്. എപ്രകാരമാണ് അങ്ങയ്ക്ക് ബയ്അത്ത് ചെയ്യേണ്ടതെന്ന് പറഞ്ഞു തന്നാലും. നബി(സ)തിരുമേനി പറഞ്ഞു: 'ബനീ ഇസ്റാഈലുകാർ മൂസയ്ക്ക് ബയ്അത്ത് ചെയ്തപ്പോൾ പറഞ്ഞ കാര്യത്തിൽ, നിങ്ങൾ എനിക്കും ബയ്അത്ത് ചെയ്യുക.' (മജ്‌രിഫത്തുസ്സഹാബ ലി അബീ നയീം വാള്യം 4, പേജ് 196, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

നബി(സ)തിരുമേനി ഹദ്റത്ത് അബുൽ ഹയ്ഥം, ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ എന്നിവരെ ബനീ അബ്ദിൽ അശ്അൽ ഗോത്രത്തിന്റെ മേൽനോട്ടക്കാരാക്കി നിശ്ചയിച്ചു.(അൽഇസ്വാബഫീ തമീസിസ്സഹാബ, ഭാഗം 7, പേജ് 365,പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)

അദ്ദേഹം യുദ്ധവേളകളിൽ രണ്ടു വാളുകൾ തൂക്കിയിടാറുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ദൂസ്സയ്ഫയ്ൻ എന്നും പറയുന്നുണ്ട്. (അൽഇസ്തീയാബ്, ഭാഗം 2, പേജ് 477, ദാറുൽജീൽ ബെയ്റുത്ത് 1992)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയിരിക്കുന്നത്, അദ്ദേഹം സിഫ്ഫീൻ യുദ്ധത്തിൽ ഹദ്റത്ത് അലിയുടെ ഭാഗത്തു നിന്നു യുദ്ധം ചെയ്ത് ശഹാദത്ത് വരിച്ചു എന്നാണ്.'(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ. പേജ് 230)

അടുത്ത പരാമർശം ഹദ്റത്ത് ആസിം ബിൻ ഥാബിത്തിനെ കുറിച്ചാണ്. അദ്ദേഹത്തിന്റെ ഒരു മകന്റെ പേര് മുഹമ്മദ് എന്നായിരുന്നു. ഹിന്ദ് ബിൻത് മാലിക്കാണ് അദ്ദേഹത്തെ പ്രസവിച്ചത്. ഉഹുദ് യുദ്ധവേളയിൽ നബി(സ)തിരുമേനിയുടെ അടുത്ത് ആരൊക്കെയുണ്ടായിരുന്നു എന്നതിനെ കുറിച്ച് ഹദ്റത്ത് ഇമാം റാസി വിവരിച്ചതിലും ഖലീഫ റാബിഅ്(റഹ്)ഒരു ആയതിനെ വ്യാഖ്യാനിച്ചപ്പോഴും അദ്ദേഹത്തെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഹദ്റത്ത് ഇമാം റാസി പതിനാലുപേരെ കുറിച്ച് വ്യക്തമായ സാക്ഷ്യങ്ങൾ അവതരിപ്പിക്കുന്നു. ഓരോരുത്തരുടെയും പേരെടുത്തുകൊണ്ട് അവർ നബി(സ)തിരുമേനിയെ ഒരവസരത്തിലും ഉപേക്ഷിച്ചുപോയില്ലെന്നെഴുതിയിരിക്കുന്നു. ആ പേരുകളിൽ മുഹാജിരീങ്ങളിൽ ഹദ്റത്ത് അലി മാത്രമായിരുന്നു എന്ന് ശിയാക്കൾ പറയുന്നുണ്ടെങ്കിലും ഇദ്ദേഹം ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസ്(റ), ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്(റ), ഹദ്റത്ത് അബൂഉബയ്ദ ബിൻ അൽജർറാഹ്(റ), ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം(റ) എന്നിവരുടെയും പേരെഴുതിയിരിക്കുന്നു. അൻസ്വാരിൽനിന്ന് ഖബ്ബാബ് ബിൻ മുൻദിർ(റ), ഹദ്റത്ത് അബു ദുജാന(റ) ഹദ്റത്ത് ആസിം ബിൻ ഥാബിത്ത്(റ) ഹദ്റത്ത് ഹാരിഥ് ബിൻ സിമ്മ(റ) എന്നിവരുടെ പേരുണ്ട്. ഒരുപക്ഷേ, ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫും അതുപോലെ ഉസയ്ദ് ബിൻ ഹുളയ്റുമുണ്ട്. ഹദ്റത്ത് സഅ്ദ് ബിൻ മുആദ് തുടങ്ങിയവരും അവരിലുണ്ട്. മറ്റൊരു വിവരണമുള്ളത് മരണത്തെ തൊട്ട് പ്രതിജ്ഞ എടുത്തവർ എട്ടു പേരുണ്ടായിരുന്നു എന്നും അവരിൽ മൂന്നു പേർ മുഹാജിരീങ്ങളും അഞ്ചുപേർ അൻസ്വാറും ആയിരുന്നുവെന്നുമാണ്. അത്ഭുതകരമായ കാര്യം എന്തെന്നാൽ, ആ നേരത്ത് നബി(സ)തിരുമേനിക്ക് തന്റെ ഖുദ്ദാമിനെ ആവശ്യമുണ്ടായിരുന്നു. അതുകൊണ്ട് മരിക്കാൻ തയ്യാറാണെന്ന് പ്രതിജ്ഞ ചെയ്ത എട്ടുപേരിൽ ആരും ശഹീദായില്ല. ഇത് അല്ലാഹുവിന്റെ അനിതരസാധാരണമായ സംരക്ഷണദൃശ്യമായിരുന്നു.(ദറസുൽഖുർആൻ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് അർറാബിഅ് 1994 ഫെബ്രുവരി 20, ആയത്ത് ഇന്നമാ ഇസ്തസല്ലഹുമുശ്ശയ്ത്വാനു(3:156))

അടുത്ത പരാമർശം ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫ് അൻസ്വാരിയെ കുറിച്ചാണ്. ഹദ്റത്ത് ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം. ബദ്ർ യുദ്ധ വേളയിൽ നബി(സ)തിരുമേനിക്കൊപ്പം നൂറു ഒട്ടകങ്ങളും രണ്ടു കുതിരകളുമുണ്ടായിരുന്നു. ഒരു കുതിരപ്പുറത്ത് ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്‌വദ് യാത്ര ചെയ്തിരുന്നു. രണ്ടാമത്തെ ഒട്ടകത്തെ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റും സഹ്ൽ ബിൻ ഹുനയ്ഫും യാത്ര ചെയ്തിരുന്നു. നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ഈ ഒട്ടകങ്ങളുടെമേൽ ഊഴമനുസരിച്ച് യാത്ര ചെയ്യുമായിരുന്നു. നബി(സ)തിരുമേനിയും ഹദ്റത്ത് അലിയും ഹദ്റത്ത് ഹംസത്ത് ബിൻ അബ്ദുൽ മുത്വലിബുമായി സഖ്യം ചെയ്ത മർഥദ് ബിൻ അബീ മർഥദ് ഗനവിയും ഒരു ഒട്ടകപ്പുറത്ത് ഊഴമനുസരിച്ച് യാത്ര ചെയ്തിരുന്നു.(മുഅ്ജമുൽഔസത് ലിത്ത്വബ്റാനീ ഭാഗം 5, പേജ് 324, ഹദീഥ് 5438, ദാറുൽഹറമയ്ൻ, ബെയ്റുത്ത് 1995)

ഉഹുദിൽ നബി(സ)തിരുമേനിയുടെ അടുത്തുണ്ടായിരുന്നവരിൽ ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫും ഉണ്ടായിരുന്നു എന്ന് നിവേദനങ്ങളിൽ വന്നിട്ടുണ്ട്. യുസയ്ർ ബിൻ അംറിൽ നിന്നു നിവേദനം; അദ്ദേഹം പറഞ്ഞു: ഒരു ദിവസം ഞാൻ ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫിന്റെ സന്നിധിയിൽ ഹാജരായി നബി(സ)തിരുമേനിയിൽ നിന്ന് താങ്കൾ കേട്ട ഹരൂരിയ്യ വിഭാഗത്തിൽ പെട്ട, അതായത് ഖാരിജികളെ കുറിച്ചുള്ള ഏതെങ്കിലും ഹദീഥ് കേൾപ്പിക്കണമെന്നു പറഞ്ഞു. അദ്ദേഹം പറഞ്ഞു: ഞാൻ നിങ്ങളോട് ഇത്രമാത്രം പറയുന്നതായിരിക്കും. ഞാൻ കേട്ടതിൽ കൂടുതലൊന്നും പറയുന്നതല്ല. ഞാൻ നബി(സ)തിരുമേനി ഒരു ജനതയെ കുറിച്ച് പരാമർശിക്കവെ ഇപ്രകാരം കേൾക്കുകയുണ്ടായി. അദ്ദേഹം ഇറാഖിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു, 'അവർ ഇവിടെനിന്ന് പുറപ്പെടുന്നതായിരിക്കും. അവർ ഖുർആൻ പാരായണം ചെയ്യും; എന്നാൽ, അത് അവരുടെ തൊണ്ടക്കുഴിക്ക് താഴെ ഇറങ്ങുകയില്ല. അമ്പ്, വേട്ട മൃഗത്തിൽ നിന്നു ലക്ഷ്യം തെറ്റുന്നതുപോലെ അവർ ദീനിൽനിന്നു അകന്നു പോകുന്നതായിരിക്കും.' നിവേദകൻ പറയുന്നു: നബി(സ)തിരുമേനി അവരെ കുറിച്ച് എന്തെങ്കിലും അടയാളം പറഞ്ഞിട്ടുണ്ടോ എന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ അദ്ദേഹം ഞാൻ കേട്ടത് ഇത്രമാത്രമാണെന്നും ഇതിൽ കൂടുതൽ ഞാനൊന്നും പറയില്ലെന്നും മറുപടി പറഞ്ഞു. ഞാൻ കേട്ടത് പറഞ്ഞു. ഇനി സ്വയം മനസ്സിലാക്കിക്കൊള്ളുക.' (മുസ്നദ് അഹ്മദ് വാള്യം 25, പേജ് 351, ഹദീഥ് സഹ്ൽ ബിൻ ഹുനയ്ഫ്, നിവേദനം 15977, മുഅസ്സസ്തുർരിസാല ബെയ്റുത്ത്)

ഉമയ്ർ ബിൻ സയീദിൽ നിന്നു നിവേദനം. ഹദ്റത്ത് അലി(റ)ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫിന്റെ ജനാസ നമസ്കരിപ്പിച്ചു. അതിൽ അഞ്ചു തക്ബീർ ചൊല്ലി. ജനങ്ങൾ ചോദിച്ചു ഈ തക്ബീർ എന്തിനാണ്? ഹദ്റത്ത് അലി(റ) പറഞ്ഞു. ഇത് ബദ്ർ സ്വഹാബിയായ സഹ്ൽ ബിൻ ഹുനയ്ഫാണ്. ബദ്ർ സ്വഹാബിമാർക്ക് മറ്റുള്ളവരെക്കാൾ ശ്രേഷ്ഠതയുണ്ട്. അതുകൊണ്ടുതന്നെ അവരുടെ ശ്രേഷ്ഠത നിങ്ങൾക്ക് മനസ്സിലാക്കി തരാനാണ് ഞാൻ ഒരു തക്ബീർ അധികം ചൊല്ലിയത്. (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 360, ദാറുൽകുതുബുൽഇൽമിയ്യ 1990)

അടുത്തത് ജബ്ബാർ ബിൻ സഖ്റിനെ കുറിച്ചുള്ള പരാമർശമാണ്. ഹിജ്റ 9 റബീഉൽ ആഖീറിന് ഹദ്റത്ത് അലി(റ)ബനൂ ത്വയ് ഗോത്രവുമായി ചെയ്ത യുദ്ധത്തെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. നബി(സ)തിരുമേനി, ഹദ്റത്ത് അലിയെ നൂറ്റിയമ്പത് സൈനികരുമായി ബനൂത്വയ്യിയിലുള്ള ഫുൽസ് ബിംബത്തെ പൊളിക്കാനായി അയക്കുകയുണ്ടായി. ബനൂ ത്വയ്യ് പ്രദേശം മദീനയുടെ വടക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്നു. ആ യുദ്ധത്തിനുവേണ്ടി നബി(സ)തിരുമേനി ഹദ്റത്ത് അലിക്ക് ഒരു കറുത്ത നിറത്തിലുള്ള വലിയ പതാക നൽകുകയുണ്ടായി. അതുപോലെ വെളുത്ത നിറത്തിലുള്ള ഒരു ചെറിയ പതാകയും നൽകി. ഹദ്റത്ത് അലി പ്രഭാതവേളയിൽ ഹാതിം വംശക്കാരുടെമേൽ ആക്രമണ നടത്തുകയും ഫുൽസ് ബിംബത്തെ പൊളിക്കുകയും ചെയ്തു. ഹദ്റത്ത് അലി ബനൂത്വയിൽ നിന്നു ഒരുപാട് ഗനീമത്ത് മുതലും ബന്ദികളുമായി മദീനയിലേക്ക് തിരിച്ചുപോയി.(അത്ത്വബഖാത്തുൽ കുബ്റാ ഭാഗം 2, പേജ് 124, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)


**ത്വാലിബെ ദുആ**

'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'(ജുമുഅ ഖുത്വ്ബ 4-10-2019)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• അല്ലാഹുവിന്റെ കലാം: •**

"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമേ."

(വിശുദ്ധ ഖുർആൻ 14:36)

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ആ യുദ്ധനടപടിയിൽ യുദ്ധപതാക ഹദ്റത്ത് ജബ്ബാർ ബിൻ സഖ്റിന്റെ പക്കലായിരുന്നു. ആ യുദ്ധത്തിൽ ഹദ്റത്ത് അലി കൂടെയുള്ളവരോട് അഭിപ്രായം ആരാഞ്ഞു. അതിൽ ജബ്ബാർ ബിൻ സഖ്ർ പറഞ്ഞു: 'രാത്രി നമുക്ക് യാത്രാമൃഗങ്ങളിൽ യാത്ര ചെയ്ത് കഴിച്ചു കൂട്ടാം. നേരം വെളുത്തതും ശത്രുക്കളെ കടന്നാക്രമിക്കുകയും ചെയ്യാം.' ഹദ്റത്ത് അലിക്ക് ആ അഭിപ്രായം ഇഷ്ടപ്പെട്ടു.(താരീഖ് ദിമശ്ഖുൽ കബീർ, വാള്യം 73, പേജ് 146, ദാറുഅഹ്‌യാഉത്തുറാഥ് അൽ അറബി ബെയ്റുത്ത് 2001)(ഇംതാഉൽഅസ്മാഅ് ഭാഗം 2, പേജ് 45–46, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1999)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായിൽനിന്ന് നിവേദനം. ഞാൻ നബി(സ)തിരുമേനിയുടെ ഇടത്ത് വശത്ത് നിൽക്കുകയായിരുന്നു. നബി(സ) തിരുമേനി എന്റെ കൈ പിടിച്ച് എന്നെ വലതു വശത്തു നിറുത്തി, തുടർന്ന് ജബ്ബാർ ബിൻ സഖ്ർ വന്നപ്പോൾ നബി(സ)തിരുമേനി ഞങ്ങൾ രണ്ടു പേരെയും തന്റെ പിറകിൽ നിറുത്തി.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ് വാള്യം 2, പേജ് 302, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2010)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഉമയ്ർ ബിൻ അബി വഖാസിനെ അംറ് ബിൻ അബ്ദു വുദ്ദായിരുന്നു ശഹീദാക്കിയത്.(അത്ത്വബഖാത്തുൽ കുബ്റാ ഭാഗം 3, പേജ് 110–111, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉമയ്ർ ബിൻ അബി വഖാസിനെ ശഹീദാക്കിയത് ആസ്ബിൻ സയീദാണ്.(അൽബിദായ വന്നിഹായ ഭാഗം 5, പേജ് 252, പ്രസാധനം ദാറുഹിജ്ർ, ബെയ്റുത്ത് 1997)

ഈ കഴിഞ്ഞ സ്മരണ ഹദ്റത്ത് ഉമയ്ർ ബിൻ അബീ വഖാസിന്റേതാണ്. സ്വഖ്റിന്റേത് നേരത്തെ കഴിഞ്ഞിരുന്നു. അദ്ദേഹത്തെ കുറിച്ച് ഈ നിവേദനമാണ് പറയാനുണ്ടായിരുന്നത്. അദ്ദേഹത്തെ അംറ് ബിൻ അബ്ദു വുദ്ദാണ് ശഹീദാക്കിയത്. ഹദ്റത്ത് ഉമയ്ർ ബിൻ അബീ വഖാസിനെ ആസ്വിം ബിൻ സയീദാണ് ശഹീദാക്കിയതെന്ന് മറ്റൊരു നിവേദനത്തലുണ്ട്.

ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നു: ഹിജ്റ 9 സഫർ മാസത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് ഖുത്ബ(റ)യെ ഇരുപത് ആളുകളോടൊപ്പം തബാലയുടെ പ്രദേശങ്ങളിൽ ഖഥ്അം ഗോത്രത്തിന്റെ ഒരു ശാഖയിലേക്ക് അയക്കുകയുണ്ടായി. അദ്ദേഹം അവരുടെമേൽ മിന്നൽ ആക്രമണം നടത്തണമെന്നു കൽപിച്ചു. ഈ സ്വഹാബാക്കൾ പത്ത് ഒട്ടകങ്ങളുടെമേൽ ഊഴമനുസരിച്ച് യാത്ര ചെയ്തു. ഇവർ ഒരു വ്യക്തിയെ പിടിച്ച് അയാളെ ചോദ്യം ചെയ്തപ്പോൾ അയാൾ ഇവരുടെ മുന്നിൽ ഊമയെ പോലെ അഭിനയിച്ചു. പിന്നീട് അവസരം കിട്ടിയപ്പോൾ ഉറക്കെ നിലവിളിച്ച് തന്റെ ഗോത്രത്തിലെ ജനങ്ങൾക്ക് മുന്നറിയിപ്പ് കൊടുത്തു. ഇവർ അയാളെ വധിച്ചു. അതിനുശേഷം ഖുത്ബയും അദ്ദേഹത്തിന്റെ കൂട്ടാളികളും കാത്തിരിക്കുകയും ആ ഗോത്രത്തിലുള്ളവർ ഉറങ്ങിയപ്പോൾ അവരുടെമേൽ മിന്നൽ ആക്രമണം നടത്തുകയും ചെയ്തു. ഘോരമായ യുദ്ധം നടന്നു. രണ്ടു ഭാഗത്തുള്ള ആളുകളിൽ പലർക്കും പരിക്കേറ്റു. ഹദ്റത്ത് ഖുത്ബ കുറെപേരെ വധിച്ചു. അവരുടെ നാൽകാലികളെയും ആടുകളെയും സ്ത്രീകളെയും കൊണ്ട് മദീനയിലേക്ക് വന്നു. അഞ്ചിലൊന്ന് മാറ്റിവെച്ചതിനുശേഷം ഓരോ വ്യക്തിക്കും നാല് ഒട്ടകങ്ങൾ വീതം ലഭിച്ചു. അന്ന് ഒരു ഒട്ടകം പത്ത് ആടുകൾക്ക് സമമായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 2, പേജ് 122–123, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

ഇമാം ബഗ്‌വി പറയുന്നു; ഹദ്റത്ത് ഖുത്ബ ബിൻ ആമിറിൽ നിന്ന് ഒരു ഹദീഥും നിവേദനം ചെയ്യപ്പെട്ടിട്ടില്ല.(മുഅ്ജമുസ്സ്വഹാബ ലിൽബഗ്‌വി വാള്യം 5, പേജ് 66, മക്തബ ദാറുൽബാൻ കുവയ്ത്ത്)

ഏതായാലും സ്വഹാബാക്കളെ കുറിച്ച് ഞാൻ പറയാനുദ്ദേശിച്ചിരുന്നകാര്യങ്ങൾഇവിടെഅവസാനിക്കുകയാണ്. ഇതോടൊപ്പം ഞാൻ പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യണമെന്ന് പറയാനാഗ്രഹിക്കുയാണ്. അവരുടെ വിഷമകരമായ അവസ്ഥ എളുപ്പമുള്ളതാകുന്നതിന് വേണ്ടിയും നീതി നടപ്പിലാക്കുന്നവർക്കും നിയമം നടപ്പിലാക്കുന്നവർക്കും അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും പേരിൽ അതിക്രമം പ്രവർത്തിക്കുന്നവർക്കും അല്ലാഹു ബുദ്ധി നൽകുന്നതിനുവേണ്ടിയും അല്ലെങ്കിൽ അല്ലാഹു അവരെ തന്റെ പിടിയിൽ കൊണ്ടുവരുന്നതിനുവേണ്ടിയും ദുആ ചെയ്യുക. രണ്ടാമതായി ബുർക്കിനാ ഫാസോയ്ക്കു (Burkina Faso) വേണ്ടിയും ദുആ ചെയ്യുക. അവിടെയും പ്രയാസങ്ങളുണ്ട്. ഭീകരവാദികളുടെ പ്രവർത്തനങ്ങൾ ഒന്നുതന്നെയാണ്. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും പേരിൽ അതിക്രമം പ്രവർത്തിക്കുന്നു. പിന്നെ അൾജീരിയക്കുവേണ്ടിയും ദുആ ചെയ്യുക. അവിടെയും ചില സർക്കാർ ഉദ്യോഗസ്ഥരും കോടതികളും തെറ്റായ രീതിയിൽ അഹ്മദികൾക്കുമേൽ അതിക്രമം പ്രവർത്തിക്കുന്നു. അല്ലാഹു എല്ലാവരെയും തന്റെ സംരക്ഷണത്തിൽ കൊണ്ടുവരുമാറാകട്ടെ. പ്രത്യേകമായും ദുആകളിലും സ്വദഖകളിലും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അല്ലാഹു എതിരാളികളുടെ ഉപദ്രവത്തിൽനിന്ന് എല്ലാവരെയും കാത്തുരക്ഷിക്കുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിനുശേഷം ഞാൻ ചില ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതായിരിക്കും. അവരെ അനുസ്മരിക്കാം.

ആദ്യമായി അനുസ്മരിക്കാനുള്ളത് മുഹമ്മദ് റശീദ് സാഹിബ് ശഹീദിനെ കുറിച്ചാണ്. അദ്ദേഹം ഗുജ്റാത്ത് ജില്ലയിലെ ഗോട്ടർയാല എന്ന സ്ഥലത്തെ ചൗദ്ദരി ബിശാരത്ത് അഹ്മദ് സാഹിബിന്റെ മകനാണ്. അദ്ദേഹത്തെ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടു ശത്രുക്കൾ അദ്ദേഹത്തിന്റെ വീട്ടിൽ കയറി ഫെബ് 19 നു വെടിവെച്ച് ശഹീദാക്കുകയായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* എഴുപതിലധികം വയസ്സുണ്ടായിരുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മുഹമ്മദ് റഷീദ് സാഹിബ് ഗുജ്റാത്ത് ജില്ലയിലെ ഗോട്ടർയാലയിലെ തന്റെ വീട്ടിൽ ഒറ്റക്കായിരുന്നു താമസിച്ചിരുന്നത്. അവിടെ അദ്ദേഹം തദ്ദേശവാസികളുടെ സൗകര്യത്തിന് ഫ്രീ ഹോമിയോ ഡിസ്പെൻസറി നടത്തിയിരുന്നു. ഗ്രാമീണരും ചുറ്റുവട്ടത്തുമുള്ളവരുമൊക്കെ അതിൽനിന്നു പ്രയോജനം ഉൾക്കൊണ്ടിരുന്നു. ഗ്രാമത്തിലുള്ള രണ്ടു യുവാക്കൾ മരുന്ന് വാങ്ങിക്കാൻ എന്ന വ്യാജേന അദ്ദേഹത്തിന്റെ വീട്ടിലെ ഡിസ്പെൻസറിയിലേക്ക് കയറുകയും വെക്കുകയും ചെയ്തു. ഘാതകൻ ഖുർആൻ ഹാഫിളാണെന്നാണ് പറയപ്പെടുന്നത്. മർഹൂമിന്റെ നെറ്റിയിൽ ഒരു വെടിയുണ്ട തുളച്ചു കയറുകയും തൽക്ഷണം വഫാത്ത് സംഭവിക്കുകയും ചെയ്തു. സംഭവത്തിനുശേഷം അക്രമകാരികൾ ഒളിവിലായി. ശഹീദിന്റെ ഒരു ജോലിക്കാരൻ ഏതാനും നിമിഷങ്ങൾക്കുശേഷം സംഭവസ്ഥലത്ത് എത്തിയപ്പോഴാണ് ഇക്കാര്യത്തെ കുറിച്ച് അറിയുന്നത്. സംഭവത്തെ കുറിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ആ രണ്ടു അക്രമകാരികളിൽ ഒരാളായ ഖുർആൻ ഹാഫിളിന്റെ മൃതശരീരം അടുത്തുള്ള കൃഷിഭൂമിയിൽ കണ്ടെത്തുകയും പോലീസ് അതെ കുറിച്ച് വേറെ നിലയിൽ അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ടെന്നും പറയപ്പെടുന്നുണ്ട്.

രണ്ടാമത്തെ കൊലപാതകിയെ പോലീസ് അറസ്റ്റു ചെയ്തിട്ടുമുണ്ട്. ഇവിടെ കുറഞ്ഞ പക്ഷം പോലീസ് അറസ്റ്റ് ചെയ്യുകയെങ്കിലും ചെയ്തിട്ടുണ്ട്.

ശഹീദ് മാർഹൂമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്തിന് തുടക്കം കുറിച്ചത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് മുൻ ശിസുൽത്വാൻ ആലം സാഹിബ്(റ) മുഖേനയാണ്. അദ്ദേഹവും ഗുജ്റാത്ത് ജില്ലയിലെ ഗോട്ടർ യാലയിൽ തന്നെയാണ് താമസിച്ചിരുന്നത്. അവിടെ അദ്ദേഹം പ്രാദേശികസ്കൂളിൽ ടീച്ചറായി സേവനം അനുഷ്ഠിച്ചിരുന്നു. അദ്ദേഹത്തിന് 1906–ൽ ഗോട്ടർയാലയിൽ നിന്ന് ഖാദിയാനിൽ വന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുകരങ്ങളിൽ ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിക്കുകയുണ്ടായി. ശഹീദ് മർഹൂം മെട്രിക്കിനു ശേഷം ആർമിയിൽ ചേർന്നിരുന്നു. ഏതാനും വർഷങ്ങൾക്കകംതന്നെ ആർമി സേവനം ഉപേക്ഷിക്കുകയും കുറച്ചു കഴിഞ്ഞപ്പോൾ 84–85ൽ നോർവേയിൽ ഫാമിലിയടക്കം ഷിഫ്റ്റാകുകയും ചെയ്തു. നോർവേ പൗരത്വമുണ്ടായിട്ടും 2008–ൽ സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നു. നോർവേയിൽ പോയും വന്നും ഇരിക്കുകയായിരുന്നു. സ്വന്തം നാട്ടിൽ കൃഷിയോടൊപ്പം തന്റെ ഗ്രാമത്തിലെ ആളുകളുടെ സേവനത്തിന് സൗജന്യഹോമിയോപ്പതിക് ഡിസ്പെൻസറി ആരംഭിച്ചിരുന്നു. ഇത് അവസാനംവരെ തുടർന്നുവന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശഹീദ് മർഹൂം മൂസ്വി ആയിരുന്നു. വഫാത്താകുന്ന സമയത്ത് സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ് ഗോട്ടർയാല എന്ന നിലയിൽ സേവനമനുഷ്ഠിച്ച് വരുകയായിരുന്നു. എല്ലാവരോടും നന്നായി ഇടപഴകുന്ന വളരെയധികം സ്നേഹമുള്ള വ്യക്തിത്വവും ആയിരുന്നു. എല്ലാവരോടും സ്വന്തബന്ധങ്ങളെ പോലെയും സൗഹൃദത്തോടെയും പെരുമാറുമായിരുന്നു. സൃഷ്ടിസേവനതൽപരത വളരെ പ്രകടമായി ഉണ്ടായിരുന്നു. മതഭേദമന്യേ ആവശ്യക്കാർക്ക് സാമ്പത്തികവും ധാർമികവുമായ സഹായസഹകരണങ്ങൾ ചെയ്യുമായിരുന്നു. ഖിലാഫത്തിനോട് അതിരറ്റ അനുരക്തി ഉണ്ടായിരുന്നു. അതിഥിസൽക്കാരം അദ്ദേഹത്തിന്റെ പ്രകടമായ സവിശേഷതയായിരുന്നു, പ്രത്യേകിച്ചും കേന്ദ്രപ്രതിനിധികളുടെ സേവനത്തിൽ മുന്നിട്ട് നിൽക്കുമായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠ പുലർത്തിയിരുന്നു. ഇടക്കിടക്ക് ഈ പ്രദേശത്ത് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ സഹോദരപുത്രനും ഐവറികോസ്റ്റിലെ മുറബ്ബിയുമായ റാഫി അഹ്മദ് സാഹിബ് പറയുന്നു: ശഹീദ് മർഹൂം എല്ലാവർക്കും പ്രിയപ്പെട്ട ആളായിരുന്നു. വളരെ ആവേശത്തോടെ സൃഷ്ടിസേവനരംഗത്ത് മുഴുകുന്നതോടൊപ്പം ത

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

**(ജുമുഅ ഖുത്വ്ബ 4–10–2019)**

**• അല്ലാഹുവിന്റെ കലാം •**

**" എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

**(വിശുദ്ധ ഖുർആൻ 51:57)**

ത്വാലിബെ ദുആ: NEWTECH. INTERNATIONAL(P)LTD
SRINGILS AND GLASS WORK ,ERNAKULAM. CONT: 79025 95215

ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA CONT: 80752 22792

ന്നെ അദ്ദേഹം ഒരു നല്ല ദാഇ ഇല്ലല്ലായും ദരിദ്രരെ സഹായിക്കുന്ന വ്യക്തിയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കൈകളിൽ ശിഫാ അഥവാ രോഗശാന്തിയും വെച്ചിരുന്നു. ഖുത്ബ ജുമുഅ കേൾക്കുന്നതിൽ വളരെ ശ്രദ്ധ ചെലുത്തിയിരുന്നു. കുറച്ചു ദിവസങ്ങൾക്ക് മുമ്പേ ശഹീദ് മർഹൂമിന്റെ ഭാര്യ നോർവേയിൽ വെച്ച് അദ്ദേഹത്തിനുമേൽ ആക്രമണം നടക്കുന്നതായും അദ്ദേഹത്തിന്റെ ജീവൻ അപഹരിക്കാൻ ആരോ ശ്രമിക്കുന്നതായും സ്വപ്നം കണ്ടിരുന്നു. ശഹീദ് മർഹൂമിന്റെ സന്തപ്തകുടുംബാംഗങ്ങളിൽ ഇപ്പോൾ നോർവേയിൽ താമസിക്കുന്ന ഭാര്യ പർവീൻ അഖ്തർ സാഹിബയും രണ്ടു ആൺകുട്ടികളും അഞ്ചു പെൺകുട്ടികളുമുണ്ട്. ഇതിൽ ഒരു പെൺകുട്ടി പാക്കിസ്താനിലും മറ്റുള്ളവർ പല രാജ്യങ്ങളിലുമാണുള്ളത്.

മുബല്ലിഗ് ഇൻചാർജ് നോർവേ ശാഹിദ് മഹ്മൂദ് കാഹ്ലൂൺ സാഹിബ് എഴുതുന്നു: വളരെയധികം സാത്വികനും സാധാരണക്കാരനുമായ വ്യക്തിയായിരുന്നു. നോർവേയിൽ ഹോമിയോപ്പതിമരുന്നുകൾ കൊണ്ട് ജനങ്ങൾക്ക് സേവനം ചെയ്യുമായിരുന്നു. ഇപ്പോൾ റിട്ടയേർഡ്മെന്റിനു ശേഷം 12, 13 വർഷമായി പാക്കിസ്താനിൽ തന്റെ ഗ്രാമത്തിൽ താമസിച്ച് ജനങ്ങളെ സേവിച്ചു വരുകയായിരുന്നു. ഇതിനിടയിൽ ഇടക്ക് നോർവേയിലും വരുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കൈകളിൽ ശിഫാ–രോഗശാന്തി വെച്ചിരുന്നു. രോഗികളുടെ സേവനത്തിന് സദാ തയ്യാറായിരുന്നു. വീടുകളിൽ പോയും മരുന്ന് നൽകിയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിന്റെ ബന്ധുവും ആയിരുന്നു. അവർ ആദ്യം ബയ്അത്ത് ചെയ്തിരുന്നില്ല. എന്നാൽ, തന്റെ ഭർത്താവിനെ എതിർത്തതുമില്ല. എന്നുമാത്രമല്ല എല്ലാ കുട്ടി കളെയും അഹ്മദി കുടുംബങ്ങളിലാണ് വിവാഹം കഴിപ്പിച്ചത്. 2018–ൽ അവസാനമായി നോർവേയിൽ വന്നപ്പോൾ തന്റെ ഭാര്യയെ ബയ്അത്ത് ചെയ്യിച്ചു. തന്റെ ഭാര്യയെക്കൊണ്ട് ബയ്അത്ത് ചെയ്യിക്കുക എന്ന ലക്ഷ്യത്തിനു വേണ്ടിയാണു താൻ വന്നതെന്നും അദ്ദേഹം പറഞ്ഞിരുന്നു. പറയുന്നു: അവിടെ, പാക്കിസ്താനിൽ എതിർപ്പ് വളരെ കൂടുതലാണ്. ഭീഷണികളും ലഭിച്ചിരുന്നു. എന്നാൽ, ഇവിടെ ധാരാളം ദരിദ്രരുണ്ട്. അവർക്ക് മരുന്നുകൾ വാങ്ങാനുള്ള കഴിവില്ല. എന്റെ കാരണത്താൽ ദരിദ്രർക്ക് സൗജന്യ ചികിത്സയും മരുന്നും ലഭ്യമാണ്. എനിക്ക് മരണത്തെ പേടിയില്ല. അത് എന്തായാലും ഒരു ദിവസം സംഭവിക്കുന്നതാണ്. അഹ്മദികൾ മനുഷ്യകുലത്തെ സേവിക്കുന്നുണ്ട്. നിർഭയരായി സേവനം ചെയ്യുന്നുണ്ട് . അല്ലാഹു മുഹമ്മദ് റശീദ് സാഹിബ് ശഹീദിനോട് മഗ്ഫിറത്തോടും കാരുണ്യത്തോ ടും കൂടി പെരുമാറട്ടെ. ശഹീദ് മർഹൂമിന്റെ സന്തപ്തകുടുംബത്തിന് സഹനവും ക്ഷമയും പ്രദാനം ചെയ്യുമാറാകട്ടെ.

അടുത്തത് രണ്ടുപേരെയാണ് അനുസ്മരിക്കുന്നത്. ബഹുമാന്യ അമാനി ബസാം മജ്ലാദി സാഹിബയും അസീസം സ്വലാഹ് അബ്ദുൽ മുയീൻ ഖുത്വയ്ശ്, ഇരുവരും ഇസ്കന്തറൂൻ തുർക്കിയിൽനിന്നുള്ളവരാണ്. മുറബ്ബി സിൽസില സ്വാദിഖ് സാഹിബ് പറയുന്നു: 2023 ഫെബ്രുവരി ആറിന് തുർക്കിയിൽ രണ്ടു വൻ ഭൂകമ്പങ്ങളുണ്ടായി. അതിൽ രണ്ടു അഹ്മദികൾ വഫാത്തായി. അവർ ഉമ്മയും മകനുമായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അതുകൂടാതെ ഭൂകമ്പത്തിൽനിന്നു പൊതുവായ നിലയിൽ അഹ്മദികളൊക്കെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുരക്ഷിതരാണ്. ചിലർക്ക് അല്ലറ ചില്ലറ പരുക്കുകൾ പറ്റിയിട്ടുണ്ട് എന്നതൊഴിച്ചാൽ! മരണപ്പെട്ടവരിൽ ഒന്ന് ഇരുപത്തിമൂന്നു വയസ്സുള്ള വനിതാ ബഹുമാനപ്പെട്ട അമാനി ബസാം മജ്ലാദി സാഹിബിയാണ്. ഇസ്കന്തരൂൺ ജമാഅത്ത് അംഗമാണ്. ഇവർ അബ്ദുൽ മുയീൻ ഖുത്വയ്ശ് സാഹിബിന്റെ ഭാര്യയും ഇസ്കന്തരൂൺ ജമാഅത്ത് സ്വദ്ർ സ്വലാഹ് ഖുത്വയ്ശ് സാഹിബിന്റെ മരുമകളുമായിരുന്നു. അമാനി സാഹിബ ഏകദേശം രണ്ടു മാസം മുമ്പേ തന്റെ ഭർത്താവിനോടൊപ്പം ബയ്അത്ത് ചെയ്തതായിരുന്നു. അവരുടെ ഭർതൃപിതാവ് സ്വലാഹ് ഖുത്വയ്ശ് സാഹിബ് പറയുന്നത് ഭൂചലനത്തിന് ഒരു ദിവസം മുമ്പേ അവർ അമാനി സാഹിബയോട് ചോദിച്ചിരുന്നു, നിങ്ങൾ നിങ്ങളുടെ വീട്ടുകാരോട് ബയ്അത്ത് ചെയ്യുന്നതിനെ കുറിച്ച് പറഞ്ഞിരുന്നോ എന്ന്. അമാനി സാഹിബ പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു. ഞാൻ എന്റെ മാതാപിതാക്കളോട് അഹ്മദിയാണെന്ന വിവരം അറിയിച്ചിട്ടുണ്ട്. സ്വലാഹ് സാഹിബ് പറയുന്നത് അമാനി സാഹിബ തന്റെ മാതാപിതാക്കളോട് അഹ്മദിയ്യത്ത് സ്വീകരിച്ചതിനെ കുറിച്ച് പറഞ്ഞപ്പോൾ അവർ എതിർപ്പോ മോശമായ പ്രതികരണമോ കാണിച്ചില്ലെന്ന കാര്യത്തിൽ വളരെ സന്തോഷത്തിലായിരുന്നു. അവരോടൊപ്പം മൂന്നു വയസ്സ് പ്രായമുള്ള മകൻ സലാഹുദ്ദീനും വഫാത്താകുകയുണ്ടായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇവർ രണ്ടുപേരും കെട്ടിടാവശിഷ്ടങ്ങൾക്കുതാഴെ പെട്ടുപോയതായിരുന്നു. അവരെ പുറത്തെടുക്കുമ്പോഴേക്കും രണ്ടു ദിവസം കഴിഞ്ഞിരുന്നു. അപ്പോഴേക്കും അവർ വഫാത്തായിരുന്നു. അമാനി സാഹിബയുടെ സന്തപ്ത കുടുംബത്തിൽ അബ്ദുൽ മുയീൻ ഖുത്വയ്ശ് സാഹിബിനെ കൂടാതെ ആറു വയസ്സുള്ള മകൾ അബീറയുമുണ്ട്. ശംസുദ്ദീൻ മജ്ലാദി സാഹിബ് മുറബ്ബി സിൽസില കബാബിർ പറയുന്നു. അമാനി സാഹിബയും അവരുടെ ഭർത്താവ് അബ്ദുൽ ഖുത്വയ്ശ് സാഹിബും കുടുംബസമേതം സിറിയയിൽനിന്ന് ഹിജ്റത്ത് ചെയ്ത് തുർക്കിയിൽ വന്നതായിരുന്നു. അമാനി സാഹിബ വളരെ ആത്മാർഥതയോടെ സേവനം ചെയ്യുന്ന സ്ത്രീയും ലളിതമായ ജീവിതം നയിക്കുന്നവരുമായിരുന്നു. ബയ്അത്തിന്റെ പ്രാധാന്യത്തെകുറിച്ച് മനസ്സിലാക്കിയതിനുശേഷം ബയ്അത്ത് ചെയ്യാൻ ഒരു വിളംബവും കാട്ടിയില്ല. പ്രത്യുത തന്റെ ഭർത്താവിനെയും സഹോദരങ്ങളെയും അക്കാര്യത്തിലേക്ക് ഉണർത്തിക്കൊണ്ടിരിക്കുകയും ചെയ്തു. പറയുന്നു, എന്റെ ഭാര്യ വിവരിക്കുന്നു, അവർ പ്രത്യേകമായ നിലയിൽ ഒരു കാര്യം നോട്ടു ചെയ്തിട്ടുണ്ട്. മർഹൂമ തന്റെ ഭർതൃവീട്ടുകാരെ എല്ലാവരെയും എപ്പോഴും ചേർത്ത് പിടിക്കുമായിരുന്നു. എല്ലാവരുമായി വളരെ സ്നേഹത്തോടെയും പെരുമാറിയിരുന്നു. ബയ്അത്ത് ചെയ്ത ദിവസം വളരെ സന്തോഷവതിയായിരുന്നു. വളരെ ആവേശത്തോടെയായിരുന്നു ഞങ്ങളെ യാത്ര അയച്ചത്. അല്ലാഹു അവരോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ,

മൂന്നാമത്തെ അനുസമരണം മഖ്സൂദ് അഹ്മദ് മുനീബ് സാഹിബ് മുറബ്ബി സിൽസിലയുടേതാണ്. അദ്ദേഹം ഫെബ്രുവരി 15–നു ഹൃദയാഘാതം മൂലം 53–ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ചൗദ്ദരീ ജാൻ മുഹമ്മദ് സാഹിബ് 1974–ൽ അഹ്മദിയ്യത് സ്വീകരിച്ചു. 1991 ജാമിഅ റബ്വയിൽ നിന്ന് മുബശ്ശിർ ഡിഗ്രി നേടി. അതിനുശേഷം നളാറത്ത് ഇസ്‌ലാഹ് വ ഇർശാദ് മാർക്കസിയായുടെ കീഴിൽ പാക്കിസ്താനിലുള്ള വിവിധ പട്ടണങ്ങളിൽ സേവനം അനുഷ്ഠിച്ചുവന്നു. 1998 മുതൽ 2006 വരെ വെസ്റ്റ് ആഫ്രിക്കയിലെ കെനിയയിൽ സേവനം ചെയ്യാനുള്ള അവസരം ലഭിച്ചു. അതിന് ശേഷം പാക്കിസ്താനിലേക്ക് തിരിച്ചു വന്നു. ഇപ്പോൾ കോയിട്ട ജില്ല മുറബ്ബിയായി സേവനം അനുഷ്ഠിക്കുകയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ ഒരു മകനും രണ്ടു പെൺമക്കളുമുണ്ട്. നാളിർ ഇസ്‌ലാഹ് വ ഇർശാദ് സാഹിബ് എഴുതുന്നു: 'വളരെ ആത്മാർഥതയോടെയും വിശ്വസ്തതയോടെയും ജോലി ചെയ്തിരുന്ന അത്യധ്വാനിയായ മുറബ്ബിയായിരുന്നു. മുറബ്ബി സിൽസില കോയിട്ട അബ്ദുൽ വക്കീൽ സാഹിബ് എഴുതുന്നു: വാഖിഫീങ്ങളെ വളരെയധികം ബഹുമാനിച്ചിരുന്ന വ്യക്തിയായിരുന്നു. മർഹൂമിനു അറിയാത്ത കാര്യത്തെ കുറിച്ച് അദ്ദേഹത്തെക്കാൾ ഞാൻ പ്രായത്തിൽ വളരെ ചെറുപ്പമായിരുന്നിട്ടുകൂടി ഒട്ടും സങ്കോചം കൂടാതെ എന്നോട് ചോദിക്കുമായിരുന്നു. മർഹൂം ദീർഘകാലം കെനിയയിൽ കഴിച്ചുകൂട്ടി. എപ്പോഴും സംസാരത്തിനിടയിൽ കെനിയയെ കുറിച്ച് തീർച്ചയായും പരാമർശിക്കുമായിരുന്നു. കെനിയയും കെനിയക്കാരും അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിരുന്നു. മർഹൂം അധികവും ഇപ്രകാരം പറയാറുണ്ടായിരുന്നു. കെനിയക്കാർ ആത്മാർഥതയിൽ വളരെ മുൻപന്തിയിലുള്ളവരും കഠിനാധ്വാനം ചെയ്യുന്നവരുമാണ്. ഖാഇദ് മജ്‌ലിസ് ഫരീദ് മുബാറക്ക് സാഹിബ് എഴുതുന്നു: വളരെ പരിശുദ്ധനും ഉത്തമ സ്വാഭാവിയും ജമാഅത്തിന്റെ ആത്മാർഥ സേവകനും ത്യാഗസന്നദ്ധനും ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹമുള്ളവനുമായിരുന്നു. പറയുന്നു: വളരെ സീനിയർ മുറബ്ബി ഇവിടെ കോയിട്ടയിൽ ട്രാൻസ്ഫറായി വരുന്നുണ്ടെന്ന് കേട്ടപ്പോൾ എനിക്ക് വളരെ സന്തോഷമുണ്ടായി. കോയിട്ട ജമാഅത്തിന് അതിന്റെ ആവശ്യമുണ്ടായിരുന്നു. പറയുന്നു: ആദ്യത്തെ കൂടിക്കാഴ്ചയിൽത്തന്നെ അദ്ദേഹം എന്റെ ഹൃദയം കവർന്നു. കോയിട്ട ജില്ലയിലെ മസ്ജിദിൽ ആദ്യമായി ഖുത്ബ നൽകിയപ്പോൾ കേൾവിക്കാർ എല്ലാവരുംതന്നെ വളരെയധികം പ്രശംസിക്കുകയുണ്ടായി. വളരെ അതിഥിസൽകാര പ്രിയനായിരുന്നു. എല്ലാവരെയും തന്റെ വീട്ടിലേക്ക് ക്ഷണിക്കുകയും നല്ലവണ്ണം സേവനം ചെയ്യുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന് ജമാഅത്തിനോട് ഉണ്ടായിരുന്ന സഹാനുഭൂതി അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് പ്രകടമായിരുന്നു. പ്രഭാഷണം നടത്തുമ്പോൾ എത്രത്തോളം വൈകാരികമായി സംസാരിച്ചിരുന്നുവെന്നാൽ കേൾവിക്കാരുടെ കണ്ണുകൾ നിറയുമായിരുന്നു. മീറ്റിങ്ങുകളിലും പര്യടനങ്ങളിലും എപ്പോഴും പങ്കെടുക്കുമായിരുന്നു. കാണുന്ന എല്ലാവരുടെയും ഹൃദയത്തിൽ ജമാഅത്തിനെ കുറിച്ചുള്ള ചിന്ത ജനിപ്പിക്കാൻ പരമാവധി ശ്രമിക്കുമായിരുന്നു. ജമാഅത്തിന്റെ അറിവുകളും അദ്ദേഹത്തിന് ഒരുപാടുണ്ടായിരുന്നു. എത്രത്തോളം വിനയം കാണിച്ചിരുന്നുവെന്നാൽ ഇതുപോലെ വിനയനായ ഒരാളെ ഞാൻ ജീവിതത്തിൽ കണ്ടിട്ടില്ല. തുടർന്ന് പറയുന്നു, 'കഴിഞ്ഞ ജുമുഅ ദിവസം, അതായത് അദ്ദേഹം വഫാത്താകുന്നതിന് ഒരു ദിവസം മുമ്പേ അദ്ദേഹത്തിന്റെ മുഖത്ത് ഒരു പ്രത്യേക ചൈതന്യമുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെ കണ്ടപ്പോൾ നാളിം ഉമൂമി സാഹിബിന്റെ മുന്നിൽവെച്ച് മുറബ്ബി സാഹിബിനോട് താങ്കൾ ഇന്ന് വളരെ സുന്ദരവദനനായിരിക്കുന്നുവെന്ന് സൂചിപ്പിക്കുകയും ചെയ്തിരുന്നു. ഇത് അദ്ദേഹത്തിന്റെ അവസാന ജുമുഅ ആയിരുന്നു എന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു. പിന്നെ അദ്ദേഹം വഫാത്തായി. അല്ലാഹു തആല അദ്ദേഹത്തിന് മഗ്ഫിറത്തും കാരുണ്യവും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. എല്ലാവരുടെയും ജനാസ ഇൻശാ അല്ലാഹ് ഞാൻ ഇപ്പോൾ നമസ്കരിപ്പിക്കുന്നതാണ്.



**ജുമുഅ ഖുത്ബ 2023 ഫെബ്രുവരി 17**
**(മുൻ ലക്കത്തിൽ നിന്നും ബാക്കി തർജമ)**

ഹദ്റത്ത് ഉഥ്മാനിന്റെ കാലത്തെ സംബന്ധിച്ച ശരിയായ ഇസ്‌ലാമിക ചരിത്രം പഠിക്കാൻ ശ്രമിക്കുന്നത്രയും ആർക്കുംതന്നെ ഈ പ്രഭാഷണം പഠനാർഹവും അമൂല്യമായും അനുഭവപ്പെടുന്നതാണ്."(ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം, മുഖവുരപ്പേജ്, പ്രസാധനം നവംബർ 1930)

ഇനിയും ഒരുപാട് നിരൂപണങ്ങളുണ്ട് എല്ലാം വിവരിക്കാൻ സമയമില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ മറ്റൊരു പ്രഭാഷണമായ ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥിതി, ലാഹോറിലെ അഹ്മദിയ്യ ഹോസ്റ്റലിലാണ് നടത്തിയത്. ഈ പ്രഭാഷണം ഏകദേശം രണ്ടര മണിക്കൂർ നീണ്ടുനിന്നു. ഇതിൽ അഹ്മദികൾക്കു പുറമെ നൂറുക്കണക്കിന് ചില ഭാഗങ്ങളിൽ ആയിരക്കണക്കിന് എന്നും എഴുതിയിട്ടുണ്ട്, മുസ്‌ലിം അമുസ്‌ലിം പ്രമുഖരും സംബന്ധിച്ചിരുന്നു. എല്ലാവരും വിദ്യാസമ്പന്നരായിരുന്നു. അഹ്മദികളും അമുസ്‌ലീങ്ങളുമായ ഭൂരിഭാഗം ആളുകളും ഉന്നത വിദ്യാഭ്യസമുള്ളവരും പഞ്ചാബ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസ്സർമാരും വിദ്യാർഥികളുമായിരുന്നു. പ്രഭാഷണത്തിന് ഇടയിൽ പ്രൊഫസ്സർമാരും വക്കീൽമാരും മറ്റു വിജ്ഞാന കുതകികളും നിരവധി നോട്സുകൾ തയ്യാറാക്കിക്കൊണ്ടിരുന്നു."(അൻവാറുൽഉലൂം വാല്യം18, "ഇസ്‌ലാം കാ ഇഖ്തിസ്വാദി നിളാം" ആമുഖം പേജ് 1)

ഇസ്‌ലാമിക സാമ്പത്തികവ്യവസ്ഥിയുടെ സംക്ഷേപം അവരിൽ അവതരിപ്പിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥ എന്ന് പറയുന്നത് വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ഭരണകൂട ഇടപെടലുകളുടെയും ഒരു സമുചിത സങ്കലനത്തിന്റെ പേരാകുന്നു. സ്വാതന്ത്ര്യവും ഭരണകൂട ഇടപെടലും പരസ്പരം ഉചിതമായ നിലയിൽ ബന്ധിതമാണ്. രണ്ടും സഹകരിച്ച് പോകണം. അതായത് ഇസ്‌ലാം ലോകത്തിന് മുന്നിൽ സമർപ്പിക്കുന്ന സമ്പദ്‌വ്യവസ്ഥിതിയിൽ ഒരു പരിധിവരെ ഭരണകൂടത്തിന്റെ ഇടപെടലുകളുമുണ്ട്. ഒരു പരിധിവരെ വ്യക്തി സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. ഇവ രണ്ടിന്റെയും സമുചിതമായ സങ്കലനത്തിന്റെ പേരാണ് ഇസ്‌ലാമിക് സമ്പദ് വ്യവസ്ഥ. വ്യക്തി സ്വാതന്ത്ര്യം വെച്ചതിന്റെ കാരണം മനുഷ്യൻ ആഖിറത്തിലേക്കുള്ള മൂലധനം ശേഖരിക്കാൻ വേണ്ടിയാണ്. അവർക്കുള്ളിൽ മത്സരിക്കാനും മുന്നേറാനുമുള്ള ത്വര ഉണ്ടാകണം. കേവലം ഭൗതികമായ മുന്നേറ്റം മാത്രമല്ല മറിച്ച് പരലോകത്തിന് വേണ്ടിയും നന്മകൾ ചെയ്തുകൊണ്ട് മുന്നേറാനും നന്മകൾ വർധിപ്പിക്കാനും മത്സരബുദ്ധ്യാ മുന്നേറേണ്ടതാണ്." തുടർന്ന് പറയുന്നു: "ഭരണകൂടത്തിന്റെ ഇടപെടൽ വെച്ചതിന്റെ കാരണമെന്തെന്നാൽ ആർക്കുംതന്നെ തങ്ങളുടെ സാധുസഹോദരങ്ങളെ സാമ്പത്തികമായി തകർക്കാൻ കഴിയാതിരിക്കാൻ വേണ്ടിയാണ്. അതായത് മനുഷ്യകുലത്തെ നാശത്തിൽനിന്ന് സംരക്ഷിക്കാൻ വേണ്ടിയാണ് ഭരണകൂടത്തിന്റെ ഇടപെടൽ അനിവാര്യമാണെന്ന് കരുതുന്നത്. അതോടൊപ്പം മത്സരിക്കാനും പരലോകജീവിതത്തിന് കരുക്കൾ ശേഖരിക്കുന്നതിനുമുള്ള വ്യക്തി സ്വാതന്ത്ര്യം നിലനിറുത്തുന്നു. വ്യക്തിസ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നതിനുപകരം അത് പൂർണമായും സംരക്ഷിക്കപ്പെടുന്നു. ചുരുക്കത്തിൽ ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയിൽ വ്യക്തിസ്വാതന്ത്ര്യത്തെ എല്ലാ നിലയ്ക്കും സംരക്ഷിക്കുന്നു. അങ്ങനെ ഒരാൾക്ക് ഐച്ഛിക സേവനങ്ങൾ മുഖേന പരലോക ജീവിതത്തിന് വേണ്ട സാമഗ്രികൾ ഒരുക്കാനും കഴിയും. മത്സരബുദ്ധി വർധിക്കുന്നതോടൊപ്പം ബൗദ്ധികമായ തലവും വളരെ വിശാലമാകുന്നതാണ്. സർക്കാരിന്റെ ഇടപെടലും നിലനിറുത്തിയിരിക്കുന്നു. അങ്ങനെ വ്യക്തിപരമായ ദൗർബല്യം കാരണം സമ്പത്തിന്റെ അടിത്തറ അന്യായവും അനീതിയും ആകാതിരിക്കാൻ ശ്രദ്ധിച്ചിരിക്കുന്നു. മനുഷ്യകുലത്തിന്റെ പുരോഗതിക്കുള്ള ഒരു വഴിയും അടഞ്ഞു പോകാതിരിക്കാൻ ശ്രദ്ധിച്ചിരിക്കുന്നു.(ഇസ്‌ലാം കാ ഇഖ്തിസ്വാദി നിളാം, അൻവാറുൽഉലൂം വാല്യം 18, പേജ് 35)

ഹുദൂർ തന്റെ പ്രഭാഷണത്തിന്റെ രണ്ടാംഭാഗത്ത് കമ്യൂണിസത്തിന്റെ മതപരവും സാമ്പത്തികപരവും രാഷ്ട്രീയപരവുമായ വീക്ഷണങ്ങളെയും കർമങ്ങളെയും കുറിച്ച് വിശദമായി അവലോകനം ചെയ്യുന്നുണ്ട്. ഏറ്റവും അവസാനം ബൈബിളിലെ ഒരു മഹത്തായ പ്രവചനത്തിന്റെ ഉർദു ടെക്സ്റ്റ് കേൾപ്പിച്ചതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും തന്റെയും പ്രവചനങ്ങളും ചേർത്തിട്ടുണ്ട്. ചുരുക്കത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (ന്റെ) ഈ പ്രഭാഷണം ഉന്നത വൈജ്ഞാനിക മേഖലകളിൽ ഒരു കോളിളക്കമുണ്ടാക്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ തലത്തിലും അനിതരസാധാരണമായ വിജയങ്ങൾ കരസ്ഥമാക്കി.(അൻവാറുൽഉലൂം വാല്യം 18, "ഇസ്‌ലാം കാ ഇഖ്തിസ്വാദി നിളാം" ആമുഖം പേജ് 3)

ഈ പ്രഭാഷണം സദസ്യർ വളരെ ശ്രദ്ധാപൂർവ്വം കേട്ടു. പ്രഭാഷണം കഴിയുന്നത്രയും നീണ്ടനേരം ശിരസ്സുകൾക്ക് മീതെ പക്ഷികൾ വന്നിരിക്കുന്ന അവസ്ഥയിലാണ് ആളുകൾക്കുണ്ടായിരുന്നത്. തുടർച്ചയായി രണ്ടര മണിക്കൂറോളം പ്രഭാഷണം നീണ്ടു. ഒരു പ്രൊഫസർ ഈ പ്രഭാഷണം കേട്ട് കഴിഞ്ഞപ്പോൾ കരയുന്നുണ്ടായിരുന്നു. കമ്യൂണിസ്റ്റ്തൽപരരായ ചില വിദ്യാർഥികൾ തങ്ങൾ ഇസ്‌ലാമിക സോഷ്യലിസത്തിന്റെ വക്താക്കളായെന്നും ഇനി അതാണ് ശരിയായതെന്ന് അംഗീകരിക്കുന്നുവെന്നുമുള്ള അഭിപ്രായം പ്രകടിപ്പിക്കുമായുണ്ടായി. യൂണിവേഴ്സിറ്റിയിലെ എക്കണോമിക്സ് ഡിപ്പാർട്മെന്റിലുള്ള എം എ വിദ്യാർഥികളിൽ ചിലർ ഹുദൂറിന്റെ ഈ പ്രഭാഷണം യൂണിവേഴ്സിറ്റിയിലെ എക്കണോമിക്സ് ഡിപ്പാർട്മെന്റിലെ പ്രൊഫസർമാർക്ക് ഇംഗ്ലീഷിൽ തർജമ ചെയ്തു എത്തിക്കണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. അക്കാലഘട്ടത്തിൽ ഇംഗ്ലീഷുകാരുടെ ഭരണമായിരുന്നതിനാൽ അധികവും ഇംഗ്ലീഷ് പ്രൊഫസർമാർ ആയിരുന്നു. കൂടാതെ അവർ പറഞ്ഞു, ഇന്ത്യയുടെ ഭാവിപുരോഗതിക്ക് വേണ്ടിയുള്ള വിവിധ സ്കീമുകൾ ജനങ്ങളിൽനിന്ന് സമർപ്പിക്കുമ്പോൾ ഹുദൂർ സമർപ്പിച്ച ഇസ്‌ലാമിക സംവിധാനവും മുസ്‌ലിമീങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നതാണ്. (അൻവാറുൽഉലൂം വാല്യം 18, "ഇസ്‌ലാം കാ ഇഖ്തിസ്വാദി നിളാം" ആമുഖം പേജ് 2-3)

ഈ പ്രഭാഷണത്തിന് അധ്യക്ഷത വഹിച്ചത് ലാഹോർ ഹൈക്കോർട്ടിലെ അഡ്വക്കേറ്റ് ആയ മിസ്റ്റർ രാമചന്ദ്ര മച്ചൻഡ സാഹിബ് ആയിരുന്നു. ഈ മഹത്തായ പ്രഭാഷണത്തിനുശേഷം അധ്യക്ഷനായ ലാല രാംചന്ദർ മച്ചൻഡ സാഹിബ് ഒരു ഹ്രസ്വഭാഷണം നടത്തുകയുണ്ടായി. അദ്ദേഹം പറയുന്നു: 'ഇത്ര വിലപ്പെട്ട ഒരു പ്രഭാഷണം കേൾക്കാൻ കഴിഞ്ഞത് എന്റെ സൗഭാഗ്യമാണ്. അഹ്മദിയ്യ പ്രസ്ഥാനം പുരോഗതി പ്രാപിക്കുന്നു എന്നതും വളരെ പ്രകടമായ പുരോഗതിയിലാണുള്ളതെന്നതും എനിക്ക് സന്തോഷമുണ്ട്. ഈ സമയത്ത് നിങ്ങൾ കേട്ട ഈ പ്രഭാഷണത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവ് വളരെ വിലയേറിയ പുതിയ കാര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. എനിക്ക് ഈ പ്രഭാഷണംകൊണ്ട് ഒരു പാട് നേട്ടമുണ്ടായി. നിങ്ങളും ഇതിലെ വിലയേറിയ അറിവുകളിൽനിന്ന് പ്രയോജനം കരസ്ഥമാക്കിയുണ്ടാകും എന്നാണ് ഞാൻ കരുതുന്നത്. ഈ സമ്മേളനത്തിൽ മുസ്‌ലിമീങ്ങൾ മാത്രമല്ല അമുസ്‌ലിമീങ്ങളും പങ്കെടുക്കുന്നു എന്നതിൽ എനിക്ക് സന്തോഷമുണ്ട്."

തുടർന്ന് പറയുന്നു: ഇസ്‌ലാമിന്റെ നിയമങ്ങൾ കേവലം മുസ്‌ലിമീങ്ങൾക്ക് മാത്രമുള്ളതാണെന്നും അമുസ്‌ലിമീങ്ങളെ പരിഗണിച്ചിട്ടില്ലെന്നുമുള്ള എന്റെ നേരത്തെയുണ്ടായിരുന്ന ധാരണ തെറ്റാണെന്ന് എനിക്ക് ബോധ്യമായി. ഇന്ന് അഹ്മദിയ്യ ജമാഅത്തിന്റെ നേതാവിന്റെ പ്രഭാഷണം കേട്ടപ്പോൾ ഇസ്‌ലാമിന്റെ അധ്യാപനം എല്ലാ ജനങ്ങൾക്കും തുല്യമായ അധ്യാപനം നൽകുന്നുവെന്നു എനിക്ക് മനസ്സിലായി. അത് എനിക്ക് ഏറെ സന്തോഷം പകരുന്നതാണ്. ഞാൻ അമുസ്‌ലിം സുഹൃത്തുക്കളോടു പറയട്ടെ. ഇത്തരത്തിലുള്ള ഒരു ഇസ്‌ലാമിനെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിൽ നിങ്ങൾക്കെന്താണ് വിഷമം. നിങ്ങൾ വളരെ സമാധാനത്തോടുകൂടി രണ്ടര മണിക്കൂർ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം ശ്രവിക്കുന്നത് ഏതെങ്കിലും യൂറോപ്യൻ കാണുകയാണെങ്കിൽ ഇന്ത്യക്കാർ ഇത്രമാത്രം പുരോഗതി പ്രാപിച്ചോ എന്ന കാര്യത്തിൽ അത്ഭുതം കൂറുന്നതാണ്."

പിന്നീട് ഈ നിരൂപണം നടത്തുന്നയാൾ എഴുതുന്നു:"......പ്രസംഗം കേട്ടതിനുശേഷം ഭൂരിഭാഗം നാവുകളിലും സ്തുതിവചനങ്ങളായിരുന്നു ഉണ്ടായിരുന്നത്. എന്നല്ല വിശ്വാസങ്ങളുടെ മൈതാനത്ത് തങ്ങൾ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനോടു വിഭിന്നാഭിപ്രായം വെച്ചു പുലർത്തുന്നുവെങ്കിലും ഇക്കാര്യം സമ്മതിക്കുന്നുവെന്ന് ഒരു വലിയ വിഭാഗമാളുകൾ പറയുകയുണ്ടായി." ഞങ്ങളുടെ വിശ്വാസം വിഭിന്നമാണ്. ഇവരുടെ വിശ്വാസത്തെ തങ്ങൾ അംഗീകരിക്കുന്നില്ല. വിശ്വാസത്തിൽ അഭിപ്രായഭിന്നത ഉണ്ടായിട്ടും ഇക്കാര്യത്തെ അവർ അംഗീകരിക്കുന്നു. പറയുന്നു: "എന്നാൽ, ഈ യാഥാർഥ്യം നിഷേധിക്കാനാവില്ല. താങ്കൾ ഇക്കാലത്ത് ഇന്ത്യയിലെ ഏറ്റവും വലിയ ആലിം(മതപണ്ഡിതൻ) ആണ്. യാഥാർഥ്യവും ഇതുതന്നെയായിരുന്നു. സാമ്പത്തിക വിജ്ഞാനത്തെ സംബന്ധിച്ച് ഖുർആനികമായ യാഥാർഥ്യങ്ങളുടേയും വിജ്ഞാനങ്ങളുടേയും പ്രകടനവും യൂറോപ്പിലെ സാമ്പത്തികശാസ്ത്രത്തിന്റെ ഖണ്ഡനവും ഇന്നേവരെ ഒരു മനുഷ്യന്റേയും ഭാഗത്തുനിന്ന്, ഇസ്‌ലാമിന്റെ നിഷേധികൾത്തന്നെ ഇത്തരം വ്യവസ്ഥിതിയുടെ ശ്രേഷ്ഠത സമ്മതിക്കുവിധം അവതരിപ്പിക്കപ്പെട്ടിട്ടില്ല. കമ്മ്യൂണിസത്തെ പിന്തുണയ്ക്കുന്നവർ തന്നെ കമ്മ്യൂണിസത്തിന്റെ ന്യൂനതകൾ സമ്മതിക്കാൻ നിർബന്ധിതരായിത്തീർന്നു. ഹദ്റത്ത് മൗലാനാ ശേർ അലി സാഹിബ്(റ) വിവരിക്കുന്നു, അദ്ദേഹം പ്രസംഗത്തിനുശേഷം ചില അനഹ്മദി യുവാക്കൾ പരസ്പരം ഇങ്ങനെ സംസാരിക്കുന്നതായി കേട്ടു. ഇതു കേട്ടിട്ടും നിങ്ങൾ കമ്മ്യൂണിസത്തെ പിന്തുണയ്ക്കുകയാണെങ്കിൽ നിങ്ങളിൽ ശാപമുണ്ടാകട്ടെ." ഇപ്രകാരംതന്നെ ഒരു പ്രൊഫസർ സാഹിബ്, അദ്ദേഹത്തെ കുറിച്ച് മുമ്പേയും പരാമർശമുണ്ടായതാണ് ഇതുകേട്ട് പൊട്ടിക്കരഞ്ഞു. "......പ്രസംഗത്തിന്റെ അവസാനത്തിൽ അനഹ്മദീ പ്രൊഫസർ സാഹിബുമാരും വിദ്യാർഥികളും സമയം കുറവായ കാരണത്താൽ ഹുദൂറിന് തന്റെ പ്രഭാഷണത്തിൽ വിഷയത്തിന്റെ എല്ലാ വശങ്ങളുടേയുംമേൽ തന്റെ വിചാരധാര പ്രകടിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നും അതുകൊണ്ട് മറ്റൊരു പ്രഭാഷണം കൂടി നടത്തുകയെന്നുമുള്ള ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. അതിൽ ഹുദൂറിന് അല്ലാഹു പ്രദാനം ചെയ്തിട്ടുള്ള വിജ്ഞാനങ്ങളുടെ ഈ അരുവിയിൽനിന്ന് ജനങ്ങൾ വയറു നിറയെ കുടിക്കുന്നതിന് വിഷയത്തിന്റെ മറ്റു ഭാഗങ്ങളും വിവരിക്കപ്പെടേണ്ടതുണ്ട്."(താരീഖെ അഹ്മദിയ്യത്ത്, വാല്യം 9,പേജ് 495-497). അതായത് ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും.

ഇസ്‌ലാമിയ്യ കോളേജ് ലാഹോർ വൈസ് പ്രിൻസിപ്പാളായ സയ്യിദ് അബ്ദുൽഖാദിർ സാഹിബ് എം.എ. ഇദ്ദേഹം ഇസ്‌ലാമിയ കോളേജ് ചരി

ത്രവകുപ്പിന്റെ പ്രസിഡന്റുമാണ് ഇസ്‌ലാമും കമ്മ്യൂണിസവും എന്ന വിഷയത്തെ അധികരിച്ച് സൺറൈസ് ലാഹോർ പത്രത്തിൽ ഒരു കുറിപ്പ് എഴുതുകയുണ്ടായി. അതിന്റെ കുറച്ചു ഭാഗം ഇങ്ങനെയാണ്. അദ്ദേഹം എഴുതുന്നു: ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥിതിയും കമ്മ്യൂണിസവും എന്ന വിഷയത്തിൽ അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം(ഹദ്റത്ത്) മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ പ്രഭാഷണം കേട്ടപ്പോൾ എനിക്കും അഭിമാനം കരസ്ഥമായി. ഈ പ്രഭാഷണവും അദ്ദഹത്തിന്റെ മറ്റു പ്രഭാഷണങ്ങൾപോലെ കേൾക്കാൻ എനിക്ക് അവസരം കിട്ടി. വിജ്ഞാനപരമായ ചിന്താഗതികളിൽ തിളക്കമുണ്ടാക്കുന്നതും അറിവുകൾ നിറഞ്ഞതുമായിരുന്നു അത്. മിർസാ സാഹിബ് ദൈവദത്തമായ കഴിവുകളുടെ ഉടമയാണ്. ഈ വിഷയത്തിന്റെ എല്ലാ വശങ്ങളിലും അദ്ദേഹത്തിന് പൂർണമായ അവഗാഹമുണ്ട്.” ഒരു ഡിഗ്രിയുമെടുത്തിട്ടില്ല. ഒരു റിസർച്ചും ചെയ്തിട്ടില്ല. പക്ഷേ, അല്ലാഹു പഠിപ്പിച്ചു.“ഇക്കാരണത്താൽ അവിടത്തെ ചിന്താധാരകളെ നമ്മൾ ആദരദൃഷ്ടിയോടെ നോക്കിക്കൊണ്ട് അവയിൽ ശ്രദ്ധിക്കേണ്ടതാണ്.”(താരീഖെ അഹ്മദിയ്യത്ത് വാള്യം 9, പേജ് 499)

പിന്നീട് വിവിധ ഭാഷകളിൽ അതിന്റെ തർജമകളും ഇറങ്ങി. അതിന്റെ തർജമകൾ വായിച്ച് വിദേശികളായ മാധ്യമപ്രവർത്തകരും വിദ്യാസമ്പന്നരായ ആളുകളും അതിനെ പ്രശംസിക്കുകയുണ്ടായി. സ്പെയിനിലെസുപ്രിം ട്രൈബ്യൂണലിന്റെ പ്രസിഡന്റ് എസ്.ഡി.ജോസ് കാസ്റ്റൻ(S.Y.D.JOSE CASTAN)പ്രഭാഷണം വായിച്ച് മൗലവി കറം ഇലാഹി സാഹിബ് സഫ്റിന് എഴുതി:നിങ്ങളുടെ കത്തിന് ഞാൻ വളരെ നന്ദിയുള്ളവനാണ്. അതിനോടൊപ്പം ഉത്തമമായ ഒരു ഗ്രന്ഥവുമുണ്ട്. അതിന്റെ വായന എന്റെ പ്രകൃതിയിൽ അങ്ങേയറ്റം മഹത്തായസ്വാധീനവും ഉന്നതമായ പ്രഭാവവും ഉണ്ടാക്കിയിരിക്കുന്നു. ഞാൻ നിങ്ങൾക്ക് ഉറപ്പുനല്കുകയാണ്, (അല്ലാഹു) നിങ്ങൾക്ക് ഈ രാജ്യത്തും(സ്പെയിൻ) ഇതിനു വെളിയിലും കനത്ത വിജയം പ്രദാനം ചെയ്യുന്നതായിരിക്കും. ഗ്രന്ഥം വർത്തമാനകാല അവസ്ഥകളെ സംബന്ധിച്ച് വളരെ ഹൃദയഹാരിയാണ്.”(താരീഖെ അഹ്മദിയ്യത്ത് വാള്യം 12, പേജ് 35)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വഫാത്തായപ്പോൾ ശ്രീനഗറിൽനിന്ന് പുറപ്പെട്ടിരുന്ന രോശനി എന്ന പത്രം 1965 നവംബർ 11 ന് എഴുതി: “ആൾ ഇന്ത്യാ കശ്മീർ കമ്മിറ്റിയുടെ ഒന്നാമത്തെ സ്വദ്ർ ജനാബ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി സാഹിബിന്റെ വഫാത്ത് വേദനാജനകമാണ്.” പറയുന്നു: ഒരു മഹാപണ്ഡിതനും ചിന്തകനുമായിരുന്നു. പ്രസംഗിക്കുന്നതിൽ അദ്ദേഹത്തിന് സമാനനായി ഒരുപക്ഷേ, ആരുമുണ്ടാകുകയില്ല. എത്രത്തോളമെന്നാൽ, “ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥിതി, ഇസ്‌ലാമിലെ നവലോകക്രമം പോലുള്ള അതിസൂക്ഷ്മമായ വിഷയങ്ങളിൽ വെവ്വേറെ പ്രസംഗങ്ങളുണ്ടായി. അതു ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ച് പൊതുസ്വീകാര്യത നേടിക്കഴിഞ്ഞു. ഇന്റർനാഷണൽ കോർട്ടിന്റെ ജഡ്ജ് ജസ്റ്റീസ് സഫ്റുല്ലാ ഖാൻ സാഹിബും അദ്ദേഹത്തിന്റെ മുരീദന്മാരിൽ പെടുന്നു എന്ന കാര്യത്തിൽനിന്ന് അദ്ദേഹത്തിന്റെ പാണ്ഡിത്യം നല്ലവണ്ണം അനുമാനിക്കാൻ കഴിയും. അദ്ദേഹത്തിന്റെ വാക്കുകളിൽ അദ്ദേഹത്തിന്റെ വ്യക്തിപരമായ സവിശേഷ ഗുണങ്ങളുടെ ഹൃദയാവർജകമായ ഒരു ശേഖരം സമർപിക്കുകയാണ്. അതു ഒരു വ്യക്തിയിലുണ്ടാകുക എന്നത് വളരെ വിരളമാണ്......... ‘അവൻ ലൗകികവും ആത്മീയവുമായുള്ള വിദ്യകളുടെ ഉത്ഭവസ്ഥാനവുമാണ്.’ ലൗകികവും ആത്മീയവുമായുള്ള വിദ്യകളുടെ ഉത്ഭവസ്ഥാനമാണെന്ന് ഇപ്പോൾ അന്യർ സമ്മതിച്ചുകൊണ്ടിരിക്കുന്നു.“ അവിടന്ന് ചിന്താശക്തിയുടേയും കർമങ്ങളുടേയും മൈതാനത്ത് ഒരുപോലെ അശ്വഭടനാണ്. അവിടത്തെ ജീവിതത്തിന്റെ ഒരുപാട് ഭാഗം ചർച്ചയിലും ചിന്തയിലും കഴിഞ്ഞുപോകുന്നു. പക്ഷേ, കർമരംഗത്ത് അവിടെന്നൊരു ദൃഢനിശ്ചയമുള്ളതും ധൈര്യവാനുമായ നായകനും കൂടിയാണ്.” വീണ്ടും പറയുന്നു: “ജനാബ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന് എല്ലാ കശ്മീരി മനസ്സുകളിൽനിന്നും സ്തുതിയാണുള്ളത്. എന്തുകൊണ്ടെന്നാൽ കശ്മീരിന്റെ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ അദ്ദേഹത്തിന് വളരെ വലിയ പങ്കാണുള്ളത്. 1931 –ൽ കശ്മീർ പ്രസ്ഥാനം തുടങ്ങിയപ്പോൾ അദ്ദേഹംതന്നെയായിരുന്നു ആൾ ഇന്ത്യാ കശ്മീർ കമ്മിറ്റിയുടെ ഒന്നാമത്തെ പ്രസിഡന്റ്. ഈ പ്രസ്ഥാനം വളരുകയും അതിന്റെ ഒച്ചപ്പാട് ലോകമൊട്ടുക്കും വ്യാപിക്കുകയും ചെയ്തത് അദ്ദേഹത്തിന്റെതന്നെ പരിശ്രമങ്ങളുടെ ഫലമായിരുന്നു.” (താരീഖെ അഹ്മദിയ്യത്ത് , വാള്യം 24 പേജ് 184–185)

1924–ൽ ഇംഗ്ലണ്ടിൽ ലണ്ടനിൽ നടന്ന വിംബ്ലെ കോൺഫ്രൻസ് ജമാഅത്തിന്റെ ചരിത്രത്തിൽ വളരെ പ്രസിദ്ധമാണ്. അതിൽ അദ്ദേഹത്തിന്റെ ഒരു പ്രബന്ധം വായിക്കപ്പെടുകയുണ്ടായി. അതിനെ കുറിച്ചുള്ള മറ്റുള്ളവരുടെ അഭിപ്രായമെന്തായിരുന്നു. പ്രബന്ധത്തിന്റെ അവസാനം അധ്യക്ഷൻ ഹ്രസ്വമായ വാക്കുകളിൽ റിമാർക്സ് നല്കിക്കൊണ്ടു പറഞ്ഞു: ‘എനിക്ക് അധികം പറയേണ്ട ആവശ്യമില്ല. വിഷയത്തിന്റെ വിശേഷതയുടേയും ചാരുതയുടേയും അനുമാനം പ്രബന്ധംതന്നെ ചെയ്യിച്ചിട്ടുണ്ട്.” ഇദ്ദേഹം ഇംഗ്ലീഷുകാരനാണ്. “ഞാൻ എന്റേയും സമ്മേളനത്തിൽ പങ്കെടുത്തവരുടേയും ഭാഗത്തുനിന്ന് പ്രബന്ധത്തിന്റെ സവിശേഷമായ ക്രമീകരണത്തിനും നല്ല ചിന്താഗതികൾക്കും ഉന്നതനിലവാരത്തിലുള്ള തെളിവുകളുടെ സമർപണത്തിനും ഹദ്റത്ത് ഖലീഫത്തുൽ മസീഹിന് നന്ദി പറയുക മാത്രമാണ് ചെയ്യുന്നത്. പങ്കെടുത്തവരുടെ മുഖങ്ങൾ സന്ദർഭോചിതം ഞാൻ ഇപ്പറഞ്ഞതിനോടു യോജിക്കുന്നു. അവർക്കുവേണ്ടി നന്ദി രേഖപ്പെടുത്തുന്ന കാര്യത്തിൽ ഞാൻ സത്യത്തിലാണെന്ന് അവർ സമ്മതിക്കുന്നുണ്ടെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുകയും അവരെ പ്രതിനിധാനം ചെയ്യുന്ന കടമ നിറവേറ്റുകയും ചെയ്യുന്നു. പിന്നീട് ഹദ്റത്ത് സാഹിബിനു നേരെ തിരിഞ്ഞ് പറഞ്ഞു: ഞാൻ അങ്ങയുടെ പ്രബന്ധം വിജയിച്ചതിൽ ആശംസകൾ നേരുന്നു. ഇന്നു വായിക്കപ്പെട്ട അങ്ങയുടെ പ്രബന്ധം ഏറ്റവും മികച്ചതായിരുന്നു. റിപ്പോർട്ട് എഴുതുന്നവർ എഴുതുന്നു: “.....ഒരു സാഹിബ് ഹുദൂറിന്റെ സന്നിധിയിൽ ഹജരായി. അദ്ദേഹം പറഞ്ഞു: ഞാൻ ഇന്ത്യയിൽ 30 വർഷം ജോലി ചെയ്തു. മുസ്‌ലിമീങ്ങളുടെ അവസ്ഥകളേയും തെളിവുകളേയും കുറിച്ച് വായിച്ചു. കാരണം ഞാനൊരു മിഷണറി എന്ന നിലയിലാണ് ഇന്ത്യയിൽ താമസിച്ചത്. എന്നാൽ, ഏതൊരു സവിശേഷതയോടും ചാരുതയോടും കൂടിയാണോ അങ്ങ് ഇന്ന് പ്രബന്ധം അവതരിപ്പിച്ചത് ഞാൻ ഇതിനുമുമ്പേ ഒരിടത്തും കേട്ടിട്ടില്ല. ചിന്താഗതികളുടെ അടിസ്ഥാനത്തിലും വിഷയക്രമീകരണത്തിന്റെ അടിസ്ഥാനത്തിലും തെളിവുകളുടെ അടിസ്ഥാനത്തിലുമെല്ലാം, അതിന്റെ വളരെ അഗാധമായ സ്വാധീനം എന്നിൽ ഉണ്ടായിരിക്കുന്നു.”(അൽഫള്ൽ 1924 ഒക്ടോബർ 23, വാള്യം 12, ലക്കം 45, പേജ് 4)

ഇത്തരത്തിലുള്ള അസംഖ്യം പ്രതികരണങ്ങളുണ്ട്. തുടക്കത്തിൽ ഞാൻ പറഞ്ഞതുപോലെ വിവിധ വിഷയങ്ങളിൽ അദ്ദേഹത്തിന്റെ ലേഖനങ്ങളുടേയും ഖുത്ബകളുടേയും എണ്ണം അസംഖ്യമാണ്. ചില ഉദാഹരണങ്ങൾ ഞാൻ സമർപിച്ചു കഴിഞ്ഞു.

‘ഫത്തൽ അറബ് ദിമിശ്ഖ്’ പത്രത്തിന്റെ ഒരു ഉദ്ധരണി സമർപിക്കുകയാണ്. “1924–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ യൂറോപ്പിൽ പോയപ്പോൾ വഴിയിൽ അറേബ്യൻ രാജ്യങ്ങളിലും താമസിക്കുകയുണ്ടായി. ഈ അവസരത്തിൽ അറേബ്യൻ പത്രമാധ്യമങ്ങളും അദ്ദേഹത്തെ കുറിച്ചുള്ള തങ്ങളുടെ പ്രതികരണങ്ങൾ പ്രസിദ്ധീരിച്ചു. ‘ഫത്തൽ അറബ് ദിമിശ്ഖ്’ പത്രം തങ്ങളുടെ 1924 ആഗസ്റ്റ് 10–ാം തിയതിയിലെ പത്രത്തിലെഴുതി:

“ഈ ഖലീഫ സാഹിബ് 40–ാമത്തെ വയസ്സിലാണുള്ളത്. മുഖത്ത് കറുത്ത വിശാലമായ താടി വെച്ചിട്ടുണ്ട്. മുഖം ഗോതമ്പ് നിറമാണ്. തേജസ്സും മഹത്വവും മുഖത്ത് അതിജയിച്ചിരിക്കുന്നു. ഇരുകണ്ണുകളുംബുദ്ധിവൈഭവത്തിന്റേയുംമനഃസ്സാന്നിധ്യത്തിന്റേയും അസാധാരണമായ അറിവിന്റേയും വിശേഷബുദ്ധിയുടേയും വിവരം നല്കിക്കൊണ്ടിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തിന്റെ മുഖത്തിന്റെ കവിളുകളിൽ– അദ്ദേഹം തന്റെ മഞ്ഞുപോലെയുള്ള വെള്ള പഗ്ഡി അണിഞ്ഞു നില്ക്കുമ്പോൾ– ഈ ബുദ്ധിപരമായ കഴിവുകൾ നോക്കികാണുമ്പോൾ, നിങ്ങൾ അദ്ദേഹത്തെ മനസ്സിലാക്കുന്നതിനു മുമ്പേ അദ്ദേഹം നിങ്ങളെ നല്ലവണ്ണം മനസ്സിലാക്കിയിരിക്കുന്നുവെന്നുള്ള ദൃഢവിശ്വാസം നിങ്ങൾക്കുണ്ടാകുന്നതിയാരിക്കും.” അദ്ദേഹം തന്റെ ദൃഷ്ടിൾകൊണ്ട് നിങ്ങളെ കാണുന്നുണ്ട്.“അദ്ദേഹത്തിന്റെ ചുണ്ടുകളിൽ മന്ദസ്മിതം വിടർന്നുകൊണ്ടിരിക്കുന്നു.” പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെ കുറിച്ച് പറഞ്ഞു: “അദ്ദേഹത്തിന്റെ ചുണ്ടുകളിൽ മന്ദസ്മിതം വിടർന്നുകൊണ്ടിരിക്കുന്നു.” “അത് ചിലപ്പോൾ പ്രകടമാകുകയും ചിലപ്പോൾ അപ്രത്യക്ഷമാകുകയും ചെയ്യുന്നു.” എപ്പോഴും മന്ദസ്മിതം നിലനില്ക്കുന്നുണ്ട്. പിന്നീട് അദ്ദേഹം പഠിക്കുന്നവരോടു പറയുന്നു, നിങ്ങൾ ഈ അവസ്ഥ കാണുകയാണെങ്കിൽ ഈ മന്ദസ്മിതത്തിനുതാഴെയുള്ള അർഥവും അതിലുണ്ടാകുന്ന പ്രതാപവും കണ്ട് അത്ഭുതപ്പെടുന്നതായിരിക്കും.”(ഖാലിദ് മാസിക സയ്യിദുനാ മുസ്‌ലിഹ് മൗഊദ് നമ്പർ, 2008 ജൂൺ–ജൂലായ്)

ഇപ്രകാരം മറ്റുള്ളവരുടെ നിരവധി പ്രതികരണങ്ങളുണ്ട്. അതായത് അല്പകാലമോ ദീർഘകാല മോ അദ്ദേഹത്തിന്റെ സഹവാസത്തിലിരുന്നവരുടെ! ഞാൻ പറഞ്ഞതുപോലെ സമാഹരിപ്പിച്ചെടുത്ത സംഭവങ്ങൾ ഒരുപാടുണ്ട്. പക്ഷേ, സമയമില്ലാത്ത

(ശേഷം പേജ് 12ൽ)

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**‘തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുളളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.’**

**(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**‘ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.’**

**(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**(ബദ്ർ വാല്യം 7, ലക്കം 9, പേജ് 12, കോളം 12-ൽനിന്ന്)- 2015 ജൂൺ 05, വെള്ളിയാഴ്ച**

ദലൈലാമയുടെ പ്രതിനിധിയും പങ്കെടുത്തു. ഞാനും അവിടെ സംസാരിച്ചിരുന്നു. ഒരേ പ്ലാറ്റുഫോമിൽ എല്ലാവർക്കും അവസരം നല്കി. ഞങ്ങൾത്തന്നെയാണ് എല്ലാ സംവിധാനവും ഒരുക്കിയത്. ഒരു കൈയിൽ എല്ലാവരും ഐക്യപ്പെടാനും ലോകത്ത് സമാധാനം സ്ഥാപിതമാകാനും ഞങ്ങൾ മുമ്പേ മുതൽതന്നെ ശ്രമിക്കുന്നു.

ഒരു സംഘാംഗം: യുവതലമുറയെ കുറിച്ചുള്ള അങ്ങയുടെ ഏറ്റവും വലിയ ആശങ്ക എന്താണ്? അങ്ങ് അവർക്കുവേണ്ടി എന്താണ് ആഗ്രഹിക്കുന്നത്?

ഹുദൂർ: സ്വന്തം ദൈവത്തെ തിരിച്ചറിയണമെന്നാണ് യുവതലമുറകളിൽനിന്നും ഓരോ അഹ്മദിയിൽനിന്നും ഞാനാഗ്രഹിക്കുന്നത്. രണ്ടു കാര്യങ്ങൾ വളരെ അനിവാര്യമാണ്. ഇതു വിഷയകമായി വാഗ്ദത്ത മസീഹിന്റെ നിർദേശവുമുണ്ട്. ആ മഹാത്മാവ് പറയുന്നു: ഞാൻ രണ്ടു കാര്യങ്ങളുമായാണ് വന്നിട്ടുള്ളത്. ജനങ്ങളെ അവരുടെ സ്രഷ്ടാവുമായി അടുപ്പിക്കുക എന്നതാണ് അവയിലൊന്ന്. മനുഷ്യകുലത്തോടുള്ള കടമകൾ നിർവഹിക്കാനുള്ള വികാരം സൃഷ്ടിക്കലാണ് രണ്ടാമത്തേത്. ഈ രണ്ടു കാര്യങ്ങളും ഓരോരുത്തർക്കുമേലും നിർബന്ധമാണ്.

ഹുദൂർ: നമ്മുടെ യുവാക്കളും ഇതര മുസ്ലിമീങ്ങളെപ്പോലെ തീവ്രവാദികളാണെന്നതിൽ അസ്വസ്ഥനാണെന്ന ചോദ്യമാണ് താങ്കൾ ഉദ്ദേശി ക്കുന്നതെങ്കിൽ അത്തരം വിഢ്ഢിത്തപരമായ പ്രവർത്തനങ്ങളിൽനിന്ന് ഞങ്ങൾ പരിശുദ്ധരാണെന്നതിൽ നന്ദിയുണ്ട്.

ഒരു അതിഥി: മുസ്ലിം രാജ്യങ്ങളിലുള്ള സുരക്ഷിതരല്ലാത്ത ന്യൂനപക്ഷീയരായ ക്രൈസ്തവ വിഭാഗങ്ങളെ അഹ്മദികൾ സഹായിക്കാറുണ്ടോ.

ഹുദൂർ: അവർ സുരക്ഷിതരായിരിക്കണമെന്നാണ് ഇസ്ലാം പറയുന്നത്. നമ്മുടെ അറിവിൽ വരുന്നവരെ ഞങ്ങൾ സഹായിക്കുന്നു. റബ്വയിൽ 98 ശതമാനം ജനസംഖ്യയും അഹ്മദികളുടേതാണ്. ഞങ്ങൾ സ്വന്തം സ്ഥലത്തുനിന്ന് ക്രൈസ്തവർക്ക് ചർച്ച് ഉണ്ടാക്കാൻ സ്ഥലം നല്കിയിട്ടുണ്ട്. യഥാർഥ ഇസ്ലാമിക ഭരണം എങ്ങെനെയാണെന്ന് പറയാൻ സാധിക്കുന്ന ശക്തി ഇപ്പോൾ ഞങ്ങൾക്ക് മുസ്ലിം രാജ്യങ്ങളിലില്ല. ഒരു പരിധിവരെ ഞങ്ങൾ അവരെ സഹായിക്കുന്നുണ്ട്.

ഒരു സംഘാംഗം: ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് പഠിച്ചു വരുന്നു. പാത്ത്വേടു പീസ് (Pathway to peace) എന്ന ഗ്രന്ഥം വായിക്കുന്നു. ആ ഗ്രന്ഥത്തിന്റെ ഒടുവിൽ അങ്ങ് വിവിധ രാഷ്ട്ര നേതാക്കൾക്ക് അയച്ച കത്തുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങയ്ക്ക് അവരിൽനിന്ന് മറുപടി ലഭിച്ചിട്ടുണ്ടോ?

ഹുദൂർ: യുണൈറ്റഡ് സ്റ്റേറ്റ്സിൽനിന്നു ലഭിച്ചില്ല. പ്രസിഡന്റിന്റെ ഒരു അടുത്ത ഉപദേശകൻ മറുപടി നല്കാൻ വേണ്ടി പറയുമെന്ന് പറഞ്ഞിരുന്നു. എന്നിട്ടും മറുപടി ഒന്നും വന്നിട്ടില്ല. അവരുടെ ഏതോ ഓഫീസുണ്ട്. ഒരു പക്ഷേ, പെന്റഗണാകാം. ഈ കത്തിന് മറുപടി നല്കുന്നതിനെ അവർ തടഞ്ഞിട്ടുണ്ട്. മറുപടി നല്കിയാൽ പ്രതിസന്ധിയിലാകുമെന്ന് പറഞ്ഞിട്ടുണ്ട്. കാനഡ പ്രൈംമിനിസ്റ്റർ മറുപടി നല്കിയിരുന്നു. എങ്കിലും അത്ര യുക്തമായ മറുപടി ആയിരുന്നില്ല. യൂ.കെ പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ മാത്രം നല്ല മറുപടി അയച്ചിരുന്നു. അതിൽ യുക്തിസഹമായ കാര്യങ്ങൾ രേഖപ്പെടുത്തിയിരുന്നു. ജീ 8 ന്റെ മറുപടി ജീ 7 ആണെന്നും എഴുതിയിട്ടുണ്ട്. സ്വന്തം ന്യൂക്ലിയർ ആയുധങ്ങൾ കുറയ്ക്കുന്നതിനെ കുറിച്ച് ആഴത്തിൽ ചിന്തിച്ചു വരുന്നുവെന്നും 2020 ആകുമ്പോൾ വളരെ കുറയ്ക്കുമെന്നും എഴുതിയിരുന്നു. എന്തെങ്കിലും confidential കാര്യമായിരുന്നെങ്കിൽ ഞാനിത് പറയില്ലായിരുന്നു.

ക്രൊയേഷ്യൻ സംഘാംഗമായ യാസീപ്പാ(josipa) സ്വാഹിബ പറഞ്ഞു: ജർമൻ ജൽസാ സാലാനയ്ക്ക് വരുന്നതിന് മുമ്പേ ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ നേതാവിന്റെ ഗ്രന്ഥമായ WORLD CRISIS AND THE PATHWAY TO PEACE വായിച്ചിരുന്നു. കൂടാതെ 2014-ലും 2015-ലും നടന്ന പീസ് സിംപോസിയത്തിൽ നടന്ന ഖലീഫത്തുൽ മസീഹിന്റെ രണ്ടു പ്രഭാഷണങ്ങളും വായിക്കുകയും ചെയ്തിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ നിലവിലുള്ള നേതാവിന് ചില പ്രശ്നങ്ങളെ സംബന്ധിച്ച് കഠിനമായ നിലപാടായിരിക്കുമെന്നും പ്രകൃത്യാ കഠിന പ്രകൃതി കാണിക്കുമെന്നും ഞാൻ കരുതിയിരുന്നു. എന്നാൽ, ഞാൻ അഹ്മദിയ്യാ ജമാഅത്ത് ഇമാമുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ ഞാൻ താങ്കളെ തികച്ചും വ്യത്യസ്ത വ്യക്തിത്വമായിട്ടാണ് കണ്ടത്. അങ്ങ് വളരെയധികം സഹൃദയനും സരള മനസ്കനും സുസ്മേരവദനനും സല്പ്രകൃതിയുടെ ഉടമയുമാണെന്നാണ് വെളിപ്പെട്ടത്. അഭിമുഖം നടത്തുന്നവരോട് വളരെയധികം സന്തോഷവാനായാണ് അങ്ങ് സംസാരിക്കുന്നത്. തന്റെ വീക്ഷണങ്ങളെ വളരെ ഋജുവായും ചൊവ്വായ വാക്കുകളിലും സമർപ്പിക്കുന്നു. ഇത്രയധികം തെരക്കുകൾക്കിടയിലും പുലർത്തുന്ന സഹൃദയത്വവും സ്നേഹാനുകമ്പാവികാരവും വളരെയധികം സ്വാധീനം ഉളവാക്കുന്നതാണ്. ഖലീഫത്തുൽ മസീഹിന് ഏതോ അദൃശ്യശക്തിയുടെ സഹായം പ്രാപ്തമാണെന്നത് പ്രസ്പഷ്ടമാണ്.

ക്രൊയേഷ്യൻ സംഘത്തിലെ ഒരു അംഗമായ ബ്രൂണോ(Bruno)സാഹിബ് പറയുന്നു: 'ഞാൻ ജൽസാ സാലാനയുടെ വിവിധ സംവിധാനങ്ങളെ കുറിച്ച് വളരെ ആഴത്തിൽ വിലയിരുത്തി. ഇത്ര വലിയ സമ്മേളനം വിജയപ്രദമായി നടത്താൻ വളരെ നല്ല പ്ലാനിംഗ് നടത്തപ്പെട്ടു എന്നത് വ്യക്തമായ ദൃശ്യമാണ്. എല്ലാ പ്രവർത്തകരുടേയും സേവനാവേശവും വികാരവും സ്വാധീനം ഉളവാക്കുന്നതാണ്. ജൽസാ അവസരങ്ങളിൽ എവിടേയും പോലീസിനെ കണ്ടിട്ടില്ല. ശാന്തവും സമാധാനനിർഭരവും അച്ചടക്കപൂർണവുമായ നിലയിൽ അംഗങ്ങൾ പങ്കെടുത്ത ഇത്തരം അന്തരീക്ഷത്തിൽ യഥാർഥത്തിൽ പോലീസിന് ഒന്നും ചെയ്യാനില്ല.

ക്രൊയേഷ്യൻ സംഘത്തിന്റെ ഈ കൂടിക്കാഴ്ച 08.55 വരെ നീണ്ടുനിന്നു. ശേഷം സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യരായി. ഹുദൂർ അൻവർ അനുകമ്പയോടെ സംഘാംഗങ്ങൾക്ക് പേനകൾ നല്കി.

**ലിത്വാനിയ സംഘം ഹുസൂറിനെ കാണുന്നു**

ശേഷം ലിത്വാനിയ രാജ്യത്തുനിന്നു വന്ന 8 അംഗ സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. വിദ്യാർഥികൾ, പ്രൊഫസർമാർ, ഒരു കോളേജ് അഡ്മിനിസ്ട്രേറ്റർ, വക്കീൽ തുടങ്ങിയവർ ഈ സംഘത്തിലുണ്ടായിരുന്നു.

കൂടിക്കാഴ്ചയുടെ തുടക്കത്തിൽ സംഘാംഗങ്ങളും ക്രമത്തിൽ തങ്ങളെ ഹുദൂറിന് പരിചയപ്പെടുത്തി. ഖലീഫത്തുൽ മസീഹുമായി ഇന്ന് നടക്കുന്ന ഈ കൂടിക്കാഴ്ചയിൽ സന്തോഷം പ്രകടിപ്പിച്ചു.

ഒരു സംഘാംഗം ചോദിച്ചു: പ്രഭാഷണങ്ങൾ ഹുദൂർ സ്വയം എഴുതി തയ്യാറാക്കുകയാണോ?

ഹുദൂർ: എന്താണ് പറയേണ്ടതെന്ന് എനിക്ക് സ്വയം അറിയില്ല. ഇന്നത്തെ പ്രസംഗത്തെ കുറിച്ച് ഇന്നലെ ഞാൻ ചിന്തിച്ചിരുന്നു. പ്രഭാഷണങ്ങളും മറ്റും ഞാൻ സ്വയം തന്നെയാണ് തയ്യാറാക്കുന്നത്. ചില റഫറൻസുകൾക്കു വേണ്ടി സ്വന്തം ഓഫീസിന്റെ സഹായം തേടാറുണ്ട്. പ്രസംഗങ്ങളുടെ വിഷയങ്ങളും മറ്റും ഞാൻ സ്വയം തിരഞ്ഞെടുക്കുന്നു. അതിനുവേണ്ടി എനിക്ക് ഇന്ന ഇന്ന റഫറൻസുകൾ എടുത്ത് തരണമെന്ന് അവരെ അറിയിക്കും.

ഒരു സംഘാംഗം? ഇസ്ലാമിൽ പന്നി ഇറച്ചി എന്തു കൊണ്ടാണ് നിഷിദ്ധമാക്കപ്പെട്ടത്?

അപ്പോൾ ഹുദൂർ പറഞ്ഞു: പന്നി മാംസം ബൈബിളിലും നിഷിദ്ധമാണല്ലോ?

ഒരു സംഘാംഗം: ഹുദൂർ സ്വന്തം സമയത്തെ വിവിധപ്രവർത്തനങ്ങൾക്കായി എങ്ങനെയാണ് ക്ലിപ്തപ്പെടുത്തുന്നത്?

ഹുദൂർ: എനിക്കുതന്നെ അറിയില്ല. അല്ലാഹുവിന്റെ സായൂജ്യത്താൽത്തന്നെയാണ് എല്ലാ പ്രവൃത്തികളും നടക്കുന്നത്. ഖിലാഫത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തതിനുശേഷം എന്റെ പ്രവർത്തനമണ്ഡലത്തിൽ ഒരു യൂ ടേൺ ഉണ്ടായിരിക്കുന്നു. ഇത് എന്നിൽനിന്ന് എങ്ങനെ സംഭവിച്ചു എന്ന് എനിക്കറിയില്ല. എല്ലാ പ്രവൃത്തികളും ചെയ്തിരുന്നത് അല്ലാഹു തന്നെയായിരുന്നു.

ഒരു വനിത: ഇസ്ലാം 4 വിവാഹത്തിന് അനുമതി നല്കാൻ കാരണമെന്താണ്?

ഹുദൂർ: ചില നിബന്ധനകളോടെ മാത്രമാണ് 4-വരെ വിവാഹം കഴിക്കാനുള്ള അനുമതി നല്കിയിട്ടുള്ളത്. ഉദാഹരണമായി യുദ്ധങ്ങളുടെ സാഹചര്യങ്ങൾ മുന്നിൽവെച്ചു കൊണ്ടാകാം രണ്ടോ മൂന്നോ നാലോ വിവാഹത്തിനുള്ള അനുമതി വിശുദ്ധ ഖുർആൻ നല്കിയത്. ലോക മഹായുദ്ധങ്ങളുണ്ടായപ്പോൾ വളരെയധികം ആളുകൾ കൊല്ലപ്പെട്ടു. ഇവിടെ ജർമനിയിലും എണ്ണമറ്റ രീതിയിൽ പുരുഷന്മാർ കൊല്ലപ്പെട്ടു. ധാരാളം സ്ത്രീകൾ ശേഷിച്ചു. നാലു വിവാഹത്തിന്റെ അനുമതി ഉണ്ടായിരുന്നെങ്കിൽ ഈ സ്ത്രീകളുടെ വിവാഹം സാധ്യമാകുമായിരുന്നു.

ഹുദൂർ: ഇസ്ലാമിന് മുമ്പേയും ആളുകൾ ഒന്നിലധികം വിവാഹങ്ങൾ കഴിക്കാറുണ്ടായിരുന്നു. ധാരാളം ഭാര്യമാരുണ്ടായിരുന്നു. അവരിൽ ക്രിസ്ത്യാനികളും മതമില്ലാത്തവരും ബിംബാരാധകരും ഉൾപ്പെടുന്നു. ഇവർക്ക് ധാരാളം ഭാര്യമാരുണ്ടായിരുന്നു. 20 ഉം 30 ഉം ഉണ്ടായിരുന്നു. ഒരാൾ എത്ര വലിയ വ്യക്തിയാണോ അത്രയ

**ത്വാലിബെ ദുആ**

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**


**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM JAYGAM-WEST-BENGAL Phone: 97348 44732

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 30 March 2023 Issue-13

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ധികം ഭാര്യമാർ അവർക്കുണ്ടായിരുന്നു. എന്നല്ല, ആഫ്രിക്കയിൽ ഇപ്പോഴും ചില പ്രദേശങ്ങളിൽ ചീഫുമാർക്ക് ധാരാളം ഭാര്യമാരുണ്ട്. അഹ്മദി ആകുമ്പോൾ ഇനി എന്ത് ചെയ്യണമെന്ന് അവർ ചോദിക്കാറുണ്ട്. നാല് ഭാര്യമാരെ നിലനിറുത്തിക്കൊണ്ട് ബാക്കിയുള്ളവരെ ഏറ്റവും നല്ല രീതിയിൽ ഭാര്യാപദവികളിൽനിന്നു സ്വതന്ത്രരാക്കാറുണ്ട്. അതുകൊണ്ട് ഇസ്ലാം എണ്ണത്തെ പരിമിതമാക്കുകയാണ് ചെയ്തത്. കൂടാതെ ഇതിനോടൊപ്പം പല നിബന്ധനകളും വെച്ചു. നീതി പുലർത്തുക. ഇത് ഏറ്റവും വലിയ നിബന്ധനയാണ്. ഓരോ ഭാര്യയോടും നീതി കാണിക്കുക. ഒരു ഭാര്യയേയും ഉപേക്ഷിക്കപ്പെട്ട രീതിയിൽ വിടാൻ അനുവാദമില്ല.

ചോദ്യകർത്താവായ വനിത: എന്തുകൊണ്ട് 4 തന്നെ വെച്ചു. 5 എന്തു കൊണ്ട് വെച്ചില്ല?

ഹുദൂർ: 5 വെച്ചിരുന്നെങ്കിൽ 5 എന്തു കൊണ്ടാണെന്നും 6 എന്തുകൊണ്ട് വെച്ചില്ലെന്നും നിങ്ങൾ ചോദിക്കുമായിരുന്നു. യുദ്ധാവസ്ഥകൾ കൂടാതെയും കാര്യങ്ങളുണ്ടാകാം. ആദ്യഭാര്യയിൽ മക്കളില്ലാതിരിക്കുക. പുരുഷന് കുട്ടി വേണമെന്ന ആഗ്രഹം ഉണ്ടെങ്കിൽ മറ്റൊരു വിവാഹം കഴിക്കാവുന്നതാണ്. ചില സ്ത്രീകൾ രോഗികളാകാം. ഈ രൂപത്തിലും പുരുഷന്മാർക്ക് മറ്റൊരു വിവാഹം കഴിക്കാവുന്നതാണ്. ഇതു കൂടാതെയും ആവശ്യങ്ങൾ വരാം. ചില പുരുഷന്മാർക്ക് ഒരു ഭാര്യയെ കൊണ്ട് ജീവിതം നയിക്കുന്നതിന് പ്രയാസം അനുഭവപ്പെടാം. അത്തരം പുരുഷന്മാർ മറ്റിടങ്ങളിൽ പോയി തിന്മകളിൽ അകപ്പെടുന്നതിനു പകരം രണ്ടാമത്തെ വിവാഹം കഴിക്കുന്നതാണ് ഉത്തമം.

വീട്ടിൽ പരിശുദ്ധമായ അന്തരീക്ഷം സൃഷ്ടിക്കൽ അനിവാര്യമാണ്. പുരുഷന്മാർക്ക് ജീവിതം നയിക്കാൻ പ്രയാസം തോന്നുകയാണെങ്കിൽ സാമൂഹികാന്തരീക്ഷം പരിശുദ്ധമായി നിലനിറുത്താൻ രണ്ടാമതൊരു വിവാഹം കഴിക്കുന്നതാണ് ഉത്തമം. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പറഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ കടമകൾ എന്തൊക്കെയാണെന്ന് പുരുഷന്മാർ അറിയുകയും അത് നിർവഹിക്കാതിരിക്കുന്നത് എത്ര വലിയ പാപമാണെന്ന് ബോധവാന്മാരാവുകയുമാണെങ്കിൽ ഒരു പക്ഷേ പുരുഷന്മാർ ഒരു വിവാഹവും കഴിക്കില്ല. എന്നിട്ടല്ലേ രണ്ടും മൂന്നും കഴിക്കുക.

പ്രകൃതിയുടേയും യാഥാർഥ്യത്തിന്റേയും സമീപത്ത് ഇസ്ലാം മനുഷ്യരെ കൊണ്ടുവരുന്നു. ഇവിടെ നടക്കുന്ന 65, 75 ശതമാനം വിവാഹമോചനങ്ങളും സംഭവിക്കുന്നതിന്റെ പിന്നിലെ കാരണം ഇതു തന്നെയാണ്. ഒരു സവിശേഷ കാലഘട്ടത്തിനുശേഷം പുരുഷനും സ്ത്രീക്കും ഇടയിൽ വിശ്വാസത്തിൽ കുറവു വരുന്നു. നിസ്സംശയം നിങ്ങൾ നോക്കുക, പുരുഷന്മാർ എവിടെയെങ്കിലും ബന്ധം സൃഷ്ടിക്കുന്നു. ഒരുപക്ഷേ, അത് ചിലയിടങ്ങളിൽ സ്ത്രീകളും ആകും. എന്നാൽ, പൊതുവേ പുരുഷന്മാരുടെ മേൽത്തന്നെ ഇതേ ആക്ഷേപം ഉന്നയിക്കപ്പെടുന്നു. തുടർന്ന് സ്ത്രീകൾ ഇക്കാരണംകൊണ്ട് വിവാഹ മോചനം ആവശ്യപ്പെടുന്നു. പ്രകൃതിക്ക് ഒരു നിയമവ്യവസ്ഥിതിയുണ്ട്. അതനുസരിച്ച് നടക്കാതെ വരുമ്പോൾ ഈ തിന്മകൾ ഉടലെടുക്കുന്നു. അതുകൊണ്ട് പ്രസ്തുത തിന്മകളെ തടുക്കുന്നതിന് വിവാഹങ്ങൾ കഴിക്കാനാണ് ഇസ്ലാം പറയുന്നത്. പരസ്പരവിശ്വാസത്തെ ഇല്ലാതാക്കുന്നതിനു പകരം ആദ്യഭാര്യയെ വിശ്വാസത്തിലെടുക്കുക. തന്റെ ആവശ്യങ്ങൾ പൂർത്തിയാക്കാൻ രണ്ടാം വിവാഹം കഴിക്കുക. അല്ലെങ്കിൽ സ്വന്തം ഭാര്യയുടെ വിശ്വാസം ഇല്ലാതാക്കുന്നതിനും മ്ലേച്ഛമായ പ്രവർത്തികളിൽ പെടുന്നതിനും പകരം മൂന്നാം വിവാഹം കഴിക്കുക.

ആദ്യഭാര്യയുടെ വിശ്വാസം ഇല്ലാതാക്കാതെയും മോശമായ കാര്യങ്ങളിൽപെടുന്നതിനും പകരം രണ്ടാം വിവാഹം കഴിക്കുന്നതാണ് ഉത്തമം. തദ്വാര, ആദ്യ ഭാര്യയുടെ വിശ്വാസം നിലനിറുത്താൻ കഴിയും.

ചോദ്യകർത്താവ്: ഇത്തരത്തിലുള്ള രോഗങ്ങൾ പുരുഷന്മാർക്കുണ്ടെങ്കിൽ സ്ത്രീ എന്താണ് ചെയ്യുക?

ഹുദൂർ: പുരുഷനിലെന്തെങ്കിലും രോഗമുണ്ടെങ്കിൽ സ്ത്രീക്ക് ഖുലാ വാങ്ങാവുന്നതാണ്. (സ്ത്രീയുടെ ഭാഗത്തു നിന്നു വാങ്ങുന്ന വിവാഹ മോചനത്തിന് ഇസ്ലാമിക ശരീഅത്തിൽ പറയപ്പെടുന്ന പേരാണ് ഖുലാ). വിവാഹമോചനം നടത്തുക. കൂടാതെ പുരുഷൻ രണ്ടാം വിവാഹം കഴിക്കുന്നത് ഭാര്യ ആഗ്രഹിക്കുന്നില്ലെങ്കിൽ സ്ത്രീക്ക് ഖുലാ വാങ്ങാവുന്നതാണ്. പുരുഷന് വിവാഹമോചനം നടത്താൻ അവകാശമുണ്ടെങ്കിൽ സ്ത്രീ അത്തരം സാഹചര്യത്തിൽ അസന്തുഷ്ടയാണെങ്കിൽ ഖുലാ വാങ്ങുന്നതിനും അവകാശമുണ്ട്. അങ്ങനെ ഭർത്താവിൽനിന്നു വേർപെടാവുന്നതാണ്. ഈ രൂപത്തിൽ പുരുഷൻ ഭാര്യയെ എല്ലാ അവകാശങ്ങളും നല്കിയാണ് അയക്കേണ്ടത്. ആ ഭാര്യയിൽ കുട്ടികളുണ്ടെങ്കിൽ എല്ലാ കടമകളും ശരീഅത്ത് പറയുന്നതനുസരിച്ച് പുരുഷൻ നിറവേറ്റേണ്ടതാണ്.

മറ്റൊരു ചോദ്യത്തിന് മറുപടി നല്കിക്കൊണ്ട് ഹുദൂർ പറയുന്നു: ലോകത്ത് ഒരു ഗോത്രം ഇങ്ങനേയുമുണ്ട്. അവിടെ സ്ത്രീകൾക്ക് ഒന്നിൽ കൂടുതൽ പുരുഷന്മാരെ വിവാഹം കഴിക്കാവുന്നതാണ്. തലമുറകളോളം ഇങ്ങനെ പോകുന്നു. എന്നാൽ, കുട്ടി ആരുടേതാണെന്ന് പറയാൻ സാധിക്കില്ല. പൊതുവെ, ഓരോ സമൂഹത്തിലും പുരുഷനിൽനിന്നുമാണ് തലമുറകൾ ഉണ്ടാകുന്നത്. അതുകൊണ്ട് പുരുഷന്മാർക്ക് 4 വിവാഹം കഴിക്കാൻ സാധിക്കും. പുരുഷന്മാരുടെ ആവശ്യങ്ങൾ സ്ത്രീകളുടേതിനേക്കാൾ അധികമാണ്. അതുകൊണ്ട് കൂടിയും പുരുഷന് അനുവാദം നല്കപ്പെട്ടു. എന്നാൽ, സ്ത്രീ ഒന്നിൽ കൂടുതൽ വിവാഹം കഴിച്ചാൽ ആരുടെ തലമുറയാണ് നിലനില്ക്കുക.

**പ്രതികരണങ്ങൾ**

ഈ കൂടിക്കാഴ്ചക്കുശേഷം സംഘാംഗങ്ങൾ തങ്ങളുടെ പ്രതികരണങ്ങളും വെളിപ്പെടുത്തി.

ലിത്വാനിയായിൽനിന്നു വന്ന ഒരു വക്കീൽ മിസ്റ്റർ സരുണാസ് (Mr.Sarunas)പറയുന്നു: ഇവിടെ നടന്ന നിങ്ങളുടെ ജൽസയിൽ പങ്കെടുത്തതുകൊണ്ട് എനിക്ക് വളരെ നല്ല അനുഭവമുണ്ടായി. നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ടു. ഇസ്ലാമിനെ സംബന്ധിച്ചുള്ള എന്റെ പുതിയൊരു അനുഭവമാണ് ഇത്. ഇസ്ലാമിന്റെ യതാർഥ അധ്യാപനത്തെ കുറിച്ചുള്ള അറിവ് ഇവിടെ നിന്ന് എനിക്ക് ലഭിച്ചു. എനിക്ക് നിങ്ങളോട് കടപ്പാടുണ്ട്. ഒരു വക്കീൽ എന്ന നിലയിൽ ഇനി ഞാൻ ലിത്വാനിയയിൽ താങ്കളുടെ ജമാഅത്തിന്റെ പ്രവർത്തനങ്ങളെ നിയമപരമായി പൂർണമായും സഹായിക്കുന്നതാണ്. നിങ്ങളോടൊപ്പം ഉണ്ടായിരിക്കും.

ഒരു യൂണിവേഴ്സിറ്റിയിലെ വിദ്യാർഥി മിസ്റ്റർ ആർതർ (Mr.Artur) പറയുന്നു: നിങ്ങൾ കാരണത്താൽത്തന്നെ എനിക്ക് ഇസ്ലാമിന്റെ യാഥാർഥ്യം മനസ്സിലായി. ഇവിടെ വന്ന് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചപ്പോൾ തീവ്രവാദം ഏതാനും ചില വ്യക്തികൾ മാത്രം നടത്തുന്ന കൃത്യമാണെന്ന് ഊഹിക്കാൻ കഴിയുന്നു. ഇതിന് ഇസ്ലാമുമായി ഒരു ബന്ധവുമില്ല. അഹ്മദികൾ അതിഥികൾക്ക് തങ്ങളെക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾപോലും ശ്രദ്ധിക്കുന്നു.

ഒരു വിദ്യാർഥി മിസ്റ്റർ എഡ്ഗ്രാസ്(Mr.Edgaras) പറയുന്നു: ഇവിടെ വരുന്നതിനുമുമ്പേ എന്റെ മനസ്സിൽ ഇലക്ട്രോണിക് മീഡിയ മുഖേന ഇസ്ലാമിനെ സംബന്ധിച്ച് വളരെയധികം തെറ്റായ കാര്യങ്ങളാണുണ്ടായിരുന്നത്. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ കേട്ടിട്ട് ജൽസാ പ്രോഗ്രാം ദർശിച്ചിട്ട് എല്ലാം വ്യത്യസ്തമായി തോന്നി. ജനങ്ങളുടെ രീതി വളരെ ആവേശജനകമായിരുന്നു. ഇന്ന് യഥാർഥ ഇസ്ലാമിനെ നിങ്ങളുടെ രൂപത്തിൽ ഞാന് കാണുന്നു.

ഒരു വിദ്യാർഥിനി മിസ് വിക്ടോറിജ(Miss Vitorija) തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: ഇവിടെ വന്ന് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം കേട്ടപ്പോൾ യഥാർഥ ഇസ്ലാമിനെ തിരിച്ചറിഞ്ഞു. ഇസ്ലാമിനെ സംബന്ധിച്ചുള്ള നമ്മുടെ അഭിപ്രായങ്ങൾ മാറിക്കഴിഞ്ഞു. ഇസ്ലാം ഒരു ശാന്തിപൂരിത മതമാണ്. അഹ്മദി സമൂഹം ഏക സമൂഹമായി ദൃശ്യമാകുന്നു. ജൽസകൾക്ക് മുമ്പേ എനിക്ക് ഇസ്ലാമിനെ കുറിച്ച് അറിയില്ലായിരുന്നു. എന്നാൽ, ഇന്ന് സ്വയം പങ്കെടുത്ത് വളരെയധികം കാര്യങ്ങൾ നേരിൽ കണ്ടു. നിങ്ങൾ വളരെയധികം ബന്ധം നിലനിറുത്തുന്നവരാണ്. **(തുടരും)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**(പേജ് 10ൽനിന്ന്)**

തിനാൽ കുറച്ചു മാത്രമാണ് സമർപിച്ചത്. അതും ചുരുക്കമാണ് പറഞ്ഞത്. അതും മുഴുവൻ കാര്യങ്ങളും എഴുതിയിട്ടുമില്ല.

ഏതെല്ലാം കാര്യങ്ങളാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രവചനത്തിൽ പറഞ്ഞത് അല്ലെങ്കിൽ പറയേണ്ടിയിരുന്നത് അതെല്ലാം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിൽ, മുസ്‌ലിഹ് മൗഊദിൽ പൂർത്തിയായിരിക്കുന്നുവെന്ന് അല്ലാഹു അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹത്തിന് അല്ലാഹു നല്കിയ അറിവിനേയും വിജ്ഞാനത്തേയും നേരിടാൻ ഏറ്റവും വലിയ പണ്ഡിതനുപോലും സാധിക്കുകയില്ല. അദ്ദേഹം നല്കിയിട്ടുള്ള സാഹിത്യങ്ങൾ ജമാഅത്തിന്റെ ഒരു ഖജനാവാണ്. അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ഖുത്ബകളും ലേഖനങ്ങളും ഭൂരിഭാഗവും പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കുറച്ചു പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. അവ നമ്മൾ വായിക്കേണ്ടതാണ്. ഇപ്പോൾ തർജമയുടെ ജോലിയും വേഗം നടന്നു വരുന്നുണ്ട്. ഇൻശാ അല്ലാഹ് എത്രയും വേഗം അതും ലഭ്യമാക്കുന്നതാണ്. ഇംഗ്ലീഷിൽ ഒരുപാടു ജോലി ചെയ്തു കഴിഞ്ഞു. ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം ചെറിയ ചെറിയ ചില ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നാണ്.

അല്ലാഹു നമുക്ക് ഈ അറിവിൽനിന്നും ഈശ്വരീയജ്ഞാനത്തിൽനിന്നും ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin